● വാർഷിക വരിസംഖ്യ: ₹ 80

# മലബാർ വിഷൻ

താമരശ്ശേരി രൂപതാ മുഖപത്രം

● 2022 ● ജൂലൈ - ആഗസ്റ്റ് ● പുസ്തകം: 05 ● ലക്കം: 04 ● RNI Regn No: KERMAL/2017/73545

## മലയോരത്തിന്റെ കായികപ്പെരുമ

# നൂറുമേനി

**തോൽക്കാം, പങ്കെടുക്കാൻ പറ്റാതെവരാം. അപ്പോഴൊക്കെ അടുത്ത സീസണിലെ സാധ്യതകൾമാത്രം മനസിൽവച്ച് കൃഷിക്കാരെ പോലെ നിരന്തരം പരിശീലനത്തിൽ അവർ ഏർപ്പെടുന്നു. ശുഭപ്രതീക്ഷയോടെയുള്ള നിരന്തര പരിശ്രമമാണ് ഈ രണ്ട് മേഖലകളിലും ദർശിക്കാനാകുന്നത്.**



ഡോ. പി. എം. ആന്റണി*

കാർഷികസംസ്ക്കാരത്തിന്റെ ഈറ്റില്ലമായ മധ്യതിരുവിതാംകൂറിൽ നിന്ന് കിഴക്കോട്ടും വടക്കോട്ടും കുടിയേറിയ ക്രിസ്ത്യാനികൾ കൃഷിയോഗ്യമായ സ്ഥലങ്ങളിലേക്കുതന്നെയാണ് വന്നത്. അവരുടെ രണ്ടാം തലമുറ കൃഷിയുടെ ആദർശത്തെ മുറുകെപ്പിടിച്ച് പള്ളിയും, പള്ളിക്കൂടവും വഴി കായികരംഗത്തേക്ക് നടകൊണ്ടു. പ്രകൃതിയോട് മല്ലടിച്ച അവർക്ക് ശാരീരികക്ഷമത വേണ്ടുവോളമുണ്ടായിരുന്നു. രാവിലെ എഴുന്നേറ്റ് വെള്ളം കോരി വീട്ടിലെത്തിച്ച്, ആടുമാടുകളെ പറമ്പിൽ കെട്ടി, കുളിച്ച് പുസ്തകവും ചോറ്റുപാത്രവുമെടുത്ത് മൈലുകളോളം നടന്ന് സ്കൂളിൽ പോകുന്ന അവർ വൈകിട്ട് തിരിച്ച് വീട്ടിലെത്തി, ആടുമാടുകൾക്ക് വെള്ളം കൊടുത്ത്, തൊട്ടടുത്ത കളിസ്ഥലത്തേക്ക് പോയി കളിച്ചുവന്ന് കുളിച്ച് പ്രാർത്ഥന ചൊല്ലി ഉറങ്ങുന്ന ദിനചര്യ, ഞാനതിനു സാക്ഷിയാണ്. അതായിരുന്നു അവരുടെ ആരോഗ്യത്തിന്റെയും, നിശ്ചയദാർഢ്യത്തിന്റെയും മാനസിക ശക്തിയുടെയും അടിത്തറ. കർമ്മകുശലമായ ജീവിതചര്യ. അവിടെ ജയപരാജയങ്ങളെപ്പറ്റി ആശങ്കയില്ല. നിരന്തരമായ ശ്രമം, അതിലായിരുന്നു അവരുടെ ശ്രദ്ധയും ഉത്സുകതയും. ഈ തലമുറയിലെ കിരീടവാഹകരാണ് പേരാവൂരുള്ള ജിമ്മി ജോർജ്ജ് കുടുംബം.

കുടിയേറ്റ ക്രിസ്ത്യാനികളെ സ്നേഹത്തിന്റെ വഴിയിലൂടെ നയിച്ചത് അന്നത്തെ ക്രൈസ്തവ പുരോഹിതരായിരുന്നു. അവർ തുറന്നുവച്ച വഴിയിലൂടെയാണ് കായിക കേരളത്തിന് ക്രിസ്ത്യാനി ടച്ച് ഉണ്ടായതും, അതിലൂടെ മേൽക്കോയ്മ നേടിയതും. ഞാനൊരു വർഗ്ഗീയ വിഭാഗീയതയിലേക്കല്ല പോകുന്നത്. ടിന്റു ലൂക്ക, പി. യു. റോബിൻ, ടിന്റു എബ്രഹാം മുതലായവർ 17–ാം ഏഷ്യൻ ഗെയിംസിലെ ജേതാക്കളാണ്. എന്തിനേറെ കായിക മത്സരങ്ങളുടെ ശിഷ്ടസ്ഥാനത്തു നിൽക്കുന്ന അത്‌ലക്റ്റിസിലെ സമുന്നത സ്ഥാനത്തു വിരാജിക്കുന്നവരിൽ– ബീന അഗസ്റ്റിൻ, എം. ഡി. വത്സമ്മ, ലേഖാ തോമസ്, അനു മറിയം ജോസ്, ആൻസി ജോസഫ്, മയൂഖ ജോണി, നോഹ് നിർമ്മൽ ടോം, ജിസ്ന മാത്യു എന്നിവരെ മറക്കാനാകുമോ? മറ്റു കായിക മേഖലകളിൽ തിളങ്ങിയ താരനിരയിൽ– പ്രേംനാഥ് ഫിലിപ്പ്, പി. ജോസഫ്, മാത്യു വർഗീസ്, ജിമ്മി കുടുംബം, എൻ. സി. ചാക്കോ, ടോം ജോസ്, സാലി ജോസഫ്, ജെസി എബ്രഹാം, ബെറ്റ്സി, ലീലാമ്മ തോമസ്, അമ്പിളി തോമസ്, സ്റ്റെഫി നിക്സൺ, ജലി ജോസ്, എലിസബത്ത്, സൂസൻ ഫിലിപ്പ്, ആശ, റീത്ത, മയൂഖ, റേച്ചൽ ഫിലിപ്പ്, ബോബിറ്റ് മാത്യു, സണ്ണി തോമസ്, ജോൺസൺ സേവ്യർ, ഷർമിള ഉലഹന്നാൻ തുടങ്ങിയ ഒട്ടേറെ പേർ നമ്മുടെ സമുദായത്തിൽ നിന്നു വന്നവരാണ്.

മറ്റുള്ളവരാകട്ടെ ക്രിസ്ത്യൻ മാനേജുമെന്റുകളുടെ സൗകര്യങ്ങളെ ഉപകാരപ്പെടുത്തി വളർന്നവരെന്ന് പറയാതിരിക്കാനാവുന്നില്ല. കാരണം വിഭാഗീയത കായിക വേദികളിലില്ലല്ലോ! അപ്പോൾ കുടിയേറ്റത്തിന്റെ തുടക്കത്തിൽ തന്നെ സ്വയമേവ തിരിച്ചറിഞ്ഞ ക്രിസ്ത്യൻ മിഷൻ, ക്രൈസ്തവ– അക്രൈസ്തവ ഭേദമില്ലാതെ സർവരേയും പ്രോത്സാഹിപ്പിച്ചിരുന്നു എന്നതാണ് സത്യം. നമ്മുടെ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം ഉപയോഗപ്പെടുത്തി മികവുറ്റവരെ വാർത്തടുത്തവരാണ് ഇവിടുത്തെ ക്ലബുകളിൽ ഭൂരിഭാഗവും.

മലബാറിനെ സംബന്ധിച്ചിടത്തോളം കണ്ണൂർ ജില്ലയിലേയും കോഴിക്കോട് ജില്ലയിലെ പ്രത്യേകിച്ച് കല്ലാനോട്, ചക്കിട്ടപാറ, കോടഞ്ചേരി, പുല്ലൂരാംപാറ തുടങ്ങിയ സ്ഥലങ്ങളിലെ ക്രൈസ്തവ സ്കൂളുകളെ മറക്കാനാവില്ല. കോളജ്തലത്തിലേക്കു വരുമ്പോൾ സെന്റ് ജോസഫ്സ് ദേവഗിരി, പ്രൊവിഡൻസ് കോളജ് എന്നിവ ചിരസ്മരണീയമായി നിൽക്കുന്നു.

ജിമ്മി കുടുംബം മുഴുവനും ദേവഗിരിയിലൂടെ ഉന്നതങ്ങളിലേക്ക് ഉയർന്നവരാണ്. ദേശീയ തലത്തിൽ മികവുറ്റ പ്രകടനങ്ങൾ കാഴ്ചവച്ച ലൂക്കോസ് മാത്യു, ടോം ജോസഫ്, പി. ജെ. മാനുവൽ, അഗസ്റ്റസ്, ഷിനിൽ കുര്യാക്കോസ്, ജോർജ് കുഞ്ചെറിയാ, ജോസ് സക്കറിയാസ്, കെ.ജെ ചാക്കോ, മാനുവൽ, ജോർജ്ജ് തോമസ്, എം ഡി വർഗ്ഗീസ്, കെ. എം. ജോസഫ്, ബേബി, കെ. ആന്റണി, ദേവസ്യ തുടങ്ങിയവരെ കാണാതിരിക്കാനാവില്ല.

*നാലാം പേജിൽ തുടരും* ▸




**സ്പോർട്സ് സ്പെഷ്യൽ**

**(ലേഖകൻ ദേവഗിരി കോളജ് മുൻ അധ്യാപകൻ. ഇന്റർ വാഴ്സിറ്റി ലോങ് ജംപ്, ട്രിപ്പിൾ ജംപ് ചാമ്പ്യൻ. വെറ്ററൻസ് മത്സരങ്ങളിൽ ഇപ്പോഴും സജീവമായി പങ്കെടുക്കുന്നു.)*

## എഡിറ്റോറിയൽ

● പുസ്തകം: 5 ● ലക്കം: 4

# നിലതെറ്റുന്ന നിലപാടുകൾ

കുറച്ചു ദിവസങ്ങളായി നമ്മുടെ രാജ്യത്ത് ചർച്ച ചെയ്യപ്പെടുന്ന പേരാണ് നുപൂർ ശർമ്മയുടേത്. ഒരു പാർട്ടി വക്താവായിരുന്നു കൊണ്ട് അവർ നടത്തിയ ഒരു പ്രസ്താവന വല്ലാത്ത പ്രതികരണങ്ങളാണ് സമൂഹത്തിൽ ഉണ്ടാക്കിയത്. അതിനാലാണ് രാജ്യത്തു വലിയ സംഘർഷത്തിന് ഇടയാക്കിയ പ്രസ്താവന പിൻവലിച്ചു നിരുപാധികം മാപ്പു പറഞ്ഞേ മതിയാകൂ എന്ന് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസ് ജെ. ബി. പർദിവാല എന്നിവർ ഉൾപ്പെട്ട അവധിക്കാല ബെഞ്ച് നുപൂർ ശർമ്മയോട് ആവശ്യപ്പെട്ടത്. ഇത്രയും കോലാഹലങ്ങൾക്ക് തിരി തെളിഞ്ഞത് എവിടെ നിന്നാണ്?

ഒരു ചാനൽ ചർച്ചയിലാണ് പ്രവാചകനിന്ദ എന്ന് ആരോപിക്കപ്പെടുന്ന പ്രസ്താവന രാജ്യം ഭരിക്കുന്ന പാർട്ടിയുടെ വക്താവായ നുപൂർ ശർമ നടത്തിയത്. ആ പ്രസ്താവനയെ സോഷ്യൽ മീഡിയ വഴി പിന്തുണച്ചു എന്നതിന്റെ പേരിലാണ് ഉദയ്പൂരിൽ കനയ്യ ലാൽ എന്ന തയ്യൽ തൊഴിലാളിയെ ഇസ്ലാം വിശ്വാസികളായ രണ്ടു പേർ കഴുത്തറുത്ത് കൊന്നതും ആ കൊലപാതക ദൃശ്യം ഐഎസ് ഭീകര സംഘടനയുടെ ശൈലിയിൽ സോഷ്യൽ മീഡിയ വഴി ലോകത്തെ അറിയിച്ചു വീര പരിവേഷത്തിന് ശ്രമിച്ചതും. പ്രവാചക നിന്ദയെ ന്യായീകരിക്കാനാവില്ല, എന്നാൽ അതിന്റെ പേരിൽ നടന്ന കുരുതിയെ എന്ത് പേരിട്ട് വിളിക്കണം? ഒരു മനുഷ്യനെയും അവന്റെ കുടുംബത്തിന്റെ സ്വപ്നങ്ങളെയും ഇല്ലാതാക്കിയപ്പോൾ, ആ കൊലപാതകത്തിന്റെ പേരിൽ പലയിടങ്ങളിലും അക്രമങ്ങൾ അരങ്ങേറിയപ്പോൾ പ്രവാചക നിന്ദയ്ക്ക് പരിഹാരമായോ?

നുപൂർ ശർമ്മയുടെ പ്രസ്താവനയെ സുപ്രീം കോടതി വിമർശിച്ചത് സ്വാഗതാർഹമാണ്. എന്നാൽ വിഷലിപ്തമായ വർഗ്ഗീയ വിദ്വേഷ പ്രവർത്തികളും ധ്രുവീകരണവും അടുത്ത കാലത്തായി വർധിച്ചു വരുന്നതിനെതിരെ ഭരണകൂടവും കോടതിയും പാലിക്കുന്ന നിശബ്ദത അവസാനിപ്പിച്ചേ മതിയാകൂ. വർഗ്ഗീയതയുടേയോ വ്യക്തി വിദ്വേഷത്തിന്റെയോ അടിസ്ഥാനത്തിലായാലും തീവ്രവാദത്തിനും അക്രമത്തിനും നമ്മുടെ നാട്ടിൽ സ്ഥാനമില്ലായെന്ന് പ്രഖ്യാപിക്കണം. മതവികാരം വ്രണപ്പെട്ടു എന്നതിന്റെ പേരിലുള്ള അക്രമങ്ങൾക്കെതിരെ മതനേതാക്കളും സമുദായങ്ങളും നിലപാടെടുക്കണം. ആരാധനാ സ്വാതന്ത്ര്യവും അഭിപ്രായ സ്വാതന്ത്ര്യവും മൗലിക അവകാശമായി നിലനിൽക്കുന്ന നമ്മുടെ നാട്ടിൽ മറ്റു മതങ്ങളുടെ ആരാധനാശൈലികളെയോ വിശ്വാസസംഹിതകളേയോ അപമാനിക്കുന്നതും അത്തരം സംഭവങ്ങൾക്കെതിരെ മനുഷ്യക്കുരുതി നടത്തി പ്രതികരിക്കുന്നതും അപമാനമാണ്.

# ജനദ്രോഹപരമാകരുത് നിയമങ്ങൾ



## ഇടയശബ്ദം

മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ജനങ്ങളുടെ പട്ടിണി മാറ്റാൻ അന്നത്തെ ഭരണ സംവിധാനങ്ങളുടെ നിർദ്ദേശാനുസരണം കേരളത്തിലെ വിവിധ മലയോര മേഖലകളിലേക്ക് കുടിയേറുകയും കേരള സംസ്ഥാന രൂപീകരണ സമയത്ത് ഇന്നത്തെ പല ജില്ലകളും കേരളത്തിന്റെ ഭാഗമാകുവാൻ കാരണമായിത്തീരുകയും ചെയ്ത ജനതയാണ് നമ്മൾ. ഈ ഐതിഹാസികമായ കുടിയേറ്റത്തിന്റെ പിൻതലമുറയെ കയ്യേറ്റക്കാരായി ചിത്രീകരിക്കുകയും കുടിയിറക്കാൻ ശ്രമിക്കുകയും ചെയ്യുന്ന പരിസ്ഥിതി സംരക്ഷണത്തിന്റെ മറവിലുള്ള പരിസ്ഥിതി ഭീകരവാദത്തെ ചെറുത്തു തോൽപ്പിക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്. ഭക്ഷ്യവിളകളും നാണ്യവിളകളും ഉൽപാദിപ്പിച്ച് നാടിന് അന്നവും ധനവും നേടിത്തന്ന കർഷകരിന്ന് നിക്ഷിപ്ത താൽപര്യക്കാരാൽ വേട്ടയാടപ്പെടുന്നു. ഇഎസ്എ, ഇഎസ്ഇസഡ് തുടങ്ങിയ പരിസ്ഥിതി സംവേദന മേഖലകളുടെ പേരുപറഞ്ഞ് കസ്തൂരിരംഗൻ റിപ്പോർട്ടിന്റെയും വന്യജീവി സങ്കേതങ്ങളുടെയും മറവിൽ കുടിയിറക്കപ്പെടാൻ ശ്രമം നടന്നുവരികയാണ്. ഇതിനെ നമ്മൾ ഒരുമിച്ച് നിന്ന് ശക്തമായി അതിജീവിക്കണം.

2022 ജൂൺ 3-ന്റെ സുപ്രീം കോടതി ESZ വിധി ഭരണസംവിധാനങ്ങളുടെ വീഴ്ചയുടെ അനന്തരഫലമാണ്. ഒരു കിലോമീറ്റർ ജനവാസ കേന്ദ്രങ്ങളിൽ ബഫർ സോണിന് ജൂൺ 3 മുതൽ നിയമപ്രാബല്യം കൊടുത്തുകൊണ്ടുള്ള ഈ വിധി മാറ്റിയെടുക്കുവാൻ സർക്കാർ സത്വര നടപടികൾ സ്വീകരിച്ചില്ലെങ്കിൽ വഴിയാധാരമാകുന്നത് ഇവിടുത്തെ ലക്ഷക്കണക്കിന് സാധാരണക്കാരായ കർഷകരും മറ്റു ജനവിഭാഗങ്ങളുമാണ്. കേരളത്തിലെ മിക്ക വന്യജീവി സങ്കേതങ്ങളുടെയും അതിർത്തി ഇതുവരെ കൃത്യമായി നിർണയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല എന്നിരിക്കെ അത്തരം വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റുമാണ് ഒരു കിലോമീറ്റർ വായുദൂരം ബഫർ സോണായി നിലവിലുള്ള വനാതിർത്തിയിൽ നിന്ന് പ്രഖ്യാപിച്ചിട്ടുള്ളത്. വീടുവയ്ക്കാനും, കിണർ കുഴിക്കാനും, അധികമുള്ള കാർഷികോൽപന്നങ്ങൾ വിറ്റഴിക്കാനും കഴിയാത്ത വിധത്തിലുള്ള നിയന്ത്രണങ്ങളും നിരോധനങ്ങളും ഏർപ്പെടുത്തിക്കൊണ്ട് കർഷകന്റെ ഉപജീവിനത്തെ വഴിമുട്ടിക്കുന്ന കരിനിയമങ്ങൾ ഉന്മൂലനം ചെയ്യാൻ സർക്കാറുകൾ സത്വര നടപടികൾ സ്വീകരിക്കണം.

സംസ്ഥാന സർക്കാരിന്റെ 2019 ഒക്ടോബർ 23- ലെ മന്ത്രിസഭാ തീരുമാനം പിൻവലിച്ച് ജനവാസ കേന്ദ്രങ്ങളിൽ സീറോ ബഫർ സോൺ നിയമം നിർമിക്കണം. വന്യജീവി സങ്കേതങ്ങളുടെ അതിർത്തി കൃത്യമായി നിശ്ചയിച്ച് അവ ഉൾപ്പെടുന്ന ഫോറസ്റ്റിനുള്ളിൽ തന്നെ ബഫർ സോൺ ഒതുക്കി നിലനിർത്തണം. 23 വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ചുറ്റിനും ജനവാസ കേന്ദ്രങ്ങളിൽ ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന ബഫർസോണിൽ ഉൾപ്പെട്ടിരിക്കുന്ന ജനസംഖ്യയുടെയും, വീടുകളുടെയും, കൃഷി ഭൂമിയുടെയും, പൊതുസ്ഥാപനങ്ങളുടെയും, മറ്റു കെട്ടിടങ്ങളുടെയും മറ്റും കൃത്യമായ സ്ഥിതിവിവരക്കണക്ക് ശേഖരിച്ച് സുപ്രീംകോടതി ഉത്തരവിൽ നിർദേശിച്ച പ്രകാരം സംസ്ഥാന സർക്കാർ സെൻട്രൽ എംപവേർഡ് കമ്മിറ്റിക്ക് സമർപ്പിച്ച് പ്രശ്നത്തിന്റെ ഗൗരവം സുപ്രീംകോടതിയെ ബോധ്യപ്പെടുത്തി ഇപ്പോഴത്തെ ഉത്തരവ് ഭേദഗതി ചെയ്യിക്കണം. ജില്ലാ -ബ്ലോക്ക്- ഗ്രാമപഞ്ചായത്തുകൾ ബഫർസോണിനെതിരെ പ്രമേയം പാസാക്കി സെൻട്രൽ എംപവേർഡ് കമ്മിറ്റിക്കും കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിനും സുപ്രീംകോടതിക്കും സംസ്ഥാന സർക്കാരിനും അയക്കണം. രൂപതയിലെ മുഴുവൻ വിശ്വാസ സമൂഹവും എല്ലാ വിഭാഗം ജനങ്ങളും ഒരുമിച്ച് നിന്ന് ഈ വിഷയത്തെ അതിജീവിക്കുവാൻ ശക്തമായിട്ടുള്ള പ്രതിരോധങ്ങൾ തീർക്കണം എന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു. ഒപ്പം സർവ്വതും സാധ്യമായ ദൈവകരങ്ങളിലേക്ക് നമ്മുടെ ഈ പ്രശ്നത്തെ ഉയർത്തി പരിഹാരത്തിനായി തീഷ്ണതയോടെ പ്രാർത്ഥിക്കാം.

# ഹിംസ നാട്ടുനടപ്പാകുമ്പോൾ



## അകം പുറം

കെ. എഫ്. ജോർജ്

ഹിംസ അരങ്ങുവാഴുന്ന കാലം. വാക്കിലും പ്രവൃത്തിയിലും അധികാര കേന്ദ്രങ്ങളിലും നിറഞ്ഞു കവിയുന്ന ഹിംസ ജീവിതത്തിന്റെ സ്വാസ്ഥ്യം കെടുത്തുന്നു.

രാവിലെ കൈയ്യിലെത്തുന്ന പത്രം വിവിധതരം ഹിംസകളുടെ മസാലവിഭവങ്ങൾ കൊണ്ടു നിറഞ്ഞത്. പ്രത്യാശ പകരുന്ന കരുണയുടെ, കരുതലിന്റെ വിശേഷങ്ങൾ വിരളം. ഉള്ളു തണുപ്പിക്കുന്ന ഇത്തരം സംഭവങ്ങൾ ഇടയ്ക്കിടെ നാട്ടിൽ ഉണ്ടാകുന്നുണ്ടെങ്കിലും അതിനുള്ള ഇടം പത്രത്താളുകളിൽ ശോഷിച്ചു പോയി.

വായനയ്ക്കപ്പുറം ഹിംസയുടെ ദൃശ്യമാനം കൂടി വിളമ്പുകയാണ് ടിവി ചാനലുകൾ നിലപാടുകൾ വിശദീകരിക്കേണ്ട സംവാദത്തിന്റെ ചർച്ചാ ഇടങ്ങൾ സംയമനമില്ലാത്ത, പരസ്പര അധിക്ഷേപത്താൽ മലീമസമാകുന്നു.

സൈബറിടത്തിലെ അടിച്ചിരുത്തലുകൾ ഗുരുതരമായ ജനാധിപത്യ ശോഷണത്തിനു കാരണമാകുന്നു. ഡിജിറ്റൽ സ്പേസിലെ ആൾക്കൂട്ടാക്രമണം പ്രത്യക്ഷമായ ഹിംസയുടെ മറ്റൊരു വകഭേദം തന്നെ.

നേർക്കുനേർ പോർവിളിച്ച്, അങ്കം വെട്ടിയവരെയാണ് വടക്കൻ പാട്ടുകൾ വീരന്മാരായി വാഴ്ത്തുന്നത്. എന്നാൽ ഇപ്പോൾ സമൂഹമാധ്യമങ്ങൾ ആർക്കുനേരെയും അധിക്ഷേപങ്ങൾ ചൊരിയാനുള്ള ഒളിയിടങ്ങൾ ഒരുക്കുകയാണ്. ഇവിടെ പതുങ്ങിയിരുന്ന് ഉത്തരവാദിത്വ ബോധമില്ലാതെ അസഭ്യവർഷം നടത്താം. കള്ളങ്ങൾ നിരത്തി ആരുടെയും യശസ് കളങ്കപ്പെടുത്താം. പഴയകാലത്തെ ഭീരുക്കളുടെ രീതിയാണിത്. പക്ഷേ ഇക്കാലത്ത് ഇവർക്കാണ് വീരപരിവേഷം.

സംഘബലത്തിന്റെയും രാഷ്ട്രീയബലത്തിന്റെയും മറവിൽ സ്വന്തം നിലപാട് മറ്റൊരു വ്യക്തിയിലോ സമൂഹത്തിലോ അടിച്ചേൽപ്പിക്കുന്നതും ക്രൂരമായ ഹിംസ തന്നെ. ഇതിന് പലപ്പോഴും ഭരണകൂടവും പൊലീസുമെല്ലാം കൂടപിടിക്കുകയും ചെയ്യുന്നു. ഇരകൾ കൂടുതലും ദരിദ്രരും സ്ത്രീകളും കുട്ടികളുമായിരിക്കും.

അക്രമം കൂടുതൽ അക്രമത്തിനു പ്രേരിപ്പിക്കും. അതിക്രമ സംഭവങ്ങൾ നിരന്തരം കാണുകയും ഇതു മാത്രം വായനയ്ക്ക് മുന്നിലെത്തുകയും ചെയ്യുമ്പോൾ ഇതെല്ലാം സാധാരണ കാര്യമായി മനസിൽ പതിയാം. അതുകൊണ്ടാവാം നമ്മുടെ ചുറ്റുവട്ടത്തിലും അതിക്രമങ്ങൾ പെരുകുന്നത്.

അടുത്തയിടെ കോഴിക്കോട് നഗരത്തിൽ ഒരു വനിതാ ഡോക്ടറെ കാർ തടഞ്ഞ് ബൈക്കുകാരൻ മുഖത്തിടിച്ച് പരിക്കേൽപ്പിച്ചു. ഡോക്ടറുടെ ഡ്രൈവിങ് ശരിയല്ലെന്നാണ് ആക്രമണത്തിന് കാരണമായി പ്രതി പറഞ്ഞത്. ട്രാഫിക്ക് നിയമം ലംഘിച്ച് പായുന്ന ബൈക്കുകാർ സൈഡ് കൊടുത്തില്ലെന്ന് പറഞ്ഞ് കാർ ഓടിക്കുന്നവരെ ചീത്ത പറയുന്നു.

കൂടുന്ന ഗാർഹിക പീഡനങ്ങളും ആത്മഹത്യകളും കുടുംബങ്ങളിലെ ഹിംസാന്തരീക്ഷത്തിന്റെ വെളിപ്പെടുത്തലുകളാണ്.

സൃഷ്ടിക്കൊപ്പം സംഹാരവുമുള്ളതിനാൽ മനുഷ്യന്റെ ജനിതകത്തിൽ ഹിംസയും ഉൾച്ചേർന്നിട്ടുണ്ടെന്നു കാണാം. അയ്യായിരം വർഷം മുമ്പ് ജീവിച്ചിരുന്ന ഒരു മനുഷ്യന്റെ മമ്മിരൂപത്തിലായ ശരീരം ആൽപ്സ് പർവതത്തിൽ 1991 ൽ കണ്ടെത്തിയിരുന്നു.

'ഓറ്റ്സീ ' എന്നു ശാസ്ത്രലോകം വിളിച്ച ആ പൂർവികന്റെ വലത്തെ ചുമലിൽ ഒരമ്പിന്റെ അഗ്രവും ശരീരത്തിൽ മുറിവുകളും ഉണ്ടായിരുന്നു. മറ്റു രണ്ടു മനുഷ്യരുടെ രക്താവശിഷ്ടവും ആ ശരീരത്തിൽ കാണപ്പെട്ടു.

വെങ്കലയുഗത്തിൽ ആ മനുഷ്യനെ രണ്ടോ അതിൽ കൂടുതലോ ആളുകൾ ചേർന്ന് കൊലപ്പെടുത്തിയതാണെന്ന് ഇതിൽ നിന്ന് വെളിപ്പെടുന്നു.

വൈവിധ്യപൂർണവും അസാധാരണവുമായ കഴിവുകൾക്കൊപ്പം ഇവയെ എല്ലാം തളർത്താനും സംഹരിക്കാനുമുള്ള ഹിംസാത്മകത കൂടി മനുഷ്യനിൽ ഉൾച്ചേർന്നിരിക്കുന്നു. അതിനാൽ എവിടെയെങ്കിലും മനസു തണുപ്പിക്കുന്ന, പ്രത്യാശപരത്തുന്ന സംഭവങ്ങളുണ്ടാകുമ്പോൾ അതു കൂടി ശ്രദ്ധിക്കുവാൻ കുഞ്ഞുങ്ങളെയും യുവാക്കളെയും പഠിപ്പിക്കേണ്ടിയിരിക്കുന്നു.

ഇക്കാലത്തെ സങ്കീർണമായ ജീവിത സാഹചര്യങ്ങൾ മനുഷ്യരെ അസ്വസ്ഥരും അതേത്തുടർന്ന് അക്രമാസക്തരുമാക്കുന്നു. കൊറോണ സ്ഥിതി വഷളാക്കി ലോകാരോഗ്യ സംഘടനയുടെ പുതിയ റിപ്പോർട്ടിൽ ലോകത്തിൽ എട്ടിൽ ഒരാൾ മാനസിക തകരാർ ഉള്ളവരാണെന്നു ചൂണ്ടിക്കാണിച്ചിരിക്കുന്നു. അതിനാൽ രാജ്യങ്ങൾ മാനസികാരോഗ്യ പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക മാറ്റിവയ്ക്കണമെന്നും റിപ്പോർട്ടിൽ നിർദേശിക്കുന്നു.

ഹിംസാത്മകമായ മനസിന് സത്യം കണ്ടെത്താനുള്ള കഴിവും അതിനാൽ ത്തന്നെ മറ്റുള്ളവരെ പരിഗണിക്കാനുള്ള ശേഷിയും നഷ്ടപ്പെടും.

വാളെടുക്കുന്നവൻ വാളാൽ നശിക്കുമെന്നത് ഹിംസയ്ക്കു പുറപ്പെടുന്നവനുള്ള താക്കീതാണ്. ഈ മുന്നറിയിപ്പ് അവഗണിച്ച് ജൈത്രയാത്രക്ക് പുറപ്പെട്ട്, തകർന്ന് ധൂളിയായി ചിതറിയവരുടെ കഥയാണ് ലോകചരിത്രത്തിന്റെ സിംഹഭാഗവും. വിതയ്ക്കുന്നതിന്റെ വിളവെടുപ്പിൽ നിന്ന് ഇവിടെ ആർക്കും ഒഴിഞ്ഞുമാറാനാവില്ലല്ലോ!

# താരങ്ങളെ വിരിയിക്കുന്ന മലയോരം



**"മലയോരമേഖലകളിൽ ജനിച്ചു വളരുന്നവർ കായികതാരങ്ങളാകാൻ ശരീരപ്രകൃതിയുള്ളവരാണ്. നടന്നും ഓടിയും ചാടിയുമാണ് കുട്ടികൾ സ്കൂളിലെത്തിയിരുന്നത്. അവർക്ക് നല്ല കായികക്ഷമതയും മസിൽ പവറുമുണ്ടായിരുന്നു. മരം കേറാനും നീന്താനും പ്രത്യേകം അവരെ പഠിപ്പിക്കേണ്ടിയിരുന്നില്ല."**

● **ജോസ് ജോർജ് ഐപിഎസ്**
(ജിമ്മി ജോർജിന്റെ സഹോദരൻ)

പണ്ട് പള്ളിക്കൂടങ്ങളിൽ മാത്രമല്ല പള്ളിമുറ്റത്തും വോളിബോൾ–ബാഡ്മിന്റൻ കോർട്ടുകളുണ്ടായിരുന്നു. വൈകുന്നേരങ്ങളിൽ നാട്ടുകാർക്കൊപ്പം വികാരിയച്ചൻമാരും കളിക്കാൻ കൂടും. അക്കാലത്ത് വോളിബോൾ മാച്ചുകളിൽ പങ്കെടുത്തിരുന്ന അച്ചന്മാരെ ഓർക്കുന്നു.

ഒരിക്കൽ പുതുതായി വന്ന പള്ളിവികാരി പള്ളിമുറ്റത്ത് വോളിബോൾ കളിക്കാൻ പാടില്ലെന്ന് പറഞ്ഞു. ദിവസവും വോളിബോൾ കളിച്ചിരുന്ന പേരാവൂർ പ്രദേശത്തെ നാട്ടുകാർക്ക് വിഷമമായി. മദ്രാസ് യൂണിവേഴ്സിറ്റി വോളിബോൾ താരമായിരുന്ന എന്റെ പിതാവ് സ്വന്തം പറമ്പിലെ കുറച്ച് തെങ്ങ് വെട്ടിമാറ്റി അവിടെ വോളിബോൾ കോർട്ടുണ്ടാക്കി. പേരാവൂർ പ്രദേശത്തുള്ളവരെല്ലാം അവിടെ കളിക്കാനെത്തി. അവരുടെ കളികണ്ടാണ് കുട്ടിക്കാലം ചിലവഴിച്ചത്. ഞാനും അനിയൻ ജിമ്മി ജോർജ്ജും മറ്റു സഹോദരന്മാരുമെല്ലാം ഈ കോർട്ടിൽ നിന്നാണ് കളിയുടെ ബാലപാഠങ്ങൾ പഠിച്ചത്.

മലയോരമേഖലകളിൽ ജനിച്ചു വളരുന്നവർ കായികതാരങ്ങളാകാൻ ശരീരപ്രകൃതിയുള്ളവരാണ്. നടന്നും ഓടിയും ചാടിയുമാണ് കുട്ടികൾ സ്കൂളിലെത്തിയിരുന്നത്. അവർക്ക് നല്ല കായികക്ഷമതയും മസിൽ ശക്തിയുമുണ്ടായിരുന്നു. മരം കേറാനും നീന്താനും പ്രത്യേകം അവരെ പഠിപ്പിക്കേണ്ടിയിരുന്നില്ല. ഇന്ന് നടത്തം കുറഞ്ഞു. കായിക വിനോദങ്ങളില്ല പഠനം മാത്രം. ഇത് കുട്ടികളുടെ ആരോഗ്യത്തെയും മാനസിക കരുത്തിനേയും ബാധിച്ചിട്ടുണ്ട്.

ചെറിയ പ്രായത്തിൽ തന്നെ ഭാവിയിലെ കായികതാരങ്ങളെ കണ്ടെത്തുകയാണ് വിദേശരീതി. കുട്ടികൾ സ്കൂളിലെത്തുമ്പോൾ തന്നെ ഇതിനുള്ള ശ്രമം തുടങ്ങണം. വീട്ടിൽ നിന്നും സ്കൂളിൽ നിന്നും കായിക വിനോദങ്ങളിൽ ഏർപ്പെടാൻ കുട്ടികൾക്ക് പ്രോത്സാഹനമുണ്ടാകണം.

സ്പോർട്സിൽ പങ്കെടുക്കുന്ന കുട്ടി ജീവിതം പഠിക്കും. വിജയവും പരാജയവും സ്പോർട്സിൽ മാറി മാറി ഉണ്ടാകും. പരാജയത്തെ മറികടക്കാൻ കൂടുതൽ കഠിനമായ പരിശീലനം നേടും. ഇതു തന്നെയാണ് യഥാർത്ഥ ജീവിതത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെ സ്പോർട്സ് ജീവിതത്തിന്റെ മറ്റൊരു രൂപമായി മാറുന്നു. ചെറിയ പരാജയത്തിൽ ജീവിതം മടുത്ത് ആത്മഹത്യ ചെയ്യുന്നവർ ഈ പാഠം പഠിക്കാത്തവരോ, മറക്കുന്നവരോ ആണ്.

കായിക വിനോദങ്ങളിൽ ഏർപ്പെടുമ്പോൾ മസിലുകൾ വളർന്ന് കായികശേഷി വർധിക്കും. ശരീരത്തിന് വഴക്കം കൂടും. അവയവങ്ങളുടെ കോ–ഓർഡിനേഷൻ ശരിയായ രീതിയിലാകും. നടത്തത്തിലും മറ്റുമുള്ള ചെറിയ വൈകല്യങ്ങൾ കണ്ടെത്താനും പരിഗണിക്കാനും ഇത് വഴിയൊരുക്കും. ഇത്തരം വൈകല്യങ്ങൾ കുട്ടിക്കാലത്തുതന്നെ പരിഹരിക്കണം.

കോച്ചിന്റെ കീഴിൽ കൃത്യസമയത്ത് കഠിനമായ പരിശീലനം. പിന്നീട് ക്യാപ്റ്റന്റെ നേതൃത്വത്തിൽ മത്സരങ്ങളിൽ പങ്കെടുക്കുന്നു. ഇത് കുട്ടികൾക്കു നൽകുന്നത് ഭാവി ജീവിതത്തിൽ വിജയിക്കാൻ വേണ്ട അച്ചടക്കത്തിന്റെ ബാലപാഠങ്ങളാണ്.

മറ്റൊരു പ്രധാനകാര്യം നല്ല ഭക്ഷണമെന്താണെന്നും അത് എപ്പോൾ കഴിക്കണമെന്നും എന്തുമാത്രം കഴിക്കണമെന്നും സ്പോർട്സിൽ പങ്കെടുക്കുന്ന കുട്ടി പഠിക്കുമെന്നതാണ്. മാച്ച് തുടങ്ങുന്നതിനുമുമ്പ് ലഘുവായ ഭക്ഷണം മാത്രമേ കഴിക്കാൻ പാടുള്ളൂ. പോഷകങ്ങളുടെ പ്രാധാന്യം കായിക താരങ്ങൾക്ക് ബോധ്യപ്പെടുന്നു. സ്വന്തം ശരീരത്തെയും ആരോഗ്യത്തെയും കുറിച്ച് കിട്ടുന്ന ഈ അവബോധം അവരുടെ ഭാവി ജീവിതത്തിനും ഔദ്യോഗിക കർമ്മങ്ങൾക്കും ഭദ്രമായ അടിത്തറ ഉണ്ടാക്കുന്നു.



നമുക്ക് മേന്മയേറിയ ആരോഗ്യ സംസ്ക്കാരവും കായിക മേഖലയിൽ മേൽക്കോയ്മയുണ്ടായിരുന്നു. അത് നഷ്ടപ്പെടുത്തിക്കൂടാ അതിനുള്ള ശ്രമവും പ്രോത്സാഹനവും ബന്ധപ്പെട്ട എല്ലാ തലങ്ങളിൽ നിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു.



**1974 ലെ എംഎം ജോസഫ് ഓൾ ഇന്ത്യ വോളിബോൾ ടൂർണമെന്റിൽ ജോസ് ജോർജിന്റെ സ്മാഷ്**



**ജോർജ് സഹോദരന്മാർ പിതാവ് ജോർജ് ജോസഫിനും മാതാവ് മേരി ജോർജിനുമൊപ്പം**

## മലയോരം തരുന്ന കരുത്ത്

● **ടോം ജോസഫ്**
(മുൻ ദേശീയ വോളിബോൾ താരം, അർജുന അവാർഡ് ജേതാവ്)



മലയോര ഗ്രാമങ്ങളിൽ നിന്ന് വരുന്ന കുട്ടികൾക്കാണ് പെതുവേ സ്റ്റാമിനയും ഫിറ്റ്നസും കൂടുതൽ കാണുന്നത്. കാരണം അവരുടെ വീടുകൾ മലയുടെ മുകളിലാണ്. ഓരോരോ പണികൾ ചെയ്യുമ്പോഴും തോടുകൾക്കു കുറുകേ ചാടുമ്പോഴും അവരുടെ കാലിന്റെ ശക്തി കൂടുകയാണ്. അതുകൊണ്ട് പവറുകൂടുമ്പോൾ ഓട്ടോമാറ്റിക്കായി വോളിബോളിന് ജമ്പ് ചെയ്യാനുള്ള ശേഷി കൂട്ടും.

ഷിജാസ് മുഹമ്മദ്, ജോ ജോസഫ്, റോയി തുടങ്ങിയ മലയോര ഗ്രാമങ്ങളിൽ നിന്നു വന്ന ഏതൊരു കായിക താരത്തെ എടുത്തുനോക്കിയാലും അവരിൽ കൂടുതലായും കാണാൻ പറ്റുന്നത് ജമ്പിങ് ശേഷിയാണ്. മലയോരമേഖലകളിൽ നടന്നു പോകുമ്പോഴും, കയറ്റം കയറുമ്പോഴും നമ്മൾ അറിയാതെ തന്നെ അതിനുള്ള ശക്തി നമ്മുടെ കാലുകൾക്ക് കിട്ടുകയാണ്. അങ്ങനെയാണ് മലയോര ഗ്രാമങ്ങളിൽ നിന്ന് വരുന്ന വോളിബോൾ താരങ്ങൾക്ക് നന്നായി കളിക്കാൻ സാധിക്കുന്നത്.

# നാടിന് അഭിമാനമായി പെൺകരുത്ത്

**കായികരംഗത്ത് ഉന്നതിയിലെത്തണമെങ്കിൽ പ്രാവീണ്യമുള്ള കോച്ചുകളുടെ പരിശീലനം ചെറുപ്രായത്തിലേ ലഭിക്കണം. അതിന് ഇപ്പോൾ സ്പോർട്സ് ഹോസ്റ്റലുകൾ സ്കൂൾതലത്തിലും കോളജ് തലത്തിലുമുണ്ട്. പല അക്കാദമികളും സായി ഹോസ്റ്റലുകളുമുണ്ട്. അവിടെയെല്ലാം കുട്ടികൾക്ക് ഭക്ഷണവും താമസവും സൗജന്യമാണ്. സ്പോർട്സ് കിറ്റും, പോക്കറ്റ് മണിയും, വാഷിങ് അലവൻസുമൊക്കെ അവർക്കു ലഭിക്കും**



**വി. കെ. വൽസമ്മ**
പ്രൊവിഡൻസ് കോളജിലെ മുൻ കായിക വിഭാഗം മേധാവി



മലബാറിൽ സ്പോർട്സ് രംഗത്ത് പെൺകുട്ടികളുടെ പങ്കാളിത്തം കുറഞ്ഞു കൊണ്ടിരിക്കുന്നതായി തോന്നുന്നു. അതിന് പലർക്കും പലവിധ കാരണങ്ങൾ നിരത്താനുണ്ടാകും. പ്രശ്നങ്ങൾ തീർന്നിട്ട് ഒരിക്കലും ഒരു കാര്യവും നടക്കുകയില്ല. പ്രശ്നങ്ങളെ അതിജീവിക്കുക എന്നുള്ളതാണ് പ്രധാനം. പെൺകുട്ടികൾ സ്പോർട്സിൽ ഉയരങ്ങളിലേക്ക് കുതിക്കുന്നത് മാതാപിതാക്കൾ തടയരുത്. അവരെ വളരുവാൻ അനുവദിക്കുക. ഭാവിയിൽ അവർ സ്പോർട്സിൽ ഉയർന്നനിലയിൽ എത്തിച്ചേരുന്നത് കുട്ടികൾക്കെന്നതുപോലെ കുടുംബത്തിനും, ഗ്രാമത്തിനും, നാട്ടുകാർക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമെല്ലാം അഭിമാനമാകും.

ഞാൻ പ്രൊവിഡൻസ് കോളജിലെ കായിക അധ്യാപികയായിരുന്നു. ഞങ്ങളുടെ കോളജിൽ സ്പോർട്സിലൂടെ ഉയർന്നുവന്ന കുട്ടികളിൽ 90 ശതമാനവും പലവിധത്തിലുള്ള ജോലികൾ ലഭിച്ചു ജീവിതം സുന്ദരമായി മുന്നോട്ടു കൊണ്ടുപോകുന്നവരാണ്. ബാസ്ക്കറ്റ് ബോൾ, ഹാൻഡ് ബോൾ, ഷട്ടിൽ ബാറ്റ്മിന്റൺ, വോളിബോൾ, അത്‌ലറ്റിക്സ്, ഷൂട്ടിങ്, ടേബിൾ ടെന്നീസ്, തുടങ്ങിയ ഗെയിമുകളിലൂടെ അവർ വളരുകയും അതുമൂലം ജോലി ലഭിക്കുകയും ചെയ്തു.

റെയിൽവേ പൊലീസ്, എഫ്എസിടി, നെയ്‌വേലി ലിഗ്നൈറ്റ്, ടെലിഫോൺ, സെക്രട്ടറിയേറ്റ്, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, നേവി തുടങ്ങിയ വിവിധ സ്ഥാപനങ്ങളിൽ അന്നത്തെ കായിക താരങ്ങൾക്ക് ജോലി ലഭിച്ചു. ഏറെ കുട്ടികൾ കായിക അധ്യാപികമാരും സ്കൂൾ, കോളജ് അധ്യാപികമാരുമായി.

സ്പോർട്സിൽ പങ്കെടുക്കുമ്പോൾ വിജയിക്കാൻ സാധിച്ചില്ലെങ്കിലും സ്ത്രീകളായ നമുക്ക് ഏത് പ്രതിബന്ധത്തെയും തരണം ചെയ്യുവാനുള്ള തന്റേടവും സഹിഷ്ണതയും, സഹകരണ മനോഭാവവും യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കുവാനുള്ള കരുത്തുമുണ്ടാകും. പ്രതിസന്ധികളിൽ പകച്ചു നിൽക്കില്ല. ധൈര്യവും കാര്യപ്രാപ്തിയും സ്പോർട്സിലൂടെ നേടിയ അവർ ജീവിതത്തിൽ വിജയിക്കുക തന്നെ ചെയ്യും.

പണ്ട് മലയോരത്തെ സ്ത്രീകൾ സാമർത്ഥ്യവും കാര്യപ്രാപ്തിയുമുള്ളവരായിരുന്നു. മലമ്പനിയോടും വസൂരിയോടും, പട്ടിണിയോടും, വന്യമൃഗത്തോടുമെല്ലാം ഏറ്റുമുട്ടേണ്ടിവന്ന യാതൊരു സൗകര്യവുമില്ലാത്ത അക്കാലത്ത് എട്ടും പത്തും മക്കളെ വളർത്തി. അവരെ അനുസരണവും, സ്നേഹവും, സഹകരണവും, ചിട്ടയുമൊക്കെ പഠിപ്പിച്ചു. സ്പോർട്സിൽ പങ്കെടുക്കുമ്പോഴും ഈ ഗുണങ്ങളൊക്കെയാണ് വളരുന്നത്.

പെൺകുട്ടികൾ സ്പോർട്സിൽ പങ്കെടുക്കുന്നത് അവരുടെ മാതൃത്വത്തിനൊന്നും യാതൊരു പ്രശ്നവുമുണ്ടാക്കില്ല എന്നാണ് എന്റെയും എനിക്കറിയാവുന്ന എല്ലാ സ്പോർട്സ് താരങ്ങളുടെയും ജീവിതാനുഭവം പഠിപ്പിക്കുന്നത്. പിരിയഡ്സ് ആകുമ്പോഴേക്കും പ്രാക്ടീസു ചെയ്യുന്നതും മത്സരത്തിൽ പങ്കെടുക്കുന്നതുമെല്ലാം ബുദ്ധിമുട്ടാകില്ലേ എന്ന് പലരും ചിന്തിക്കുന്നുണ്ടാകും. അതിന് ഈ ആധുനികയുഗത്തിൽ വളരെ സൗകര്യപ്രദമായ കണ്ടുപിടുത്തങ്ങളുണ്ടല്ലോ? കൂടുതലറിയണമെങ്കിൽ നിങ്ങളുടെ അധ്യാപികമാരോട് ചോദിച്ചാൽ പറഞ്ഞുതരും.

സ്പോർട്സിൽ പങ്കെടുക്കുന്ന കുട്ടികൾ പഠിപ്പിൽ പിന്നോട്ടുപോകുമോ എന്ന് മാതാപിതാക്കൾക്ക് ഭയമുണ്ട്. എന്നാൽ എന്റെ അനുഭവത്തിൽ ഞങ്ങളുടെ കോളജിലെ കുട്ടികൾ സ്പോർട്സും പഠിപ്പും ഒരുപോലെ കൊണ്ടുപോയവരായിരുന്നു. പ്രൊഫസർമാരും കായികപരിശീലകരും കുട്ടികളുടെ പഠിപ്പ്, പരീക്ഷ എന്നിവയിലെല്ലാം ശ്രദ്ധിക്കുകയും അവർക്കുവേണ്ട സ്പെഷ്യൽ ക്ലാസുകൾ കൊടുക്കുകയും ചെയ്യുമായിരുന്നു. അങ്ങനെ അവരെല്ലാവരും നല്ലമാർക്കോടെ പാസായി. പ്രിൻസിപ്പൽമാരും, മാനേജ്മെന്റും, യൂണിവേഴ്സിറ്റി അധികൃതരുമെല്ലാം കുട്ടികൾക്കുവേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുത്തിരുന്നു.

ജോലിക്ക് ഇന്റർവ്യൂവിന് പോകുമ്പോൾ മാർക്കിനേക്കാൾ പാഠ്യേതരവിഷയങ്ങളിലുള്ള അവരുടെ മിടുക്കാണ് മിക്ക കമ്പനികളും സ്ഥാപനങ്ങളും പരിഗണിക്കുന്നത്. നല്ല മാർക്കുണ്ടെങ്കിലും നാണം കുണുങ്ങിയും പേടിച്ചുമൊക്കെ നിൽക്കുന്നവർ പിന്തള്ളപ്പെടും. സത്യസന്ധതയും തന്റേടവും പ്രസരിപ്പുമുണ്ടെങ്കിൽ രക്ഷപ്പെടാം. സ്പോർട്സിൽ പങ്കെടുക്കുമ്പോൾ ജയിച്ചാലും തോറ്റാലും നമ്മിൽ മാത്സരിക്കാനുള്ള ഒരു ത്വര വളർന്നുവരും. പരാജയം വിജയത്തിന്റെ ചവിട്ടുപടിയാണെന്നുള്ള ആപ്തവാക്യം മുറുകെപ്പിടിച്ചു കൊണ്ട് ആവർത്തിച്ച് പരിശ്രമിക്കാം അത് നമ്മെ വിജയത്തിലെത്തിക്കും.

ദിവസവും രാവിലെയും വൈകുന്നേരവുമുള്ള കോച്ചിങ് കൃത്യനിഷ്ഠ ശീലിക്കുവാനും ഉദാസീനതകളൊക്കെ മാറ്റി സമയത്തുതന്നെ പരിശീലനത്തിനിറങ്ങുവാനും നിർബന്ധിതരാക്കും. അലസന്മാരുടെ മനസ്സ് പിശാചിന്റെ കളിപ്പുരയാണെന്നോർക്കണം. മേൽപ്പറഞ്ഞ ചിട്ടകളൊന്നുമില്ലാത്തവർ വഴിതെറ്റി സഞ്ചരിക്കുകയും അങ്ങനെ ജീവിതം നാശത്തിന്റെ പടുകുഴിയിൽ വീഴുകയും ചെയ്യും.

സ്പോർട്സിൽ പങ്കെടുക്കുന്നത് ആരോഗ്യം മെച്ചപ്പെടുത്തും. ജീവിതശൈലി രോഗങ്ങളായ പ്രമേഹം, പ്രഷർ, കൊളസ്ട്രോൾ തുടങ്ങിയ പല പ്രശ്നങ്ങളിൽ നിന്നും അമിത വണ്ണത്തിൽ നിന്നും രക്ഷപ്പെടാം. പ്രായം ചെന്ന സ്ത്രീ പുരുഷന്മാരോടു 45 മിനിട്ട് നടപ്പും എക്സർസൈസുകളുമൊക്കെ ഡോക്ടർമാർ നിർദേശിക്കുന്നത് അവരുടെ ആരോഗ്യത്തിനു വേണ്ടിയാണ്. ഇന്നത്തെ കുട്ടികളധികവും ഫോണിലും ടിവിയിലും കംപ്യൂട്ടറിലുമെല്ലാം മുഴുകിയിരിക്കുന്നതിനാൽ കായികാദ്ധ്വാനം തീരെ ഉണ്ടാകുന്നില്ല. ഇത് ചെറുപ്രായത്തിൽ തന്നെ അവരെ രോഗികളാക്കും.

കായികരംഗത്ത് ഉന്നതിയിലെത്തണമെങ്കിൽ പ്രാവീണ്യമുള്ള കോച്ചുകളുടെ പരിശീലനം ചെറുപ്രായത്തിലേ ലഭിക്കണം. അതിന് ഇപ്പോൾ സ്പോർട്സ് ഹോസ്റ്റലുകൾ സ്കൂൾതലത്തിലും കോളജ് തലത്തിലുമുണ്ട്. പല അക്കാദമികളും സായി ഹോസ്റ്റലുകളുമുണ്ട്. അവിടെയെല്ലാം കുട്ടികൾക്ക് ഭക്ഷണവും താമസവും സൗജന്യമാണ്. സ്പോർട്സ് കിറ്റും, പോക്കറ്റ് മണിയും, വാഷിങ് അലവൻസുമൊക്കെ അവർക്കു ലഭിക്കും.

ഇന്നത്തെ സ്ത്രീകൾ പുരുഷന്മാർക്കൊപ്പം തന്നെ സമൂഹത്തിലെ എല്ലാതുറകളിലും ഉന്നതസ്ഥാനങ്ങൾ വഹിക്കുന്നു. അവർക്കു അതിനുള്ള കഴിവു നേടാൻ സ്പോർട്സും കലാരംഗ പ്രവർത്തനങ്ങളും എൻസിസി–എൻഎസ്എസ് ക്യാമ്പുകളുമെല്ലാം സഹായിക്കുന്നു.

കോടഞ്ചേരിയിലെ എന്റെ സ്കൂൾ കാലത്ത് മലയോര മേഖലയിലെ കുട്ടികൾ എട്ടും പത്തും കിലോമീറ്റർ നടന്നാണ് സ്കൂളിലെത്തിയിരുന്നത്. കുന്നും മലയും ഊടുവഴികളും തോടും പുഴയും ഇല്ലിപ്പാലങ്ങളുമെല്ലാം താണ്ടി സ്കൂളിലെത്തുന്നത് ദുർഘടമായിരുന്നെങ്കിലും അന്നത്തെ കുട്ടികൾക്ക് അതെല്ലാം ആവേശമായിരുന്നു. വെയിലും മഞ്ഞും മഴയും കൊണ്ടുള്ള അന്നത്തെ സ്കൂൾ യാത്ര നിശ്ചയദാർഢ്യവും മാനസിക കരുത്തും പകർന്നു തന്നതായി തിരിഞ്ഞുനോക്കുമ്പോൾ മനസിലാകുന്നു.

# കൈവിടരുത് കായികരംഗം

ഒന്നാം പേജിൽ നിന്നു തുടർച്ച

ഒളിമ്പ്യൻ അബ്ദുൾ റഹ്മാൻ തുടങ്ങി മുപ്പതോളം ഇന്റർ നാഷണൽ താരങ്ങളെ എല്ലാ സൗകര്യങ്ങളും നൽകി വളർത്തിവിട്ടത് ദേവഗിരി കോളജാണ്. മലബാറിലെ ആദ്യത്തെ 400 മീറ്റർ അത്‌ലറ്റിക്സ് ട്രാക്കും ദേവഗിരിക്ക് സ്വന്തമാണ്. ക്രിസ്ത്യൻ കോളജും, പ്രൊവിഡൻസ് കോളേജും സ്മരിക്കപ്പെടാതെ പോകരുത്.

കാലിക്കറ്റ് സർവകലാശാലയിലെ കായിക വകുപ്പ് മേധാവി ഇ. ജെ. ജേക്കബ്, സായ് പരിശീലകർ പി. എ. ജോസ്, അഗസ്റ്റിൻ എന്നിവരും പ്രത്യേകം ഓർമിക്കപ്പെടേണ്ടവരാണ്. ജോർജ്ജ് ജോസഫും, കെ. ടി. ശേഖരനും, സി. സി. അഗസ്റ്റിനും ദേവഗിരിയുടെ അമരത്തുണ്ടായിരുന്നു. കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിലെടുത്താൽ ഫാ. വെർഗോർത്തിനി അതികായനായി വർത്തിക്കുന്നു. പരിശീലകരായ കെ. എം. പീറ്ററും, ടോമി ചെറിയാനും ഇപ്പോഴും കളത്തിൽ നിറഞ്ഞു നിൽക്കുന്നു. സിൽവർ ഹിൽസ് സ്കൂളിനെ ബാസ്ക്കറ്റ് ബോളിന്റെ ഈറ്റില്ലമാക്കി നിലനിർത്തുന്ന ജോസിനെയും ഓർക്കാതെ വയ്യ. ഈയുള്ളവന്റെ ഓർമച്ചെപ്പിൽ പരാമർശിക്കപ്പെടാതെ പോയവർ സദയം ക്ഷമിക്കണമെന്ന് അപേക്ഷിക്കുന്നു.

കുടിയേറ്റക്കാരുടെ മൂന്നും നാലും തലമുറയാണ് ഇപ്പോൾ യുവതീ യുവാക്കളായി നിലനിൽക്കുന്നത്. ആദ്യകാല കുടിയേറ്റക്കാർ അടുത്ത തലമുറയ്ക്ക് വേണ്ടി അരയും തലയും മുറുക്കി, അൽപാഹാരികളായി ജീവിച്ചു, സമ്പാദിച്ചു. അടുത്ത തലമുറ അലസന്മാരായില്ലേയെന്ന് തോന്നിപ്പോകുന്നു. അവർക്ക് വിദ്യാഭ്യാസം കൊടുത്തു. നൂതന ജീവിത സാഹചര്യങ്ങൾ മുഴുവൻ ഒരുക്കിക്കൊടുത്തു. ധാരാളിത്തത്തിന്റെ ബാക്കി പത്രം നമ്മുടെ കൺമുമ്പിലുണ്ട്.

ഇവിടെയാണ് അടുത്ത കച്ചിത്തുരുമ്പ് കിട്ടിയത്. എങ്ങനെയും ഒരു ഡിഗ്രി സമ്പാദിച്ച് വിദേശത്തേക്ക് മക്കളെ വിടുക. അങ്ങനെ ആ പ്രതിസന്ധിയേയും മറികടന്നു കൊണ്ടിരിക്കുകയാണ് കുടിയേറ്റക്കാരുടെ ഇന്നത്തെ തലമുറ. പക്ഷേ അമേരിക്ക, കാനഡ, യുകെ തുടങ്ങിയ രാജ്യങ്ങളിലേക്ക് പോകുന്നവർ അവിടെ സ്ഥിരതാമസമാക്കുന്നു. കുടുംബത്തിൽ നിന്ന് പോകുന്നവർ തിരിച്ചുവരാൻ വിമുഖരാണ്. അപ്പോൾ തനിച്ചാകുന്ന കാരണവന്മാർ എന്തുകൊണ്ടും ഏകാന്തരാകുന്നു.

എന്നും മലയോരത്തിന്റെ ഒരു പ്ലസ് പോയിന്റാണ് കായിക രംഗം. ഇവിടെ ഓടിയും ചാടിയും കളിച്ചും നടന്നവർ നാടിന് പേരും പ്രശസ്തിയും ഉണ്ടാക്കി. അവരെ ഓർത്ത് നാട് അഭിമാനിക്കുന്നു. അതിനാൽ കായിക മേഖലയെ ഒരിക്കലും കൈവിടാതിരിക്കുക.

/alphonsacollegethiruvambady

# 2022-23 ADMISSION OPEN

To Witness to the Truth




## പ്രത്യേകതകളും അംഗീകാരങ്ങളും

- യൂണിവേഴ്സിറ്റി റാങ്കോടു കൂടിയ ഉയർന്ന വിജയ ശതമാനം
- പഠനത്തിനുശേഷം ഉടൻ ജോലി ലഭിക്കുന്ന Job Fair & Placement Cell
- ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനത്തിന് കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയുടേത് ഉൾപ്പെടെയുള്ള കോച്ചിംഗ്
- കേന്ദ്ര വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള MGNCRE യുടെ DISTRICT GREEN CHAMPION AWARD
- ISO 9001: 2015 സർട്ടിഫിക്കേഷൻ
- കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ BEST WDC AWARD (സ്ത്രീ ശാക്തീകരണം)
- കേരള സർക്കാർ ഹരിതമിഷന്റെ പച്ചതുരുത്ത് അംഗീകാരം
- വ്യക്തിപരമായ ശ്രദ്ധ പതിപ്പിക്കുന്ന മെന്ററിങ് വാല്യു എഡ്യുക്കേഷൻ ക്ലാസുകൾ
- റാഗിങ് രഹിത ക്യാമ്പസ്
- സജീവമായ പി ടി എ യും, പ്രവർത്തനങ്ങളും
- പെൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം

**M.Com** Finance

**MA** English

**B.Com** Finance

**BBA** Finance

**BA** Journalism & Mass Communication

**B.Com** Computer Application

**B.Sc.** Psychology

**BA** English Literature (Journalism)

## Alphonsa College
### Thiruvambady

Run by Educational Trust of Diocese of Thamarassery
Affiliated to the University of Calicut
Thiruvambady | Chavalapara | 673 603 | Kozhikode | Kerala

www.acttdy.com I An ISO 9001: 2015 certified institution

**For Admission**
+91 8606890272
+91 9846840272
0495 - 2254055
office@alphonsacollegethiruvambady.com

**BE AN ALPHONSIAN**

# മികവിന്റെ കേന്ദ്രമായി മലബാർ സ്പോർട്സ് അക്കാദമി

മലയോരമേഖലയിലെ കായിക ശേഷിയുള്ള പ്രതിഭാധനരായ കുട്ടികളെ കണ്ടെത്തി ദീർഘകാല അടിസ്ഥാനത്തിൽ വിദഗ്ധ പരിശീലനം നൽകി അവരെ സംസ്ഥാന തലത്തിലും ദേശീയതലത്തിലും മിന്നുന്ന താരങ്ങളായി വളർത്തുവാൻ രണ്ടായിരത്തി മൂന്നിൽ പുല്ലൂരാംപാറ ആസ്ഥാനമായി ആരംഭിച്ച കായിക കേന്ദ്രമാണ് മലബാർ സ്പോർട്സ് അക്കാദമി. തുടക്കത്തിൽ പുല്ലൂരാംപാറ ഹൈസ്കൂളിലെ കുട്ടികളെ കേന്ദ്രീകരിച്ചായിരുന്നു പരിശീലനം നടത്തിയത്. ആരംഭത്തിൽ 32 മെമ്പർമാരുടെ സഹകരണത്തോടെ തുടങ്ങിയ പ്രസ്ഥാനം പുല്ലൂരാംപാറ സ്കൂളിന്റെയും മാനേജ്മെന്റിന്റെയും നാട്ടുകാരുടെയും പ്രോത്സാഹനത്തോടെ പടിപടിയായി വളർന്നു. തുടക്കത്തിൽ ജില്ലാ ചാമ്പ്യൻഷിപ്പും ഏതാനും സംസ്ഥാന മെഡലുകളും കൊണ്ടു തൃപ്തിപ്പെട്ട അക്കാഡമി 2010ൽ കോച്ച് ടോമി ചെറിയാന്റെ വരവോടുകൂടി കൂടുതൽ മിന്നും പ്രകടനങ്ങൾ കാഴ്ചവയ്ക്കുവാൻ തുടങ്ങി. തെരേസ ജോസഫ്, ലിസ്ബത് കരോളിൻ ജോസഫ്, അപർണ റോയ് തുടങ്ങിയ താരങ്ങൾ റെക്കോർഡുകൾ തിരുത്തി കൊണ്ട് ദേശീയ ശ്രദ്ധ ആകർഷിച്ചു.

കാസർകോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നിന്നുമുള്ള കുട്ടികളെ കൂടാതെ ലക്ഷദ്വീപിൽ നിന്നുള്ള രണ്ടു കുട്ടികളും ഇപ്പോൾ പരിശീലനം നടത്തുന്നു. ഇവർക്കുവേണ്ടി പ്രത്യേകം ഹോസ്റ്റലുകളും ഉണ്ട്.

അത്ലറ്റിക്സിലെ എല്ലാ വിഭാഗങ്ങളിലും ഇവിടെ പരിശീലനം നൽകുന്നു. സ്പ്രിന്റ് ഇനങ്ങളിലും, മിഡിൽ ഡിസ്റ്റൻസിലും ലോങ് ഡിസ്റ്റൻസിലും, വോക്കിങ്ങിലും ജമ്പ് ഇനങ്ങളിലും ത്രോസ് ഇനങ്ങളിലും പരിശീലനം നൽകുന്നുണ്ട്. ഓരോ വിഭാഗത്തിനും പ്രത്യേകം പരിശീലകർ ഉണ്ട്. ടോമി ചെറിയാന്റെ നേതൃത്വത്തിൽ ജോളി തോമസ്, സി. കെ. സത്യൻ, മനോജ് ചെറിയാൻ, സുനിൽ ജോൺ, കെ. ആർ. സുജിത്ത് എന്നിവരാണ് പരിശീലനം നൽകുന്നത്.

ജോസ് മാത്യു ചെയർമാനും, ടി. ടി. കുര്യൻ കൺവീനറും പി. കെ. സോമൻ ട്രഷററുമാണ്. ആറാം ക്ലാസ് മുതൽ പ്ലസ്ടു വരെയുള്ള 80 കുട്ടികളാണ് ഇവിടെ പരിശീലനം നേടുന്നത്. അക്കാദമി പരിശീലിപ്പിച്ച നിരവധി ദേശീയ അന്തർദേശീയ താരങ്ങളിൽ പ്രമുഖരായ അപർണ റോയ് തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ പഠിച്ചുകൊണ്ട് തിരുവനന്തപുരം സായി കേന്ദ്രത്തിൽ പരിശീലനം നടത്തുന്നു. കൂടാതെ ലിസ്ബത് കരോളിൻ ജോസഫ് സ്കോളർഷിപ്പോടു കൂടി അമേരിക്കയിലെ വെർജീനിയയിലെ ലിബർട്ടി കോളേജിൽ പഠിച്ചുകൊണ്ട് പരിശീലനം നടത്തുന്നു.



ഈ വർഷം ലക്ഷദ്വീപിൽ നിന്നും ഈ സെന്ററിൽ പരിശീലനത്തിന് എത്തിയ മുബസീന മുഹമ്മദ് എന്ന പെൺകുട്ടി ഫ്രാൻസിൽ നടന്ന ലോക സ്കൂൾ അത്‌ലറ്റിക് മീറ്റിൽപങ്കെടുത്തു. കേരളത്തിലെ മികച്ച സ്പോർട്സ് ക്ലബുകൾക്ക് മനോരമ ഏർപ്പെടുത്തിയ അവാർഡ് രണ്ട് പ്രാവശ്യം നേടി. ഒരു തവണ രണ്ടും പിന്നീട് മൂന്നും. അക്കാദമിയിലെ കായിക താരങ്ങൾ പങ്കെടുത്ത സംസ്ഥാന സ്കൂൾ കായികമേളയിൽ രണ്ടുപ്രാവശ്യം പുല്ലൂരാംപാറ ഹയർസെക്കൻഡറി സ്കൂളിന് രണ്ടാംസ്ഥാനത്തും മൂന്നാം സ്ഥാനത്തും എത്തിച്ചു. രണ്ടുപ്രാവശ്യം പുല്ലൂരാംപാറ ഹയർ സെക്കൻഡറി സ്കൂളിന് ജി. വി. രാജ അവാർഡ് ലഭിച്ചു

# കുടിയേറ്റ സ്മാരകമായി കല്ലാനോട് ജൂബിലി സ്റ്റേഡിയം

ഫാ. ജോർജ് വട്ടുകുളത്തിന്റെ ദീർഘവീക്ഷണത്തിന്റെയും നിതാന്ത ജാഗ്രതയുടെയും ഫലമാണ് കല്ലാനോട്ടെ ജൂബിലി സ്റ്റേഡിയം. കേരളത്തിലെ ആദ്യത്തെ സമ്പൂർണ ഗ്രാമീണ സ്റ്റേഡിയമാണിത്. 1957–ൽ വികാരിയായിരുന്ന അദ്ദേഹമാണ് മൈതാനത്തിനുള്ള പ്രാഥമിക നടപടികൾ തുടങ്ങിവച്ചത്. തേനമാക്കൽ ആഗസ്തി, എടമനശേരി മത്തായി, നെടുവേലി പാപ്പു എന്നിവരോട് 2 ഏക്കർ സ്ഥലം മേടിച്ചു. വെള്ളക്കുഴിയും പാറക്കെട്ടുമായിരുന്ന സ്ഥലം മണ്ണിട്ട് നികത്തി കളിക്ക് അനുയോജ്യമാക്കി. ഉറവ മൂലമുണ്ടാകുന്ന പ്രശ്നം പരിഹരിക്കാൻ ഡ്രെയിനേജ് സംവിധാനമൊരുക്കി.

തുടർന്ന് വികാരിയായി വന്ന ഫാ. ജേക്കബ് നരിക്കുഴി മൈതാനത്തിന്റെ വലിപ്പം കൂട്ടി മിനി ഫുട്ബോൾ കോർട്ടാക്കി. 1968ൽ തലശേരി രൂപതാധ്യക്ഷൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഉദ്ഘാടനം ചെയ്തു. കുടിയേറ്റത്തിന്റെ രജത ജൂബിലി സ്മാരകമെന്ന നിലയ്ക്കാണ് ജൂബിലി സ്റ്റേഡിയമെന്ന പേര് നൽകിയത്. 1971–74 കാലഘട്ടത്തിൽ വികാരിയായിരുന്ന ഫാ. കുര്യാക്കോസ് ചേംബ്ലാനിയുടെ നേതൃത്വത്തിൽ തിരുനാളിനോട് അനുബന്ധിച്ച് വി.വി.എം ഫുട്ബോൾ ആരംഭിച്ചു.

എ. സി. ഷൺമുഖദാസ് കായിക മന്ത്രിയായിരിക്കെ സർക്കാരിൽ നിന്ന് ലഭിച്ച ഒരു ലക്ഷം രൂപയുടെ ഗ്രാന്റ് ഉപയോഗിച്ച് സ്ഥിരമായ ഗാലറി നിർമിച്ചു. ഫാ. വട്ടുകുളത്തിന്റെ ഓർമയ്ക്കായി പവിലിയനും നിർമിച്ചു. 1982 ഫെബ്രുവരി ആറിന് അന്ന് കായികമന്ത്രി ഉമ്മൻ ചാണ്ടി സ്റ്റേഡിയവും പവിലിയനും കായിക പ്രേമികൾക്ക് സമർപ്പിച്ചു.

ഫാ. ജോർജ് ആശാരിപ്പറമ്പിലിന്റെ കാലത്ത് രണ്ടാംഘട്ട സ്റ്റേഡിയ വിപുലീകരണത്തിന്റെ ഭാഗമായി കേന്ദ്ര ഫണ്ടുപയോഗിച്ച് പടിഞ്ഞാറ് ഭാഗത്ത് ഗാലറി ഉണ്ടാക്കി. നിർമാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് അതത് സമയത്തെ വികാരിയച്ചന്മാരും ഒ. ആർ. അബ്രാഹം ഓലിക്കപ്ലാവിൽ സെക്രട്ടറിയായ നിർമാണ കമ്മറ്റിയുമായിരുന്നു. 12000 പേർക്കിരുന്ന് കളി കാണാവുന്ന സൗകര്യമാണ് കല്ലാനോട് ജൂബിലി സ്റ്റേഡിയത്തിനുള്ളത്.

# ചക്കിട്ടപാറ ഗ്രാമീണ സ്പോർട്സ് അക്കാദമി

ചക്കിട്ടപാറയിലേയും പരിസരപ്രദേശങ്ങളിലേയും വിദ്യാർഥികൾക്ക് മികച്ച കായിക പരിശീലനം നൽകുകയെന്ന ലക്ഷ്യത്തോടെ ചക്കിട്ടപാറ ഗ്രാമീണ സ്പോർട്സ് അക്കാദമി പ്രവർത്തനം ആരംഭിക്കുന്നത് 2008ലാണ്. ചക്കിട്ടപാറ സർവീസ് സഹകരണ ബാങ്ക് സെക്രട്ടറിയായിരുന്ന കെ. എം. പീറ്ററാണ് അക്കാദമിയുടെ അമരക്കാരൻ.

യൂണിവേഴ്സിറ്റി അത്‌ലറ്റിക്സ് താരമായിരുന്ന കെ. എം. പീറ്റർ ചെറിയ രീതിയിലാണ് അക്കാദമി ആരംഭിച്ചത്. അക്കാദമിയിലെ ആദ്യകാല താരങ്ങൾ അദ്ദേഹത്തിന്റെ മക്കൾ തന്നെയായിരുന്നു. ഇരുവരും ദേശീയ മെഡൽ ജേതാക്കളാണ്.

ജിൻസൺ ജോൺസൺ, നയന ജെയിംസ്, ജിബിൻ സെബാസ്റ്റ്യൻ, സച്ചിൻ ജെയിംസ് എന്നീ കായിക പ്രതിഭകളെ ലോക കായിക ഭൂപടത്തിലേക്ക് കൈപിടിച്ച് ഉയർത്തിയത് കെ. എം. പീറ്ററും അദ്ദേഹത്തിന്റെ ഗ്രാമീണ സ്പോർട്സ് അക്കാദമിയുമാണ്.

അത്‌ലറ്റിക്സ്, ഗെയിംസ് ഇനങ്ങളിലാണ് അക്കാദമി പരിശീലനം നൽകുന്നത്. ചക്കിട്ടപാറ ഗ്രാമ പഞ്ചായത്ത് സ്റ്റേഡിയത്തിലാണ് അക്കാദമിയിലെ താരങ്ങൾ പരിശീലനം നടത്തുന്നത്.

മികച്ച സൗകര്യങ്ങൾ ഒരുക്കാൻ സാധിച്ചാൽ ഈ പ്രദേശങ്ങളിൽ നിന്ന് നിരവധി കായിക താരങ്ങളെ വാർത്തെടുക്കാൻ സാധിക്കുമെന്ന് കെ. എം പീറ്റർ പറയുന്നു.

"മലബാറിന് പുറത്ത് പ്രത്യേകിച്ച് തെക്കൻ കേരളത്തിലെ മിക്ക സ്പോർട്സ് അക്കാദമിയിലും ഇവിടുത്തെ കുട്ടികളാണ് പരിശീലനം നടത്തുന്നത്. അവരുടെ കായിക മികവുകൊണ്ടാണ് പലപ്പോഴും പല അക്കാദമികളും കായിക മേളകളിൽ തിളങ്ങുന്നത്. മികച്ച സൗകര്യങ്ങൾ ഒരുക്കി ഇവരെ ഇവിടെ തന്നെ പരിശീലിപ്പിക്കാൻ നമുക്ക് കഴിയണം" അദ്ദേഹം പറഞ്ഞു.

# വിജയത്തിളക്കത്തിൽ പരിയാപുരം മരിയൻ സ്പോർട്സ് അക്കാദമി

പരിയാപുരം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ മാനേജ്മെന്റിനു കീഴിൽ 2015 മാർച്ച് 16ന് പ്രവർത്തനമാരംഭിച്ച പരിയാപുരം മരിയൻ സ്പോർട്സ് അക്കാദമിക്ക് മികവിന്റെ കഥകൾ പറയാനേറെയുണ്ട്. 28 ദേശീയ താരങ്ങളും 511 സംസ്ഥാന താരങ്ങളും ഏഴു വർഷത്തെ ചിട്ടയായ പരിശീലനത്തിലൂടെ അക്കാദമിയിൽ പിറവിയെടുത്തു.

അത്‌ലറ്റിക്സ്, ഫുട്ബോൾ, നെറ്റ്ബോൾ, കോർഫ്ബോൾ, കരാട്ടെ, കുങ്ഫു, വുഷു, യോഗ, കളരിപ്പയറ്റ് തുടങ്ങിയ ഇനങ്ങളിൽ വിദഗ്ധ പരിശീലകരുടെ നേതൃത്വത്തിൽ കൃത്യമായ മാസ്റ്റർ പ്ലാൻ തയാറാക്കി പരിശീലനം നടക്കുന്നു. പ്ലസ്ടു പഠനം പൂർത്തിയാകുന്നതോടെ രാജ്യത്തെ മികച്ച കോളജുകളിൽ അഡ്മിഷൻ നേടാനും താരങ്ങൾക്ക് കഴിയുന്നുണ്ട് എന്നതും ശ്രദ്ധേയം.കിഡ്സ് അത്‌ലറ്റിക്സ്, വടംവലി, ഷട്ടിൽ ബാഡ്മിന്റൺ, ബോൾ ബാഡ്മിന്റൺ എന്നിവയിലും പരിശീലനം തുടങ്ങും.

മികച്ച മൈതാനവും സൗകര്യപ്രദമായ ലോങ് ജംപ് പിറ്റും എല്ലാവിധ കളിയുപകരണങ്ങളും അനുബന്ധ സൗകര്യങ്ങളും ഇവിടെയുണ്ട്.

മലപ്പുറം ജില്ലയിലെ വിവിധ വിദ്യാലയങ്ങളിലെ കുട്ടികൾ അവധിക്കാല അത്‌ലറ്റിക്സ്, ഫുട്ബോൾ, നെറ്റ്ബോൾ, ആയോധന കല ക്യാംപുകളിൽ ഇവിടെ പരിശീലനം നേടുന്നുണ്ട്. കായികതാരങ്ങൾക്ക് താമസസൗകര്യവുമുണ്ട്.

അക്കാദമിയിലെ നെറ്റ്ബോൾ താരം അനു ജോസഫ് ഇപ്പോൾ ഇന്ത്യൻ ക്യാംപിലുണ്ട് എന്നതും അഭിമാനകരം.

ജില്ലാ അത്‌ലറ്റിക് അസോസിയേഷന്റെ മികച്ച പരിശീലകനുള്ള പുരസ്കാരം നേടിയ കെ. എസ്. സിബി (കോതമംഗലം മാർ ബേസിൽ സ്കൂളിലെ മുൻ പരിശീലകൻ), ദേശീയ ഫുട്ബോൾ റഫറി ജസ്റ്റിൻ ജോസ് എന്നിവരാണ് മുഖ്യപരിശീലകർ.

ദേശീയ മത്സരങ്ങളിൽ സ്വർണനേട്ടങ്ങൾ സ്വന്തമാക്കിയ പുലാമന്തോൾ ഐഎസ്കെ–യിലെ മുഹമ്മദാലിയും സാജിദയുമടങ്ങുന്ന ടീമാണ് ആയോധനകലാ പരിശീലകർ.

അക്കാദമി സ്ഥാപക ചെയർമാൻ ഫാ.ജേക്കബ് കൂത്തൂർ, പിന്നീട് ചുമതലയേറ്റ ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ, ഇപ്പോഴത്തെ ചെയർമാൻ ഫാ. ജെയിംസ് വാമറ്റത്തിൽ എന്നിവരുടെ നേതൃത്വം അഭിനന്ദനീയമാണ്.

ജോസി വർഗീസ് (കൺവീനർ), മനോജ് വീട്ടുവേലിക്കുന്നേൽ (സെക്രട്ടറി). ആന്റണി ഇയ്യാലിൽ (വൈ.ചെയർ.). ജെറിൻ ജോർജ് (ട്രഷറർ) എന്നിവർ ഭാരവാഹികളും മാത്യു പുതുപ്പറമ്പിൽ (പാരിഷ് ട്രസ്റ്റി), ബെനോ തോമസ് (പ്രിൻസിപ്പൽ), ജോജി വർഗീസ്, ഷീല ജോസഫ് (പ്രഥമാധ്യാപകർ), ഡൊമിനിക് പുതുപ്പറമ്പിൽ, ജോർജ് ജേക്കബ്, ജോസ് കൊല്ലറേട്ട്, പി. ഡി. സജി, ആന്റണി മുട്ടുങ്കൽ, ബിജു ജോസഫ് എന്നിവർ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുമാണ്.

കായികരംഗത്ത് നേട്ടങ്ങൾ കൊയ്തെടുക്കാൻ താൽപര്യമുള്ളവർക്ക് ഏതു ദിവസവും അക്കാദമിയിൽ ചേർന്ന് പരിശീലനമാരംഭിക്കാം.

ഫോൺ: 9846943212, 9400108556, 9747567503.

# പരിക്കുകൾ കളിക്കളത്തിലെ വില്ലനോ?

## കൃത്യമായ ചികിത്സ, വിശ്രമം അനിവാര്യം

*കായിക താരങ്ങളുടെ പേടി സ്വപ്നമാണ് പരിക്ക്. ഉളുക്കും ക്ഷതവും പേശീവലിവുമൊക്കെ ഗ്രൗണ്ടിലിറങ്ങുന്നവരെ കാത്തിരിക്കുന്ന വില്ലന്മാരാണ്. സ്പോർട്സിലെ പരിക്കുകൾ വിദഗ്ധ ഡോക്ടറുടെ പരിശോധനയിലൂടെ വേണം ചികിത്സിക്കാൻ. സ്പോർട്സ് മെഡിസിൻ രംഗത്ത് ആയുർവേദവും ഫിസിയോതെറാപ്പിയും സമന്വയിപ്പിച്ച് പുതുവഴി തുറന്ന കൊണ്ടോട്ടിയിലെ ഡയസ്മാൻ ഹോസ്പിറ്റലിന്റെ മാനേജിങ് ഡയറക്ടർ **ഡോ. പി. അർഷാദ്** കളിക്കളത്തിലെ പരിക്കുകളെക്കുറിച്ചും പ്രതിരോധ മാർഗങ്ങളെക്കുറിച്ചും സംസാരിക്കുന്നു.*

● *പരിക്കുകൊണ്ട് കരിയർ അവസാനിപ്പിക്കേണ്ടി വന്ന കായിക താരങ്ങൾ നിരവധിയാണ്. എങ്ങനെയാണ് സ്പോർട്സിൽ പരിക്ക് വില്ലനാകുന്നത്?*

● പരിക്കുകൊണ്ട് ഗ്രൗണ്ടിനോട് ഗുഡ്ബൈ പറയുന്നവർ ഏറെയാണ്. അത്തരം കേസുകൾ പരിശോധിച്ചാൽ മനസിലാകുന്നത് അവർ കൃത്യമായി ചികിത്സക്ക് വിധേയമാകുന്നില്ലെന്നാണ്. അല്ലെങ്കിൽ കൃത്യമായി വിശ്രമിക്കുന്നില്ല എന്നതാണ്. ചിലർ പരിക്കിനെ കാര്യമായി കാണാതെ വീണ്ടും മത്സരത്തിനും പരിശീലനത്തിനും ഇറങ്ങി പരിക്കിനെ വഷളാക്കും.
പ്രധാന മത്സരത്തിന്റെയോ മീറ്റിന്റെയോ മുമ്പ് പെട്ടെന്ന് പരിക്കേൽക്കുന്നവരുണ്ട്. ആ പരിക്കുവച്ച് മീറ്റിനിറങ്ങി പിന്നീട് ഗ്രൗണ്ടിലേക്ക് ഇറങ്ങാനേ കഴിയാതെ കരിയർ അവസാനിപ്പിക്കേണ്ടി വരുന്നവരുമുണ്ട്. അന്ന് ആ മീറ്റ് വേണ്ടെന്ന് വച്ച് കൃത്യമായി ചികിത്സയെടുത്ത് വിശ്രമിച്ചിരുന്നെങ്കിൽ പിന്നീട് എത്രയോ മീറ്റിൽ ഭംഗിയായി മത്സരിക്കാൻ അവർക്ക് കഴിഞ്ഞേനെ.


ഡോ. പി. അർഷാദ്

സച്ചിൻ ടെൻഡുൽക്കർ പിന്തുടർന്നത് ഇത്തരമൊരു മാർഗമായിരുന്നു. പരിക്കിനെ കൃത്യമായി ചികിത്സിച്ച് വിശ്രമിച്ച് കളിക്കളത്തിലേക്ക് തിരിച്ചെത്തി. മരിയ ഷറപ്പോവ ആറു വർഷം വിശ്രമവും ചികിത്സയുമായി കഴിഞ്ഞതിനു ശേഷമാണ് കളിക്കളത്തിലേക്ക് തിരിച്ചെത്തി വിമ്പിൾഡൺ കിരീടം ചൂടിയത്. പരിക്കുമായി മുന്നോട്ട് പോയാൽ കരിയറും പ്രകടനവും മോശമായിക്കൊണ്ടിരിക്കും.

● *പരിക്കിനെ പ്രതിരോധിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് കായികതാരങ്ങൾ ശ്രദ്ധിക്കേണ്ടത്?*

● പരിക്കിന്റെ പിടിയിൽ അകപ്പെടാതിരിക്കാൻ ഭക്ഷണ കാര്യത്തിൽ പ്രത്യേക ശ്രദ്ധ നൽകണം. നല്ല ഭക്ഷണം വേണ്ട അളവിൽ കഴിക്കണം. വിശ്രമമാണ് മറ്റൊരു പ്രധാന ഘടകം. ഒരു കായിക താരം ആറു മുതൽ ഏഴു മണിക്കൂർ വരെയെങ്കിലും ചുരുങ്ങിയത് വിശ്രമിക്കണം. മൊബൈലുമായി ഇരുന്ന് രാത്രി ഏറെ വൈകി ഉറങ്ങുന്നവർക്ക് പരിക്ക് ഏൽക്കാൻ സാധ്യത കൂടുതലാണ്. വാം അപ്പ് ചെയ്യാനും കൃത്യമായി എക്സർസൈസ് ചെയ്യാനും ശ്രദ്ധിക്കണം. സ്പോർട്സ് മസാജ് മിക്ക താരങ്ങളും അവഗണിക്കുന്ന ഒന്നാണ്. മാസത്തിൽ ഒരിക്കലെങ്കിലും സ്പോർട്സ് മസാജിന് വിധേയമാകണം.

● *കായിക താരങ്ങൾക്ക് നൽകാനുള്ള ഉപദേശം എന്താണ്?*

● ആഹാരമാണല്ലോ നമുക്ക് ആരോഗ്യം തരുന്നത്. കായിക താരങ്ങൾ ന്യൂട്രീഷനിൽ ശ്രദ്ധിച്ചില്ലെങ്കിൽ അത് അനാരോഗ്യത്തിലേക്ക് നയിക്കും. ചിലർക്ക് ഇത്തിരി നടക്കുമ്പോൾ പോലും കിതപ്പ് അനുഭവപ്പെടാം. അത് ചിലപ്പോൾ രക്തത്തിലെ ഹീമോഗ്ലോബിന്റെ അളവ് കുറയുന്നതുകൊണ്ടാകാം. അത്തരക്കാർ ഇരുമ്പ് സത്ത് അടങ്ങിയ ഭക്ഷണം കഴിക്കാൻ ശ്രമിക്കണം. ഉദരമാണ് ഏറ്റവും പ്രധാപ്പെട്ട അവയവം. ഉദരം മോശമായാൽ എല്ലാം താളം തെറ്റും. ഉദരത്തെ തകർക്കാത്ത നല്ല ഭക്ഷണം ശീലമാക്കണം. കൂടാതെ സ്പോർട്സ് ജീവിതത്തിന്റെ ഒരു ഭാഗമാക്കണം. ദിവസവും നടക്കാനും ഓടാനും സമയം കണ്ടെത്തണം. ആരോഗ്യമാണ് പ്രധാനം എന്ന് മറക്കാതിരിക്കുക. മലയോരത്തു നിന്നു വരുന്ന പല കായിക താരങ്ങളും കൃത്യമായ ന്യൂട്രീഷൻ ലഭിക്കാതെ വരുന്നവരാണ്. അവരുടെ ശരീരത്തിന് ആവശ്യമായ ചിട്ടയായ ഭക്ഷണക്രമം രൂപപ്പെടുത്തുവാൻ അവരുടെ പരിശീലകർ കൂടി ശ്രദ്ധിക്കണം.

● ഡയസ്മാനിൽ നൽകുന്ന ചികിത്സ എപ്രകാരമാണ്?

● കൺസർവേറ്റീവ് ഫിസിയോതെറാപ്പിയും ആയുർവേദവും സമന്വയിപ്പിച്ചുള്ള ചികിത്സാ രീതിയാണ് ഡയസ്മാനിൽ നൽകുന്നത്. ചികിത്സാ കാലാവധിയും വിശ്രമവും കുറച്ചു മതിയെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. തോളിലെ പരിക്ക്, ഉപ്പൂറ്റിയിലേയും മുട്ടിലേയും പരിക്ക് എന്നിവയ്ക്കെല്ലാം ഈ ചികിത്സാ ക്രമംകൊണ്ട് മികച്ച റിസൾട്ട് നേടാൻ കഴിഞ്ഞിട്ടുണ്ട്.

അത്‌ലറ്റ് മയൂഖ ജോണി, ടിന്റു ലൂക്ക, ഡിസ്കസ് ത്രോ താരം കൃഷ്ണ പൂനിയ, ഒളിംപ്യൻ കെ. എം. ബിനു, ബാഡ്മിന്റൻ താരം വി. ഡിജു തുടങ്ങി നിരവധി താരങ്ങൾ ഇവിടെ ചികിത്സ തേടിയെത്തിട്ടുണ്ട്. അഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുമുള്ള ഫുട്ബോൾ താരങ്ങളും ഇവിടെ ചികിത്സയ്ക്ക് എത്താറുണ്ട്. ആയുർവേദവും ഫിസിയോതെറാപ്പിയും യോഗയുമെല്ലാം സംയോജിപ്പിച്ച് ഹോളിസ്റ്റിക് ഇന്റഗ്രേറ്റഡ് അപ്രോച്ച് ട്രെയ്നിങ് ട്രീറ്റ്മെന്റാണ് അടുത്ത ലക്ഷ്യം.


## മലബാർ വിഷനിൽ പരസ്യം നൽകാം

ജന്മദിനം, മാമ്മോദീസ, കുർബാന സ്വീകരണം, വിവാഹം, വിവാഹവാർഷികം, ചരമ വാർഷികങ്ങൾ

പരസ്യങ്ങൾ വാട്സാപ് വഴി നൽകുവാനുള്ള സൗകര്യം മലബാർ വിഷൻ ഒരുക്കുന്നു. ഓഫീസിലേക്കു വരാതെ തന്നെ വായനക്കാർക്കു നിമിഷനേരം കൊണ്ട് തങ്ങളുടെ പരസ്യങ്ങൾ മലബാർ വിഷനിൽ പ്രസിദ്ധീകരണത്തിനായി നൽകാം. ആദരാഞ്ജലികൾ, വിവാഹ ആശംസ, വിവാഹവാർഷികം, ജന്മദിന ആശംസകൾ തുടങ്ങിയ പേഴ്സണൽ പരസ്യങ്ങളാണ് വാട്സാപ്പ് വഴി നൽകാവുന്നത്.

വിവരങ്ങൾക്ക്: 9497564558, 9745967733
വാട്സാപ്പ്: 9744995553







## ഉപകാരസ്മരണ



മരിയ റോയ്, പാലക്കാട്

## ഉപകാരസ്മരണ



ഒരു വിശ്വാസി– ആനക്കാംപൊയിൽ

## ഉപകാരസ്മരണ



ലിസമ്മ, പുല്ലൂരാംപാറ

ക്രിസ്ത്യൻ വിവാഹങ്ങൾക്ക്
അമല മാട്രിമോണി
+91 9207 61 27 65
FOR FREE REGISTRATION
www.amalamatrimony.com



AMALA MATRIMONY
A CHRISTIAN MATRIMONY RUN BY CMI FATHERS

# പ്രതിഭകളെ കാത്ത് 'സായ്'

**യുവ കായികപ്രതിഭകളെ കണ്ടെത്തി അവരെ ദേശീയ-അന്തർദേശീയ തലങ്ങളിലേക്ക് വളർത്തുന്ന സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ വിവിധ പദ്ധതികൾ പരിചയപ്പെടാം**



ലിജോ ഇ. ജോൺ
(വോളിബോൾ കോച്ച്, സെന്റർ ഇൻചാർജ് സായ് STC, കോഴിക്കോട്)

കായിക പ്രതിഭകളെ കണ്ടെത്തുവാനും ദേശീയ അന്തർദേശീയ തലങ്ങളിലേക്ക് അവരെ വളർത്തുവാനും ലക്ഷ്യമിട്ട് കേന്ദ്ര യുവജനകാര്യ സ്പോർട്സ് മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന സ്വതന്ത്ര സ്ഥാപനമാണ് സായി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ. ബാംഗ്ലൂർ, കൊൽക്കത്ത, ഗാന്ധിനഗർ, കണ്ഡിവേലി, ഭോപ്പാൽ, സോനപേട്ട്, ലക്നൗ, ചണ്ഡീഗഢ്, ഗുവാഹത്തി, ഇംഫാൽ എന്നിവിടങ്ങളിലെ റീജിയണൽ സെന്ററുകൾ വഴിയാണ് സായിയുടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നത്.

കേരളത്തിലെ സായിയുടെ സ്ഥാപനങ്ങൾ പരിചയപ്പെടാം.

## നാഷണൽ സെന്റർ ഓഫ് എക്സലൻസ്

കൃത്യമായ പരിശീലന പരിപാടികളിലൂടെ പ്രതിഭകൾക്ക് ദിശാബോധം നൽകി ദേശീയ ടീമിലേക്കുള്ള പ്രവേശനത്തിന് പ്രാപ്തമാക്കുകയാണ് നാഷണൽ സെന്റർ ഓഫ് എക്സലൻസ് ലക്ഷ്യമിടുന്നത്. കേരളത്തിൽ ആലപ്പുഴയിലും തിരുവനന്തപുരത്തുമാണ് നാഷണൽ സെന്റർ ഓഫ് എക്സലൻസ് സ്ഥാപനങ്ങളുള്ളത്. ആലപ്പുഴയിൽ റോവിങ്, കയാക്കിങ് & കനോയിങ് എന്നിവയ്ക്കുള്ള പരിശീലനം നൽകുന്നു. തിരുവനന്തപുരത്ത് അത്‌ലറ്റിക്സ്, സൈക്ലിങ്, ഫുട്ബോൾ, ഫെൻസിങ്, തൈക്കോണ്ടോ, വോളിബോൾ എന്നീ ഇനങ്ങളിൽ പരിശീലനം നൽകുന്നു.

## സായ് ട്രെയ്നിങ് സെന്റർ

10 മുതൽ 18 വയസുവരെയുള്ള കായികതാരങ്ങളുടെ വളർച്ചയും പരിശീലനവും ലക്ഷ്യമിട്ടാണ് സായ് ട്രെയ്നിങ് സെന്ററുകൾ പ്രവർത്തിക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് താമസ ഭക്ഷണ സൗകര്യവും ശാസ്ത്രീയ പരിശീലന ഉപകരണങ്ങളുടെ ലഭ്യതയും വിദ്യാഭ്യാസ അലവൻസും ഇൻഷൂറൻസ് പരിരക്ഷയും സംസ്ഥാന സർക്കാർ ഉറപ്പാക്കുന്നു.

കൊല്ലം, തൃശൂർ, കോഴിക്കോട്, തലശ്ശേരി എന്നിവിടങ്ങളിലാണ് സായി ട്രെയ്നിങ് സെന്ററുകൾ ഉള്ളത്.

കൊല്ലത്ത് അത്‌ലറ്റിക്സ്, ഫുട്ബോൾ, ഹോക്കി, കബഡി എന്നീ ഇനങ്ങളിൽ പരിശീലനം നൽകുന്നു. തൃശൂരിൽ ജൂഡോ, ഭാരോദ്വഹനം, നീന്തൽ എന്നീ ഇനങ്ങളിലും കോഴിക്കോട് അത്‌ലറ്റിക്സിലും വോളിബോളിലും പരിശീലനം നൽകുന്നു. തലശ്ശേരിയിൽ അത്‌ലറ്റിക്സ്, ഫെൻസിങ്, ജിംനാസ്റ്റിക്സ്, വോളിബോൾ, റെസ്‌ലിങ് എന്നീ ഇനങ്ങളിലാണ് പരിശീലനം നൽകുന്നത്.

## എക്സ്റ്റൻഷൻ സെന്ററുകൾ

സ്കൂൾ കോളജ് തല മത്സരങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ 17 ഇനങ്ങളിൽ പരിശീലനം നൽകുന്ന പദ്ധതി. 10 മുതൽ 18 വയസു വരെയുള്ളവർക്ക് പരിശീലനം നൽകുന്നു. താമസ സൗകര്യം നൽകുകയില്ല.

## ഖേലോ ഇന്ത്യ അക്കാദമി

ഖേലോ ഇന്ത്യാ യൂത്ത് ഗെയിംസിലും യൂണിവേഴ്സിറ്റി ഗെയിംസിലും പങ്കെടുക്കുവാൻ തെരഞ്ഞെടുക്കപ്പെട്ടവർക്ക് ഇവിടെ പ്രവേശനം ലഭിക്കും. കോന്നിയിലാണ് കേരളത്തിലെ ഖേലോ ഇന്ത്യാ അക്കാദമി. സായി നടത്തുന്ന പ്രതിഭാ തെരഞ്ഞെടുപ്പിലൂടെയും അക്കാദമിയിലേക്ക് പ്രവേശനം ലഭിക്കും. ശാസ്ത്രീയ പരിശീലനത്തിന് പുറമെ താമസ-ഭക്ഷണ സൗകര്യവും ഇൻഷൂറസ് കവറേജും സ്പോർട്സ് കിറ്റും ലഭിക്കും. കൂടാതെ മാസംതോറും 10000 രൂപ പോക്കറ്റ് മണിയും ലഭിക്കും.

## നാഷണൽ സ്പോർട്സ് ടാലന്റ് കോൺടസ്റ്റ്

കായിക രംഗത്ത് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതും മികച്ച അടിസ്ഥാന സൗകര്യങ്ങളുമുള്ള സ്കൂളുകളെ സായി ഏറ്റെടുക്കുന്ന പദ്ധതി. വളർന്നുവരുന്ന കായികതാരങ്ങൾക്ക് അതേ സ്കൂളിൽ തന്നെ പഠിക്കാനും കായിക പരിശീലനം നടത്താനും ഈ പദ്ധതിയിലൂടെ സാധിക്കുന്നു.

## ആർമി ബോയ്സ് സ്പോർട്സ് കമ്പനി

ആർമിയുടെയും സായിയുടെയും സംയുക്ത സംരംഭമാണിത്. എട്ടു മുതൽ 14 വയസുവരെ പ്രായമുള്ള കായിക പ്രതിഭകളായ ആൺകുട്ടികൾക്കാണ് ഈ പദ്ധതിയിലൂടെ അവസരം. സായിയുടെ ചട്ടപ്രകാരമുള്ള താമസ ഭക്ഷണ സൗകര്യമുണ്ടായിരിക്കും. ആർമിയിൽ ജോലിയും ഉറപ്പാണ്. ആർമി സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ടാണ് പരിശീലനം നൽകുന്നത്. അത്‌ലറ്റുകൾക്ക് മെഡിക്കൽ ഇൻഷൂറൻസും ലഭിക്കും.

## ടാർജറ്റ് ഒളിംപിക് പോഡിയം സ്കീം (ടോപ്സ്)

പ്രമുഖ അത്‌ലറ്റിക് താരങ്ങൾക്ക് ഒളിംപിക്സ് മെഡൽ സ്വന്തമാക്കുവാൻ സഹായവും പിന്തുണയും നൽകുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം ആരംഭിച്ച പദ്ധതി.

## സായ് സ്പോർട്സ് ഹോസ്റ്റൽ കോഴിക്കോട്

1991ലാണ് സായി സ്പോർട്സ് ഹോസ്റ്റൽ കോഴിക്കോട് പ്രവർത്തനം ആരംഭിച്ചത്. തുടക്കത്തിൽ അത്‌ലറ്റിക്സ്, ബാഡ്മിന്റൻ, ടേബിൾ ടെന്നീസ്, വോളിബോൾ എന്നീ ഇനങ്ങളിലായിരുന്നു പരിശീലനം നൽകിയിരുന്നത്. തുടർന്ന് മറ്റു പല ഇനങ്ങളിലും പരിശീലനം നൽകിയിരുന്നു. ഇപ്പോൾ അത്‌ലറ്റിക്സിലും വോളിബോളിലും മാത്രമാണ് പരിശീലനം നൽകുന്നത്.

ഇതുവരെ 400ൽ അധികം കായികതാരങ്ങൾ ഇവിടെ നിന്നും പരിശീലനം നേടി. അർജുന അവാർഡ് ജേതാവ് ടോം ജോസഫ്, ഒളിമ്പ്യന്മാരായ കെ. ടി. ഇർഫാൻ, നോഹ് നിർമൽ ടോം എന്നിവർ ഇവിടെ നിന്നും പരിശീലനം നേടിയവരാണ്. ഇവിടെ പരിശീലനം പൂർത്തിയാക്കിയ മുന്നൂറോളം താരങ്ങൾ സ്പോർട്സ് ക്വാട്ടയിൽ വിവിധ സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നു.

## തെരഞ്ഞെടുപ്പും പ്രവേശനവും

ദേശീയതലത്തിൽ നടക്കുന്ന തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെയാണ് സായി സ്പോർട്സ് ഹോസ്റ്റലിലേക്ക് പ്രവേശനം നൽകുന്നത്. ജന്മസിദ്ധ കഴിവുകൾ ഉള്ളവരെ കണ്ടെത്താനാണ് സായി അധികൃതർ ശ്രദ്ധിക്കുന്നത്.

തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ബാത്ത് അറ്റാച്ച്ഡ് റൂമോടു കൂടിയ താമസ സൗകര്യവും ശാസ്ത്രീയമായി തയ്യാറാക്കിയ ക്രമമനുസരിച്ചുള്ള ഭക്ഷണവും നൽകും. തെരഞ്ഞെടുക്കപ്പെടുന്ന ഓരോ കുട്ടിക്കും 5 ലക്ഷം രൂപയുടെ മെഡിക്കൽ ഇൻഷുറൻസ്, 25 ലക്ഷം രൂപയുടെ ലൈഫ് ഇൻഷുറൻസ് കവറേജുമുണ്ടാകും.

5000 രൂപയുടെ സ്പോർട്സ് കിറ്റും പഠനത്തിനുള്ള സാമ്പത്തിക സഹായവും മത്സരങ്ങളിൽ പങ്കെടുക്കുവാനുള്ള ടിഎ/ഡിഎ എന്നിവയും പ്രവേശനം നേടുന്നവർക്ക് ലഭിക്കും. സായ് നിയമിക്കുന്ന ഉന്നത നിലവാരമുള്ള കോച്ചുമാരുടെ പരിശീലനമാണ് ഓരോ താരത്തിനും ലഭിക്കുന്നത്. മൂന്നു മാസം കൂടുമ്പോൾ ഓരോ താരത്തിന്റെയും പുരോഗതി വിലയിരുത്തുകയും വർഷാവസാനം അന്തിമമൂല്യ നിർണയം നടത്തുകയും ചെയ്യും.

(വിവരങ്ങൾക്ക്: 8921533810, ലിജോ ഇ. ജോൺ)

## അർജുന സ്പോർട്സ് ക്ലബ്
### കൂടരഞ്ഞി

1978 ഡിസംബർ 2ന് ഫുട്ബോളും ബാസ്ക്കറ്റ് ബോളും കളിക്കുന്ന 16 ചെറുപ്പക്കാർ കൂടരഞ്ഞി പള്ളിയുടെ മുൻവശത്തുണ്ടായിരുന്ന ഗ്രോട്ടോയുടെ നടയിലിരുന്ന് ഒരു പുതിയ ക്ലബിന് രൂപം നൽകി. വി. എ. ജോസ്മാസ്റ്റർ നിർദേശിച്ച അർജുന എന്ന പേര് ഏകകണ്ഠമായി അംഗീകരിച്ചു. ഫാ. മാത്യു തകിടിയേൽ ആദ്യ പ്രസിഡന്റും, വി എം മാത്യു ആദ്യ സെക്രട്ടറിയുമായി. ഇപ്പോൾ 44 വർഷം പിന്നിടുകയാണ്. 1979 സെപ്റ്റംബർ 4ന് കൂടരഞ്ഞി ഹൈസ്കൂൾ ഹെഡ്മാസ്റ്റർ എം. ജെ. മാത്യു മറ്റം ഔദ്യോഗിക ഉദ്ഘാടനം നടത്തി.

ഇക്കാലയളവിൽ അഭിലാഷ് ട്രോഫി, ഫാ. ബെർണാഡിൻ ട്രോഫി എന്നിവയ്ക്കായി 33 സെവൻസ് ഫുട്ബോൾ ടൂർണമെന്റുകൾ നടത്തി, 8 വോളിബോൾ ടൂർണമെന്റുകളും നടത്തി.

കുന്നമംഗലം മേഖല വോളിബോൾ ലീഗ് മത്സരങ്ങൾ ഏറ്റെടുത്ത് നടത്തി. സംസ്ഥാന യൂത്ത് ബാസ്ക്കറ്റ് ബോൾ ചാമ്പ്യൻഷിപ്പ് കൂടരഞ്ഞിയിൽ വച്ച് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തി. ഫുട്ബോൾ, ബാസ്ക്കറ്റ് ബോൾ, വോളിബോൾ എന്നിവയിൽ ജില്ലാ ലീഗ് അഫിലിയേഷനുള്ള ജില്ലയിലെ ഏക ക്ലബ്ബാണ്. ടൂർണമെന്റിലെ വരുമാനം പരസ്പര സഹായനിധി വരുമാനം എന്നിവകൊണ്ട് കൂടരഞ്ഞി അങ്ങാടിക്ക് സമീപം ഒന്നര സെന്റ് സ്ഥലം വാങ്ങി. വീരേന്ദ്രകുമാർ എംപിയുടെ ഫണ്ടിൽ നിന്ന് താഴെ നിലയും, ജോർജ് എം തോമസ് എംഎൽഎയുടെ ഫണ്ടിൽ നിന്ന് മുകളിലെ നിലയും നിർമ്മിച്ചു. ഇന്ന് ക്ലബിൽ 65 അംഗങ്ങളുണ്ട്.



1988-89 വർഷങ്ങളിൽ ക്ലബ് ജില്ലാ ബാസ്ക്കറ്റ് ബോൾ ചാമ്പ്യൻഷിപ്പ് നേടി. രണ്ട് വർഷം റണ്ണേഴ്സ് അപ്പ് ആയിരുന്നു. ഫുട്ബോൾ D ഡിവിഷനിൽ പ്രവേശനം ലഭിച്ച ക്ലബ് വിജയികളായി C യിലും B യിലും വിജയിച്ച് ഇപ്പോൾ A ഡിവിഷനിൽ കളിച്ചുകൊണ്ടിരിക്കുന്നു.

ക്ലബിന് നെഹറു യുവക് കേന്ദ്ര അഫിലിയേഷൻ ഉണ്ട്. അവരുമായി സഹകരിച്ച് നേതൃത്വ പരിശീലന ക്യാമ്പ്, ദിനാചരണങ്ങൾ എന്നിവ നടത്തി. 1983ൽ ടി.വി വാങ്ങി പൊതുജനങ്ങൾക്ക് വീക്ഷിക്കാൻ സൗകര്യം ഒരുക്കി. സാക്ഷരതാ പ്രവർത്തനം, കായിക സെമിനാറുകൾ, രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പുകൾ, 14 കോച്ചിങ് ക്യാമ്പുകൾ കേരളോത്സവ സംഘാടനം എന്നിവ നടത്തി.

സെപ്റ്റിന്റെ നാല് ബാച്ചുകൾ ക്ലബ് ഏറ്റെടുത്ത് നടത്തി. ഇപ്പോൾ 2008 ബാച്ചിലെ 25 കുട്ടികൾ ഫുട്ബോൾ പരിശീലനം തുടരുന്നു. ക്ലബിന് സ്വന്തമായി ഒരു സ്പോർട്സ് ലൈബ്രറി ഉണ്ട്. കുടിയേറ്റ മേഖലയിലെ ആദ്യ അംഗീകൃത ഫുട്ബോൾ വോളിബോൾ റഫറിയും ആകാശവാണി കമന്റേറ്ററുമായ വി എ ജോസ്, സ്പോർട്സ് കൗൺസിൽ ബാസ്ക്കറ്റ് ബോൾ കോച്ച് രാജു ആന്റണി, കൽപ്പറ്റ ഗവ. കോളജ് കായികാധ്യാപകനായിരുന്ന കെ. വി. ജോസഫ്, നാഷണൽ ഫുട്ബോൾ റഫറിമാരായ ജെസ്റ്റിൻ ജോസ്, മെൽബിൻ തോമസ്, കോഴിക്കോട് സി ഡിവിഷനിലെ മികച്ച കളിക്കാരനായ എ. നജ്മുദീൻ, ഫുട്ബോൾ NIS നേടിയ ജോളി അഞ്ചേരി, ഇന്ത്യക്കു കളിച്ച സെപ്റ്റ് ഫുട്ബോൾ താരം അപർണാ റോയി, സംസ്ഥാന ജൂനിയർ താരങ്ങളായ പ്രോംസിങ്, മുഹമ്മദ് ആസിഫ്, നിധിൻ തോമസ് എന്നിവർ ക്ലബ്ബ് അംഗങ്ങളാണ്. സംസ്ഥാന ബാസ്ക്കറ്റ് ബോൾ താരങ്ങളായിരുന്ന ജോൺസൺ മറ്റം, തോമസ് ചെറിയാൻ, ദേശീയ താരം അനു ചെറിയാൻ, എന്നിവർ ക്ലബ്ബിന്റെ ക്യാമ്പുകളിലൂടെ വളർന്നവരാണ്. കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആദർശ് ജോസഫ്, മുൻ പ്രസിഡന്റുമാരായ ജോസ് തോമസ് മാവറ, പി. എം. തോമസ് എന്നിവർ ക്ലബ്ബ് അംഗങ്ങളാണ്.

# ഒളിംപിക്സ് സ്വപ്നവുമായി 'ടാക്ക'

## വൈറ്റ് വാട്ടർ കയാക്കിങ്ങിൽ കേരളത്തിന് ആദ്യ മെഡൽ സമ്മാനിച്ച് സ്വപ്ന തുടക്കം

വൈറ്റ്വാട്ടർ കയാക്കിങ്ങിന് അനുയോജ്യമായ സ്ഥലങ്ങളന്വേഷിച്ച് ഇറ്റലിക്കാരനായ ജാക്കോപ്പോ നിരൂത കോഴിക്കോട്ട് എത്തുന്നത് 2011ലാണ്. പുലിക്കയത്തുള്ള ചാലിപ്പുഴ കയാക്കിങ്ങിന് അനുയോജ്യമാണെന്ന് അദ്ദേഹം കണ്ടെത്തി. പുഴയ്ക്കിരുവശവും റോഡുകൾ ഉള്ളതുകൊണ്ട് കയാക്കുമായി എത്താനും തിരിച്ച് പോകാനും എളുപ്പമായിരുന്നു.

തുടർന്ന് ചാലിപ്പുഴയിൽ കയാക്കിങ് ആരംഭിച്ചു. 2012ൽ ജാക്കോപ്പോ നിരൂതയുടെ നേതൃത്വത്തിൽ മലബാർ റിവർ ഫെസ്റ്റിവൽ എന്ന പേരിൽ ഇന്റർനാഷണൽ വൈറ്റ് വാട്ടർ കയാക്കിങ്ങ് ഫെസ്റ്റിവൽ ആരംഭിച്ചു. ഇതുവരെ ഫെസ്റ്റിവലിന്റെ ഏഴ് എഡിഷനുകൾ കഴിഞ്ഞു. എട്ടാമത്തെ എഡിഷൻ 2022 ആഗസ്റ്റ് 11, 12, 13, 14 തീയ്യതികളിൽ അരങ്ങേറും.

പുല്ലൂരാംപാറ മലബാർ സ്പോർട്സ് അക്കാഡമിയുടെ നേതൃത്വത്തിൽ 2014–15 വർഷത്തിൽ കയാക്കിങ് പരിശീലനത്തിനായി തീരുമാനിക്കുകയും തദ്ദേശീയരായ എഴുപേർ കയാക്കിങ് പരിശീലനത്തിൽ പങ്കെടുക്കുകയും ചെയ്തു. അന്ന് കയാക്കിങ്ങിന് പരിശീലനം നൽകിയത് അന്താരാഷ്ട്ര കയാക്കറായ കല്ലംസ്ട്രോങ് എന്ന സ്കോട്ട്ലാന്റ്കാരനാണ്. പരിശീലനം നേടിയവരിൽ നിസ്തുൽ ജോസ്, കെവിൻ ഷാജി, നിധിൻ ദാസ്, നിഖിൽ ദാസ്, രശ്മി തുടങ്ങിയവർ ഇന്റർമീഡിയറ്റ് വിഭാഗത്തിൽ മത്സരിക്കുകയും നിസ്തുൽ ജോസ് ചാമ്പ്യനാകുകയും ചെയ്തു. എങ്കിലും പരിശീലനം പലപ്പോഴും മുടങ്ങിയതോടെ ഇവിടെ കയാക്കിങ് അക്കാദമി ആരംഭിക്കാനുള്ള ചർച്ചകൾ ആരംഭിച്ചു. നോമിപോൾ, വരാപ്പുഴ അതിരൂപതാംഗമായ ഫാ. റെക്സ് ജോസഫ്, നിസ്തുൽ, കെവിൻ ഷാജി എന്നിവർ ചർച്ചകൾക്ക് തുടക്കമിട്ടു. ബെനിറ്റോയുടെയും ഷിബു പോളിന്റെയും നേതൃത്വത്തിൽ തുഷാരഗിരി അഡ്വഞ്ചർ കയാക്കിങ് അക്കാദമി (ടാക്ക) എന്ന പേരിൽ അക്കാദമി ആരംഭിച്ചു. ഒരു വർഷം പിന്നിടുമ്പോൾ വൈറ്റ് വാട്ടർ സ്റ്റേറ്റ് ചാമ്പ്യൻഷിപ്പ് പുല്ലൂരാംപാറയിലെ ഇരവഞ്ഞിപുഴയിൽ നടത്താൻ സാധിച്ചു. ഇതുവരെ കേരളത്തിൽ വൈറ്റ് വാട്ടർ കയാക്കിങ് രംഗത്ത് ചാമ്പ്യൻഷിപ്പുകൾ സംഘടിപ്പിച്ചിട്ടില്ല. ടാക്കയുടെ സഹകരണത്തോടെ കേരള കയാക്കിങ് ആന്റ് കനോയിങ് അസോസിയേഷൻ നേരിട്ടാണ് ഈ സ്റ്റേറ്റ് ചാമ്പ്യൻഷിപ്പ് നടത്തിയത്. കേരള കയാക്കിങ് ആന്റ് കനോയിങ് അസോസിയേഷനിൽ ടാക്കയ്ക്ക് അഫിലിയേഷനുണ്ട്.



ഭോപാലിൽ നടന്ന ദേശീയ കയാക്കിങ് ചാമ്പ്യൻഷിപ്പിലെ സ്ലാലം വിഭാഗത്തിൽ വെങ്കലം നേടിയ കേരളാ ടീം താരങ്ങളായ നിഖിൽ ദാസ്, നിസ്തുൽ ജോസ്, നിധിൻ ദാസ്. (മൂവരും ടാക്ക താരങ്ങളാണ്)



സ്റ്റേറ്റ് ചാമ്പ്യൻഷിപ്പിന്റെ ഭാഗമായി നടത്തിയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ച കേരള സ്റ്റേറ്റ് ടീം ഭോപ്പാലിൽ നടന്ന നാഷണൽ മീറ്റിൽ പങ്കെടുത്തു. ആദ്യമായിട്ടാണ് കേരളത്തിൽ നിന്ന് വൈറ്റ് വാട്ടർ ടീം പങ്കെടുക്കുന്നത്. ഇതിനുമുമ്പ് കേരള കയാക്കിങ് ആന്റ് കനോയിങ് അസോസിയേഷൻ ആലപ്പുഴയിലും മറ്റും നടക്കുന്ന പ്രാക്ടീസ് മത്സരങ്ങളിൽ നിന്നും ജയിക്കുന്നവരാണ് നാഷണൽ മീറ്റിനും ഏഷ്യൻ ഗെയിംസിനും പോയിരുന്നത്. വൈറ്റ് വാട്ടർ മത്സരത്തിൽ ആദ്യമായാണ് കേരള ടീം പങ്കെടുക്കുന്നത്. നിസ്തുൽ ജോസ്, നിധിൻ ദാസ്, നിഖിൽ ദാസ് എന്നിവരടങ്ങിയ കേരള ടീം കെവൺ സ്ലാലം കനോയിങ്ങിൽ മൂന്നാം സ്ഥാനം നേടി.

കോടഞ്ചേരിയിൽ നടന്ന എഴ് കയാക്കിങ് ചാമ്പ്യൻഷിന്റെയും എട്ടാമത് നടക്കുന്ന കയാക്കിങ് ചാമ്പ്യൻഷിപ്പിന്റെയും കോഡിനേറ്റർമാരായി പ്രവർത്തിച്ചത് ബെനിറ്റോ ചാക്കോയും, പോൾസൺ അറയ്ക്കലുമാണ്. ഇവർ ഇന്നും കയാക്കിങ് രംഗത്ത് ഉറച്ചു തന്നെ നിൽക്കുന്നു. ടാക്കയുടെ തുഷാരഗിരി അഡ്വഞ്ചർ കയാക്കിങ് അക്കാദമിയുടെ പ്രസിഡന്റാണ് പോൾസൺ അറയ്ക്കൽ. സെക്രട്ടറിയായ നിസ്തുൽ ജോസ് ലൈസൻസുള്ള മുഖ്യപരിശീലകൻ കൂടിയാണ്. ബെനീറ്റോ ചാക്കോയാണ് ട്രഷറർ.

അഞ്ച് വർഷത്തിനുള്ളിൽ എഷ്യൻ നിലവാരത്തിൽ അല്ലെങ്കിൽ ലോകനിലവാരത്തിലുള്ള കയാക്കർമാരെ സൃഷ്ടിക്കാൻ സാധിക്കുമെന്നാണ് ടാക്കയുടെ പ്രതീക്ഷ. വൈറ്റ് വാട്ടർ കയാക്കിങ് പരിശീലനം നൽകുന്നതുവഴി വെള്ളപ്പൊക്കം പോലുള്ള ദുരന്ത സാഹചര്യങ്ങളിൽ രക്ഷാപ്രവർത്തനത്തിനുള്ള ടീമായി പ്രവർത്തിക്കുക എന്നതും ടാക്കയുടെ ലക്ഷ്യങ്ങളിലൊന്നാണ്.

ഒളിംപിക്സ് മത്സരങ്ങൾക്ക് ഇന്ത്യയെ പ്രതിനിധീകരിച്ച് നമ്മുടെ നാട്ടിൽ നിന്ന് ആളുകളെ പങ്കെടുപ്പിക്കുക എന്ന ഉദ്ദേശവും ടാക്കയ്ക്കുണ്ട്. ചെറിയ പ്രായത്തിൽ തന്നെ കയാക്കിങ് പ്രാക്ടീസ് ആരംഭിച്ചാലെ അതിനു സാധിക്കുകയുള്ളൂ. ഏറ്റവും നല്ലപ്രായം 10 വയസാണ്.

"കയാക്കിങ് പരിശീലനരംഗത്ത് ഒത്തിരി കാര്യങ്ങൾ ചെയ്യാനുണ്ട്. ഏറ്റവും ആവശ്യമായിട്ടുള്ളത് കയാക്കുകളാണ്. സർക്കാരിന്റെ ഭാഗത്തുനിന്നും സ്പോർട്സ് വിഭാഗത്തിൽ നിന്നും വേണ്ട പിന്തുണ ലഭിക്കുന്നില്ല. പണ്ട് വന്ന കയാക്കർമാർ ഉപേക്ഷിച്ച് പോയ പഴയ കയാക്ക് ഉപയോഗിച്ചാണ് ഇവിടെ പ്രാക്ടീസ് ചെയ്യുന്നത്. പുതിയ കയാക്കുകൾ ലഭിച്ചാലേ പരിശീലനം നന്നായി നടത്തുവാൻ സാധിക്കുകയുള്ളൂ. കയാക്കുകൾ പല ഇനം ഉണ്ട്. ഒരു ലക്ഷം രൂപ വിലവരുന്ന കയാക്കുകളുമുണ്ട്. അത്തരം കയാക്കുകൾ വാങ്ങുവാൻ സ്പോൺസർമാരെ തേടുകയാണ് ഞങ്ങൾ." ടാക്കയുടെ നേതൃത്വം പറയുന്നു.

(വിവരങ്ങൾക്ക്: 9747643472 – പോൾസൺ)






## വിശാഖ് തോമസ് എസ്എംവൈഎം സംസ്ഥാന പ്രസിഡന്റ്



**താമരശ്ശേരി:** സിറോ മലബാർ സഭയുടെ ഔദ്യോഗിക യുവജന സംഘടനയായ എസ്എംവൈഎം സംസ്ഥാന പ്രസിഡന്റായി താമരശേരി രൂപതയിൽ നിന്നുള്ള വിശാഖ് തോമസ് വാഴേക്കടവത്തിനെ തിരഞ്ഞെടുത്തു. സിറോ മലബാർ സഭയുടെ ആസ്ഥാനമായ മൗണ്ട് സെന്റ്. തോമസിൽ കെസിബിസി യുവജന കമ്മീഷൻ ചെയർമാൻ ബിഷപ് മാർ. ജോസഫ് പണ്ടാരശേരിയിലിന്റെയും എസ്എംവൈഎം ഗ്ലോബൽ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്രയുടെയും നേതൃത്വത്തിലാണ് തിരഞ്ഞെടുപ്പ് നടന്നത്. ചെമ്പനോട ഇടവക വാഴേക്കടവത്ത് തോമസ്– പൗളിൻ ദമ്പതികളുടെ മകനായ വിശാഖ് ചെമ്പനോട സെന്റ്. ജോസഫ് യുപി സ്കൂളിലെ അധ്യാപകനാണ്. കെസിവൈഎം രൂപതാ പ്രസിഡന്റായും, ജനറൽ സെക്രട്ടറിയായും, സംസ്ഥാന സെനറ്റ് അംഗമായും, രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗമായും പ്രവർത്തിച്ചിട്ടുണ്ട്.

## തിരുവമ്പാടി അൽഫോൻസ കോളജിൽ അഡ്മിഷൻ ആരംഭിച്ചു

**തിരുവമ്പാടി:** താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന അൽഫോൻസ കോളജിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള അൽഫോൻസ കോളജ് മലയോര മേഖലയ്ക്ക് അകത്തും പുറത്തുമുള്ള നൂറുകണക്കിന് യുവജനങ്ങൾക്കാണ് ഉന്നത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുന്നത്.

MA English, MCom (Finance), BCom (Finance), B Com (Computer Application) , BBA Finance , BA English with Journalism, BA Journalism & Mass Communication, B Sc. (Psychology) എന്നീ കോഴ്സുകളാണ് നിലവിലുള്ളത്. Calicut University CAP ID യോടു കൂടിയാണ് Admission നേടേണ്ടത്. മാനേജ്മെന്റ് സീറ്റിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു.

പഠനത്തോടൊപ്പം വിദ്യാർഥികളുടെ സ്വഭാവ രൂപീകരണത്തിലും നേതൃത്വപാടവം വളർത്തുന്നതിലും മാനസിക വളർച്ചയിലും കോളേജ് കരുതലോടെ ശ്രദ്ധ പതിപ്പിക്കുന്നു. യൂണിവേഴ്സിറ്റി റാങ്കോടു കൂടിയ ഉയർന്ന വിജയ ശതമാനം, പഠനത്തിനുശേഷം ഉടൻ ജോലി ലഭിക്കുന്ന Placement Cell, ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനത്തിന് കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയുടേത് ഉൾപ്പെടെയുള്ള കോച്ചിങ്, വാല്യൂ എഡ്യൂക്കേഷൻ ക്ലാസുകൾ, റാഗിങ് രഹിത ക്യാമ്പസ് എന്നിവ തിരുവമ്പാടി അൽഫോൻസ കോളജിനെ വേറിട്ടു നിർത്തുന്നു.

കേന്ദ്ര വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള MGNCRE യുടെ DISTRICT GREEN CHAMPION AWARD, ISO 9001: 2015 സർട്ടിഫിക്കേഷൻ, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ BEST WDC AWARD (സ്ത്രീ ശാക്തീകരണം), കേരള സർക്കാർ ഹരിതമിഷന്റെ പച്ചത്തുരുത്ത് തുടങ്ങിയ അംഗീകാരങ്ങൾ കോളജിനെ തേടിയെത്തിയിട്ടുണ്ട്.

അഡ്മിഷനും മറ്റു വിവരങ്ങൾക്കും: 0495 225 4055, 9846 840272, 8606 890272, www.acttdy.com

## പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ വിവിധ കോഴ്സുകൾ

**മേരിക്കുന്ന്:** ക്രൈസ്തവ വിശ്വാസ വിഷയങ്ങൾ ആഴത്തിൽ പഠിക്കാൻ സുവർണ്ണാവസരമൊരുക്കി പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട്. കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്രിസ്ത്യൻ ചെയറിന്റെയും പൗരസ്ത്യ വിദ്യാപീഠം പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും അംഗീകാരത്തോടെ സർട്ടിഫിക്കറ്റ്/ ഡിപ്ലോമ കോഴ്സുകളാണ് പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്നത്. ലോകപ്രശസ്ത ദൈവശാസ്ത്ര യൂണിവേഴ്സിറ്റികളിൽ നിന്നും ഡോക്ടർ ബിരുദം കരസ്ഥമാക്കി, വിവിധ മേജർ സെമിനാരികളിലും മറ്റ് പ്രശസ്ത സ്ഥാപനങ്ങളിലും പഠിപ്പിക്കുന്ന അധ്യാപകരാണ് ക്ലാസുകൾക്ക് നേതൃത്വം നൽകുന്നത്.

ക്രൈസ്തവ വിശ്വാസ വിഷയങ്ങൾ ഒരു സമഗ്ര പഠനം, ബൈബിൾ പഠനങ്ങൾ, ആത്മീയ ജീവിത പരിശീലനം, മനഃശാസ്ത്ര പരിജ്ഞാനം, കുടുംബജീവിത പ്രബോധനങ്ങൾ, സഭാ വിജ്ഞാനീയം, ക്രിസ്തീയ ധാർമ്മികത എന്നീ വിഷയങ്ങളിലാണ് ഓൺലൈൻ / ഓഫ്‌ലൈൻ ഡിപ്ലോമ കോഴ്സുകൾ നടത്തുന്നത്. എല്ലാ രണ്ടാം ശനിയാഴ്ചകളിലും അവധി ദിവസങ്ങളിലും ഓഫ്‌ലൈൻ ക്ലാസുകൾ ഉണ്ടായിരിക്കും. രജിസ്ട്രേഷനും മറ്റു വിവരങ്ങൾക്കും: 7907810078.
Email: popebenedictinstitute@gmail.com

## ഒന്നാം ചരമവാർഷികം (21-07-2022)



ഏലിക്കുട്ടി ജോസഫ്
തറപ്പേൽ, കൂരോട്ടുപാറ

മരിച്ച വിശ്വാസികളുടെ ആത്മാക്കൾക്ക് തമ്പുരാന്റെ മനോഗുണത്താൽ മോക്ഷത്തിൽ ചേരുവാൻ അനുഗ്രഹമുണ്ടായിരിക്കട്ടെ

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

## സ്റ്റാർട്ടിൽ ഇ–ലേണിങ് ഇംഗ്ലീഷ് കോഴ്സുകൾ ജൂലൈ 15ന് ആരംഭിക്കും

**കോഴിക്കോട്:** ഇംഗ്ലീഷ് ഗ്രാമറിന് പ്രത്യേക ഊന്നൽ കൊടുത്തുകൊണ്ടുള്ള ഇംഗ്ലീഷ് പഠനം, യുക്തിവിചാരം (Logical Reasoning) എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയ E-Learning course ജൂലൈ 15ന് ആരംഭിക്കുന്നു. Basic level, Advanced level എന്നിങ്ങനെ രണ്ടു ബാച്ചുകളായി തിരിച്ചാണ് ക്ലാസുകൾ. 8 മുതൽ 11 ക്ലാസുകൾ പൂർത്തിയാക്കിയവർക്കും, പ്ലസ്ടുവോ, ഡിഗ്രിയോ, പിജിയോ കഴിഞ്ഞവർക്കും, സിസ്റ്റേഴ്സ്, വൈദിക വിദ്യാർത്ഥികൾ എന്നിവർക്കും കോഴ്സിൽ പങ്കെടുക്കാവുന്നതാണ്. സ്റ്റാർട്ട് വെബ്സൈറ്റ് വഴിയാണ് ക്ലാസുകൾ. ഏതു സമയത്തും പങ്കെടുക്കാൻ പറ്റാവുന്ന വിധത്തിലാണ് ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്.
വിവരങ്ങൾക്ക്: 04952357843, 8590468035

## ആൽഫയിൽ ജർമൻ ഭാഷാ പരിശീലനം

**മേരിക്കുന്ന്:** ആൽഫ മരിയ അക്കാദമിയുടെ നേതൃത്വത്തിൽ മേരിക്കുന്ന് പിഎംഒസിയിൽ ജർമൻ ഭാഷാ പരിശീലനം ആരംഭിക്കുന്നു. ജർമൻ ഭാഷാ പരിശീലനത്തിൽ മുൻപന്തിയിലുള്ള സൺറൈസ് താലന്ത് ഭാഷാ സ്കൂളിലെ അധ്യാപകരുടെ നേതൃത്വത്തിലാണ് പരിശീലനം നടത്തുന്നത്. ജർമനിയിൽ വിവിധ ജോലി സാധ്യതകൾ അനുസരിച്ചുള്ള പ്ലേസ്മെന്റ് അവസരങ്ങൾ നൽകുന്നു. പ്ലസ്ടു അടിസ്ഥാന യോഗ്യതയുള്ളവർക്കാണ് ജർമൻ ഭാഷ പഠിക്കാൻ അവസരം.
വിവരങ്ങൾക്ക്: 0495 2962180

## ഇന്നവേഷൻ മികവിന് ജ്യോതി എൻജിനീയറിങ് കോളജിന് പുരസ്കാരം

**തൃശ്ശൂർ:** സംസ്ഥാനത്തെ എൻജിനീയറിങ് കോളജുകളിൽ മികവാർന്ന പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഇന്നവേഷൻ സ്ഥാപനമെന്ന പുരസ്കാരം നേടി ജ്യോതി എൻജിനീയറിങ് കോളജ്. സംസ്ഥാനത്തെ 341 ഇന്നവേഷൻ & എൻട്രപ്രണർഷിപ്പ് സെന്ററുകളിൽ നിന്ന് ആദ്യ പത്തിൽ എത്തിയാണ് ജ്യോതിയിലെ ഇന്നവേഷൻ സെൽ ഈ നേട്ടം കരസ്ഥമാക്കിയത്. രണ്ടുലക്ഷം രൂപയുടെ ഗ്രാൻഡ് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ. ബിന്ദുവിൽ നിന്നും ഇന്നവേഷൻ നോഡൽ ഓഫീസർമാരായ അനിൽ ആന്റണി, കെ. ജെ. ജിനേഷ്, സ്റ്റുഡന്റ് കോർഡിനേറ്റർ ടി. ആർ. റിജു എന്നിവർ ഏറ്റുവാങ്ങി. പുതിയ ആശയങ്ങളെ വളർത്തിയെടുക്കുന്നതിലും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിലുമുള്ള മികവിനാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ ഈ പുരസ്കാരം നൽകുന്നത്.

## 41-ാം ചരമദിനം
12-07-2022



സെബാസ്റ്റ്യൻ (അപ്പച്ചൻ)
കളരിക്കൽ, മരുതോങ്കര

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

## 12-ാം ചരമവാർഷികം
(04-08-2022)



ജോർജ് കുര്യൻ കച്ചിറമറ്റം
കുന്നപള്ളി, പെരിന്തൽമണ്ണ

ജനനം: 07-12-1949 മരണം: 04-08-2010

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

## പാവനസ്മരണയ്ക്ക്



സി.ജെ തോമസ്
ചെട്ടിക്കത്തോട്ടത്തിൽ
പുല്ലൂരാംപാറ

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# കരുത്തറിയിച്ച് വിശ്വാസ സംരക്ഷണ റാലി

**കോടഞ്ചേരി:** ക്രൈസ്തവ സമുദായത്തിന്റെ അവകാശങ്ങൾ നിഷേധിക്കുന്ന സർക്കാരിനും തീവ്രനിലപാടിലൂടെ സമൂഹത്തിന്റെ സൗഹാർദ അന്തരീക്ഷം തകർക്കുന്ന പ്രതിലോമ ശക്തികൾക്കും താക്കീതായി താമരശ്ശേരി രൂപത സംഘടിപ്പിച്ച സമുദായ ശാക്തീകരണ വിശ്വാസസംരക്ഷണ റാലി. കത്തോലിക്ക കോൺഗ്രസിന്റെ 104–ാം ജന്മവാർഷികത്തോടനുബന്ധിച്ച് താമരശ്ശേരി രൂപതയിലെ വിവിധ സംഘടനകളുടെ സംയുക്ത വേദിയായ എകെസിസിയുടെ നേതൃത്വത്തിലാണ് മഹാസമ്മേളനവും റാലിയും നടന്നത്.

പ്രകോപനത്തിലൂടെയും ഭീഷണിയിലൂടെയും സമൂഹത്തെ തകർക്കാനാകില്ലെന്നും ഒരേമനസും ഹൃദയവുമായി അത്തരം നീക്കങ്ങളെ വിശ്വാസികൾ ഒറ്റക്കെട്ടായി നേരിടുമെന്നും ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പൊതുസമേളന ഉദ്ഘാടനവേളയിൽ പറഞ്ഞു. മലബാറിലെ മലയോരങ്ങളിലേക്ക് പിതാമഹന്മാർ കടന്നു വന്നപ്പോൾ ഇവിടെ റോഡുകൾ ഉണ്ടായിരുന്നില്ല. അവർ ആരെയും ഭയപ്പെട്ടില്ല. ദൈവം കൂടെയുണ്ടെന്ന് അവർ ഉറച്ചു വിശ്വസിച്ചു. പൊന്നുവിളയിക്കാൻ അവർക്കു കഴിഞ്ഞു. ഞങ്ങൾ ഒറ്റക്കെട്ടാണെന്ന് പ്രതിലോമ ശക്തികൾക്കു മുന്നറിയിപ്പു നൽകുന്നതാണ് റാലിയെന്ന് ബിഷപ് പറഞ്ഞു. ഭരണഘടന അനുവദിച്ച അവകാശങ്ങൾ ഇല്ലാതാക്കാൻ ആർക്കും



കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഭാരവാഹികൾക്കു നൽക്കുന്ന സ്വീകരണ സമ്മേളനം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്യുന്നു

സാധിക്കില്ലെന്നും ബിഷപ് കൂട്ടിച്ചേർത്തു.

മാർ പോൾ ചിറ്റിലപ്പിള്ളി നഗറിൽ നടന്ന പൊതുസമ്മേളനത്തിൽ താമരശ്ശേരി രൂപത എകെസിസി പ്രസിഡന്റ് ചാക്കോ കാളാംപറമ്പിൽ അധ്യക്ഷത വഹിച്ചു. രൂപത ചാൻസലർ ഫാ. ബെന്നി മുണ്ടനാട്ട്, ഫാ. ജോൺസൺ തകിടിയേൽ, അഡ്വ. ജെസ്റ്റിൻ പള്ളിവാതുക്കൽ, കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് ബിജു പറയനിലം, ഇൻഫാം രൂപത പ്രസിഡന്റ് അഗസ്റ്റിൻ പുളിക്കണ്ടത്തിൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ബെന്നി ലൂക്കോസ്, രൂപത മാതൃവേദി പ്രസിഡന്റ് ലിസി കുട്ടിയാനിക്കൽ, സംഘടനാ സമിതി ജനറൽ കൺവീനർ സജി കരോട്ട്, ചെയർമാൻ ഫാ. സബിൻ തൂമുള്ളിൽ, പ്രോ–ലൈഫ് രൂപത പ്രസിഡന്റ് സജീവ് പുരയിടത്തിൽ, കെസിവൈഎം രൂപത പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ, സംഘടന സമിതി രക്ഷാധികാരി ഫാ. കുര്യാക്കോസ് ഐക്കൊളമ്പിൽ എന്നിവർ പ്രസംഗിച്ചു.

ബസ്റ്റാന്റ് പരിസരത്തു നിന്നാരംഭിച്ച റാലിയിൽ സ്ത്രീകളും കുട്ടികളുമടക്കം ആയിരങ്ങൾ അണിചേർന്നു. വിശ്വാസികളും അൽമായരും റാലിയിൽ കണ്ണികളായി. ഫാ. കുര്യാക്കോസ് ഐക്കൊളമ്പിൽ റാലി ഫ്ളാഗ് ഓഫ് ചെയ്തു. ഡോ. ചാക്കോ കാളാംപറമ്പിൽ, അഗസ്റ്റിൻ പുളിക്കകണ്ടം, സജി കരോട്ട് എന്നിവർ പതാക ഏറ്റുവാങ്ങി.

കത്തോലിക്ക കോൺഗ്രസ് വാർഷിക സമ്മേളനത്തിന് രാവിലെ പതാക ഉയർത്തിയതോടെ തുടക്കമായി. പ്രതിനിധി സമ്മേളനം കത്തോലിക്ക കോൺഗ്രസിന്റെ മുൻ രൂപത ഡയറക്ടർ ഫാ. മെൽബിൻ വെള്ളയ്ക്കാകുടിയിൽ ഉദ്ഘാടനം ചെയ്തു. കെസിഎഫ് സംസ്ഥാന പ്രസിഡന്റ് പ്രൊഫ. കെ. എഫ് ഫ്രാൻസീസ്, ഡോ. ചാക്കോ കാളാംപറമ്പിൽ തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസ് നയിച്ചു. തുടന്ന് നടന്ന ജനറൽ ബോഡി യോഗവും ഗ്ലോബൽ ഭാരവാഹികൾക്കു നൽകിയ സ്വീകരണ സമ്മേളനവും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു.

കത്തോലിക്ക കോൺഗ്രസിന്റെ മുൻകാല പ്രസിഡന്റുമാർ, വിവിധ രംഗങ്ങളിൽ മികവു കാട്ടിയ പ്രമുഖ വ്യക്തികൾ എന്നിവരെ യോഗത്തിൽ ആദരിച്ചു.

## ബഥാനിയായിൽ അഖണ്ഡ ജപമാല സമർപ്പണം ജൂലൈ 20 മുതൽ

**പുല്ലൂരാംപാറ:** രൂപതയുടെ ആത്മീയനവീകരണ കേന്ദ്രമായ ബഥാനിയായിൽ ഈ വർഷത്തെ അഖണ്ഡജപമാല സമർപ്പണം ജൂലൈ 20ന് വിശുദ്ധ കുർബാനയോടെ ആരംഭിക്കും. 101 ദിനരാത്രങ്ങൾ നീണ്ടുനിൽക്കുന്ന പ്രാർത്ഥനായജ്ഞം ഒക്ടോബർ 28ന് അവസാനിക്കും. ഈ വർഷം ലോക സമാധാനത്തിനും കുടുംബവിശുദ്ധീകരണത്തിനും വേണ്ടി പ്രാർത്ഥിക്കുവാൻ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ആഹ്വാനം ചെയ്തു.

എല്ലാ ദിവസവും രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും വൈകുന്നേരം 7 മണിക്കും വിശുദ്ധ കുർബാനയും പുലർച്ചെ 3 മണിക്കും ഉച്ചകഴിഞ്ഞ് 3 മണിക്കും കരുണകൊന്തയും കുരിശിന്റെ വഴിയും ഉണ്ടായിരിക്കും.

## മദർതെരേസ IELTS, OET സെന്റർ ഏഴാം വർഷത്തിലേക്ക്

**പുതുപ്പാടി:** വിദേശ രാജ്യങ്ങളിൽ പഠനം, ജോലി, പിആർ എന്നിവയ്ക്ക് ആവശ്യമായ IELTS, OET, CBT, UKVI പരീക്ഷകൾക്ക് പരിശീലനം നൽകുന്ന മദർ തെരേസ IELTS, OET സെന്റർ വിജയകരമായ ഏഴാം വർഷത്തിലേക്ക്. താമരശ്ശേരി രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ സിഒഡിയുടെ നേതൃത്വത്തിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്.

MOTHER TERESA IELTS & OET TRAINING CENTRE

ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള പരിചയ സമ്പന്നരായ അധ്യാപകരുടെ സഹായത്തോടെ വ്യക്തിഗതശ്രദ്ധ നൽകി ഓരോ വിദ്യാർഥിക്കും ആവശ്യമായ പരിശീലനമാണ് മദർ തെരേസ സെന്ററിലൂടെ നൽകുന്നത്. മികച്ച ലാബ്, വിപുലമായ സ്റ്റഡി മെറ്റീരിയൽസ്, പരിസ്ഥിതി സൗഹൃദവും ശാന്തവുമായ ക്യാമ്പസ്, പ്ലേസ്മെന്റ് സഹായം എന്നിവ മദർതെരേസ IELTS, OET സെന്ററിന്റെ സവിശേഷതകളാണ്. കൂടാതെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യം ക്യാമ്പസിനകത്ത് ഒരുക്കിയിട്ടുണ്ട്. “നിരവധി വിദ്യാർത്ഥികളുടെയും ഉദ്യോഗാർത്ഥികളുടെയും വിദേശ ജോലി അല്ലെങ്കിൽ പഠന സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാൻ മദർ തെരേസ ട്രെയ്നിങ് സെന്ററിനു സാധിച്ചു. മിതമായ ഫീസിൽ മികച്ച പരിശീലനം കൊടുക്കാനാണ് ഞങ്ങൾ ശ്രദ്ധിക്കുന്നത്.” – മദർ തെരേസ IELTS, OET സെന്റർ ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ പറഞ്ഞു.

കൂടുതൽ വിവരങ്ങൾക്ക് 9072308050, 9447886341
www.motherteresaielts.com, email: trainingcentremotherteresa@gmail.com

## ചെറുപുഷ്പ മിഷൻ ലീഗ് പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു

**കട്ടിപ്പാറ:** ചെറുപുഷ്പ മിഷൻ ലീഗിന്റെ 2022–2023 പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗരേഖ പ്രകാശനവും രൂപതാ വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര നിർവഹിച്ചു. പതാക വന്ദനവും വർണ്ണശബളമായ പ്രേഷിത റാലിയും നടത്തി.

രൂപത ഡയറക്ടർ ഫാ. തോമസ് തേവടിയിൽ സ്വാഗതം ആശംസിച്ചു യോഗത്തിൽ രൂപത പ്രസിഡണ്ട് ബാബു ചെട്ടിപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. വികാരി ഇൻ ചാർജ് ഫാ. സെബാസ്റ്റ്യൻ ഏബ്രയിൽ, രൂപത വൈസ് ഡയറക്ടർ സിസ്റ്റർ ആൻ മരിയ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ശാഖ വൈസ് ഡയറക്ടർ സിസ്റ്റർ അൽഫോൻസ നന്ദിയർപ്പിച്ചു.

### 1 –ാം ചരമവാർഷികം
21-07-2022



**പി. വി. ജോസഫ് (കുഞ്ഞേപ്പ്)**
പൊട്ടംപുഴയിൽ
തോട്ടുമുക്കം
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

### സ്വർഗ്ഗവാസത്തിന്റെ 9-ാം വർഷം (17–06–2022)



**മേരി ജോൺ ആരനോലിക്കൽ**
കുണ്ടായിത്തോട്, കോഴിക്കോട്
പ്രാർത്ഥനകളോടെ ഭർത്താവ്, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

### 41 –ാം ചരമദിനം
27-07-2022



**ഷിബു ഇടമുളയിൽ**
ദൈവാലയ ശുശ്രൂഷി
സെന്റ് മേരീസ് ചർച്ച്, മരഞ്ചാട്ടി
പ്രാർത്ഥനയോടെ, വികാരിയച്ചനും ഇടവകാസമൂഹവും

# മാനസികപ്രശ്നങ്ങൾ വിവാഹത്തെ അസാധുവാക്കുമോ?



## ചോദ്യം ഉത്തരം

റവ. ഡോ. ഏബ്രഹാം കാവിൽപുരയിടത്തിൽ

**കഠിനമായ മാനസികരോഗമുള്ള ഒരു വ്യക്തി വിവാഹത്തിൽ ഏർപ്പെട്ടാൽ അതു അസാധുവായിരിക്കും. കാരണം, പൂർണമായ സ്വാതന്ത്ര്യവും തിരിച്ചറിവും കാര്യഗൗരവവും ഇല്ലാത്തയാൾക്കു വിവാഹത്തിന്റെ സമ്മതം നൽകാനും സ്വീകരിക്കാനും കഴിയില്ല എന്നതുതന്നെ. വിവാഹത്തിന്റെ സമയത്തു സമ്മതം കൊടുക്കുമ്പോൾ ഒരു വ്യക്തി അനുഭവിക്കുന്ന കഠിനമായ മാനസികപ്രശ്നങ്ങളാണു വിവാഹത്തെ അസാധുവാക്കുന്നത്**

**?** മാനസികപ്രശ്നങ്ങളുള്ള വ്യക്തികൾ ഏർപ്പെടുന്ന വിവാഹം അസാധുവാണെന്നു കേട്ടിട്ടുണ്ട്. സഭാകോടതികളിലും ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നുണ്ടെന്ന് അറിയുന്നു. ഇതുമായി ബന്ധപ്പെട്ട സഭാനിയമം വിശദീകരിക്കാമോ? മാനസികപ്രശ്നങ്ങൾ വിവിധ ഗ്രേഡുകളിൽ ഉണ്ടെന്നതും നിയമം കണക്കിലെടുക്കുന്നുണ്ടോ?

**● മാത്യു ജോസഫ് തൃശൂർ**

മാനസികപ്രശ്നങ്ങളുള്ള ഒരു വ്യക്തിക്കു വിവാഹമെന്ന കൂദാശ സ്വീകരിക്കാൻ എന്താണു തടസം എന്ന ചോദ്യത്തിന്റെ ഉത്തരം, എന്താണു വിവാഹം എന്നതും വിവാഹമെന്ന കൂദാശ അതു സ്വീകരിക്കുന്ന രണ്ടു വ്യക്തികളിൽനിന്ന് എന്താണ് ആവശ്യപ്പെടുന്നത് എന്നതും വിശകലനം ചെയ്യുമ്പോഴാണ് ലഭിക്കുന്നത്. അതിനാൽ വിവാഹത്തെക്കുറിച്ചും വിവാഹത്തിലേർപ്പെടുന്ന വ്യക്തികളുടെ ദൗത്യത്തെക്കുറിച്ചും നിയമം പറയുന്നത് എന്താണെന്ന് ആദ്യം പരിശോധിക്കാം.

പൗരസ്ത്യസഭാനിയമം വിവാഹത്തിൽ നൽകുന്ന സമ്മതത്തെക്കുറിച്ചു പ്രതിപാദിക്കുന്ന ഭാഗത്ത് ഇപ്രകാരം പറയുന്നു: "വിവാഹം നടത്തുവാൻ കഴിവില്ലാത്തവർ താഴെപ്പറയുന്നവരാണ്. 1. വേണ്ടുവോളം ആലോചനാശേഷി ഇല്ലാത്തവർ. 2. പരസ്പരം കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യേണ്ട വൈവാഹികജീവിതത്തിന്റെ അത്യന്താപേക്ഷിതമായ കടമകളെപ്പറ്റിയും അവകാശങ്ങളെപ്പറ്റിയുമുള്ള വിവേചനാശക്തിക്കു ഗുരുതരമായ തകരാറു പറ്റിയിട്ടുള്ളവർ. 3. മാനസികസ്വഭാവത്തിന്റെ കാരണങ്ങൾകൊണ്ടു വൈവാഹിക ജീവിതത്തിന്റെ അത്യന്താപേക്ഷിതമായ കടമകൾ ഏറ്റെടുക്കുവാൻ കഴിയാത്തവർ" (c.818). ലത്തീൻ സഭാനിയമത്തിലും ഇതേ കാര്യംതന്നെയാണു പറയുന്നത് (c.1095).

സഭാനിയമ വായനയിൽനിന്നു രണ്ടു കാര്യങ്ങൾ വ്യക്തമാകുന്നു. ഒന്ന്, വേണ്ടുവോളം ആലോചനാശേഷിയില്ലാത്തവർക്കും വിവേചനാശക്തിക്കു ഗുരുതരമായ തകരാറു പറ്റിയിട്ടുള്ളവർക്കും വിവാഹജീവിതത്തിന്റെ കടമകളുടെ നിർവ്വഹണം നടത്താൻ സാധിക്കാത്തരീതിയിൽ മാനസികബുദ്ധിമുട്ടുള്ളവർക്കുമാണ് സഭാനിയമം വിവാഹം നിഷേധിക്കുന്നത്. രണ്ട്, വൈവാഹികജീവിതത്തിന്റെ അത്യന്താപേക്ഷിതമായ കടമകളുടെ നിർവഹണം വിവാഹിതരാകുന്ന വ്യക്തികൾ ഏറ്റെടുക്കണം.

എന്താണു വിവാഹം എന്നതും വിവാഹത്തിൽ ഉൾച്ചേർന്നിരിക്കുന്ന വിവിധതലങ്ങൾ ഏതെന്നും സഭാനിയമം കൃത്യമായി നിർവചിക്കുന്നുണ്ട്. 1. വിവാഹം സ്രഷ്ടാവു സ്ഥാപിച്ചതാണ്. 2. വിവാഹം ദൈവികനിയമങ്ങൾവഴി ക്രമപ്പെടുത്തിയിരിക്കുന്നതാണ്. 3. ഒരു ഉടമ്പടിയിലൂടെ ജീവിതകാലം മുഴുവൻ നിലനിൽക്കുന്ന ഒരു പങ്കാളിത്തമാണ് വിവാഹം. 4. ദമ്പതികളുടെ നന്മ ഉറപ്പുവരുത്തുന്നു. 5. വിവാഹത്തിലൂടെ കുഞ്ഞുങ്ങൾക്കു ജന്മം നൽകണം. 6. കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസം ഏറ്റെടുക്കണം. 7. വിവാഹം ഒരു വ്യക്തിയുടെകൂടെ മാത്രമുള്ള ബന്ധമാണ്. 8. ജീവിതകാലം മുഴുവൻ നിലനിൽക്കേണ്ട ബന്ധമാണ് വിവാഹത്തിലൂടെ സ്ഥാപിക്കപ്പെടുന്നത് (CCEO c. 766, CIC c. 1055).

ഒരു വിവാഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകം എന്നു പറയുന്നത് വധൂവരന്മാർ പരസ്പരം നൽകുന്ന സമ്മതമാണ്. വിവാഹസമ്മതത്തെക്കുറിച്ചും സഭാനിയമം കൃത്യമായ ധാരണ നൽകുന്നുണ്ട്. ഒരു സ്ത്രീയും പുരുഷനും പിൻവലിക്കാൻ പാടില്ലാത്തവിധം കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന ഇച്ഛയുടെ പ്രവൃത്തിയാണ് വിവാഹസമ്മതം. ദമ്പതികൾ പൂർണസ്വാതന്ത്ര്യത്തോടെയും സമ്മതത്തോടെയും നൽകേണ്ട ഈ സമ്മതം മൂന്നാമതൊരാൾക്ക് (ഉദാ. മാതാപിതാക്കൾ, സഹോദരങ്ങൾ, സുഹൃത്തുക്കൾ തുടങ്ങിയവർക്ക്) വധൂവരന്മാർക്കുവേണ്ടി നൽകാനാവില്ല (CCEO c. 817, CIC c. 1057).

ഇവിടെ പരിശോധിച്ച സഭാനിയമങ്ങളിൽനിന്നു വ്യക്തമാകുന്ന കാര്യം വിവാഹമെന്ന കൂദാശയുടെ സ്വീകരണത്തിന് അതിലേർപ്പെടുന്ന വ്യക്തികൾ ശാരീരികമായും മാനസികമായും ഒരുക്കമുള്ളവരും കഴിവുള്ളവരും ആഭിമുഖ്യമുള്ളവരുമായിരിക്കണം എന്നുള്ളതാണ്. വിവാഹത്തെ സൃഷ്ടിക്കുന്ന വിവാഹസമ്മതം വധൂവരന്മാർ നൽകുകയും സ്വീകരിക്കുകയും ചെയ്യുമ്പോൾ വിവാഹത്തിലൂടെ ദൈവവും സഭയും ലക്ഷ്യമിടുന്ന കാര്യങ്ങൾ നിർവഹിക്കാനുള്ള സന്നദ്ധതയുടെ ഏറ്റുപറച്ചിൽകൂടിയാണു നടക്കുന്നത്. ആദ്യമേ സൂചിപ്പിച്ചതുപോലെ വേണ്ടത്ര ആലോചനാശേഷിയും വിവേചനാശക്തിയും വിവാഹം ഏൽപ്പിക്കുന്ന ദൗത്യനിർവഹണത്തിനു ആവശ്യമായ മാനസികാരോഗ്യവും ഇതിനാവശ്യമാണ് എന്നർത്ഥം. ഏറ്റെടുക്കുന്ന ഉത്തരവാദിത്വങ്ങളുടെ അർത്ഥവും വ്യാപ്തിയും ഗൗരവവും മനസിലാക്കാൻ സാധിക്കാത്തവിധം മാനസികവൈകല്യമുള്ള ഒരു വ്യക്തിയെ വിവാഹത്തിൽ ഏർപ്പെടുന്നതിൽനിന്നു സഭാനിയമങ്ങൾ വിലക്കുന്നുണ്ട്.

അടുത്ത ഒരു ചോദ്യം പ്രസക്തമാണ്. ആലോചനാശേഷിയും വിവേചനാശക്തിയും ദൗത്യനിർവഹണത്തിനുള്ള മാനസികശേഷിയും വിവാഹത്തിൽ ഏർപ്പെടുന്ന എല്ലാവർക്കും അതിന്റെ പൂർണതയിൽ ഉണ്ടോ? ഇല്ല എന്നുതന്നെയാണു ഉത്തരം. മേൽപ്പറഞ്ഞ ഗുണങ്ങളൊന്നും അതിന്റെ പൂർണതയിൽ ആർക്കും അവകാശപ്പെടാനാവില്ല. അതുകൊണ്ടുതന്നെയാണു വിവാഹിതരാകുന്നവർക്ക് 'ആവശ്യമായ' ആലോചനാശേഷിയും വിവേചനാശക്തിയും കാര്യനിർവഹണശേഷിയും ഉണ്ടായിരിക്കണമെന്നു സഭാനിയമം നിഷ്കർഷിക്കുന്നത്. എന്നുവച്ചാൽ വിവാഹബന്ധത്തിന്റെ സ്വഭാവം ആവശ്യപ്പെടുന്ന ഗൗരവബോധവും വിവാഹത്തിന്റെ ലക്ഷ്യങ്ങൾ നേടുന്നതിനുള്ള സാധാരണമായ പ്രാപ്തിയും ഉള്ളവർക്കു വിവാഹം കഴിക്കാം എന്നർത്ഥം.

ചില വ്യക്തികൾക്കു മേൽപ്പറഞ്ഞ കഴിവുകളുടെ ഗുരുതരമായ അഭാവത്തിൽ ഒരുമിച്ചുള്ള ജീവിതം ആവശ്യപ്പെടുന്ന ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിനോ ദാമ്പത്യജിവിതത്തിന്റെ സ്വഭാവം മനസിലാക്കുന്നതിനോ ജീവിതപങ്കാളിയുടെയും മക്കളുടെയും നേർക്കുള്ള കടമകൾ നിറവേറ്റുന്നതിനോ സാധിക്കാതെവരുന്നു. ഇങ്ങനെയുള്ളവരെയാണു വിവാഹത്തിൽനിന്നു സഭാനിയമം വിലക്കിയിരിക്കുന്നത്.

അടുത്ത പ്രധാനപ്പെട്ട ചോദ്യം ആരാണു ഒരു വ്യക്തിയുടെ മാനസികശേഷി നിർണയിക്കുന്നത് എന്നതാണ്. നമ്മുടെ സംസ്കാരത്തിൽ മാനസിക ബുദ്ധിമുട്ടുകളും വൈകല്യങ്ങളും മൂടിവയ്ക്കുന്ന പ്രവണതയാണ് ഇപ്പോഴുമുള്ളത്. വിവാഹഒരുക്കത്തിന്റെ സമയത്തു ബഹു. വികാരിയച്ചന്മാർക്കു ഇതു വലിയ പ്രായോഗിക പ്രശ്നങ്ങൾ ഉണ്ടാക്കുന്ന സാഹചര്യങ്ങൾ രൂപപ്പെടാറുണ്ട്. കടുത്ത മാനസിക വൈകല്യമുള്ളവരുടെപോലും മാതാപിതാക്കളോ കുടുംബാംഗങ്ങളോ അതു അംഗീകരിക്കാൻ പലപ്പോഴും തയ്യാറാവില്ല എന്നുമാത്രമല്ല വിവാഹത്തിലൂടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടും എന്ന നിലപാട് സ്വീകരിക്കുകയും ചെയ്യാറുണ്ട്. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ആരോഗ്യമേഖലയിലെ വിദഗ്ധരുടെ സഹായം തേടുകമാത്രമാണ് പരിഹാരമാർഗം.

ഒരു വ്യക്തിയിൽ കാണുന്ന മാനസിക വൈകല്യങ്ങൾ വിവാഹത്തിന്റെ കടമകളും ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കുന്നതിൽനിന്നു ആ വ്യക്തിയെ എത്രമാത്രം തടസപ്പെടുത്തുന്നു എന്ന് നിശ്ചയിക്കേണ്ടത് മാനസികരോഗവിദഗ്ധരാണ്. സഭാകോടതികളിൽ വിവാഹകേസ് ഫയൽ ചെയ്യപ്പെടുമ്പോഴും ഈ മേഖലയിൽ വിദഗ്ധരുടെ അഭിപ്രായമാണ് കണക്കിലെടുക്കുന്നത്.

മേൽപ്പറഞ്ഞതിൽനിന്നു ചോദ്യകർത്താവിന്റെ സംശയങ്ങൾക്കുള്ള ഉത്തരമായി കഠിനമായ മാനസികരോഗമുള്ള ഒരു വ്യക്തി വിവാഹത്തിൽ ഏർപ്പെട്ടാൽ അതു അസാധുവായിരിക്കും. കാരണം, പൂർണമായ സ്വാതന്ത്ര്യവും തിരിച്ചറിവും കാര്യഗൗരവവും ഇല്ലാത്തയാൾക്കു വിവാഹത്തിന്റെ സമ്മതം നൽകാനും സ്വീകരിക്കാനും കഴിയില്ല എന്നതുതന്നെ. വിവാഹത്തിന്റെ സമയത്തു സമ്മതം കൊടുക്കുമ്പോൾ ഒരു വ്യക്തി അനുഭവിക്കുന്ന കഠിനമായ മാനസികപ്രശ്നങ്ങളാണു വിവാഹത്തെ അസാധുവാക്കുന്നത്. എന്നാൽ സാധുവായ വിവാഹം നടത്തിയതിനുശേഷം ഭാര്യാഭർത്താക്കന്മാരിൽ ഒരാൾക്കു മാനസികരോഗം അതിന്റെ മൂർധന്യത്തിൽ വന്നാലും ആ വിവാഹം അസാധുവായി കണക്കാക്കുന്നില്ല. കാരണം, വിവാഹത്തിനുള്ള സമ്മതം കൊടുത്തപ്പോൾ ആ വ്യക്തിക്കു അതിനുള്ള മാനസികമായ ശേഷിയും കഴിവും ഉണ്ടായിരുന്നു. സാധുവായ ഒരു വിവാഹത്തെ സംരക്ഷിക്കുന്നതിന് എല്ലാവർക്കും ബാധ്യതയുണ്ട് എന്നതാണു സഭാനിയമത്തിന്റെ ചൈതന്യം. അതിനായി ത്യാഗങ്ങൾ ഏറ്റെടുത്തും ഭാര്യാഭർത്താക്കന്മാർ തങ്ങളുടെ വിവാഹജീവിതം മുന്നോട്ടുകൊണ്ടുപോകണമെന്നു നിയമം അനുശാസിക്കുന്നു.






ഉണ്ണീശോയുടെയും യൂദാശ്ലീഹായുടെയും
അൽഫോൻസാമ്മയുടെയും മധ്യസ്ഥതയാൽ
ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാര സ്മരണ
ഒരു വിശ്വാസി

വീടും സ്ഥലവും വിൽപ്പനയ്ക്ക്

15 സെന്റ് സ്ഥലവും, ഇരുനില വീടും (2200 സ്ക്വയർ ഫീറ്റ്)
വിൽപ്പനയ്ക്ക്. വെള്ളം, റോഡ് സൗകര്യം ലഭ്യമാണ്.
സ്ഥലം: താമരശ്ശേരി – കട്ടിപ്പാറ

ഫോൺ: 9495 822 515

# യൂറിയയും ഇനി കുപ്പിയിൽ

**ലോകമെമ്പാടുമുള്ള കൃഷി മേഖലകളിൽ നൈട്രജന്റെ കുറവ് പരിഹരിക്കാൻ മണ്ണിൽ ചേർത്തു നൽകുന്ന ഏറ്റവും ചെലവു കുറഞ്ഞ വളങ്ങളിലൊന്നാണ് യൂറിയ. തരി രൂപത്തിലാണ് ഇത് കാണപ്പെടുന്നത്. എന്നാൽ കൈകാര്യം ചെയ്യാൻ സൗകര്യപ്രദം, കൊണ്ടു നടക്കാനും ഉപയോഗിക്കാനും എളുപ്പം തുടങ്ങിയ വിശേഷണങ്ങളോടെയാണ് നാനോ യൂറിയ ശ്രദ്ധ നേടുന്നത്.**



**വീട്ടുകൃഷി**

**ജോസ് കെ. വയലിൽ**

45 കിലോയുടെ യൂറിയ ചാക്കിന്റെ സ്ഥാനത്ത് 500 മില്ലിയുടെ ദ്രാവകരൂപത്തിലുള്ള യൂറിയ. വിപ്ലവകരമായ തീരുമാനം എന്ന അവകാശവാദവുമായി യൂറിയ ദ്രാവക രൂപത്തിൽ വിപണിയിലെത്തി കഴിഞ്ഞിരിക്കുന്നു. ഒരു ചാക്ക് യൂറിയയുടെ ഗുണം മുഴുവൻ 500 മില്ലി ലീറ്റർ നാനോ യൂറിയയിലുണ്ടാകുമെന്നാണ് ഉൽപാദകർ വ്യക്തമാക്കുന്നത്.

നാനോ യൂറിയ ഇന്ത്യയിലെ കാർഷിക രംഗത്തെ നൈട്രജന്റെ ക്ഷാമം തീർക്കുമോ എന്ന ചർച്ചയാണ് ഇപ്പോൾ കൃഷി മേഖലയിൽ. ലോകമെമ്പാടുമുള്ള കൃഷി മേഖലകളിൽ നൈട്രജന്റെ കുറവ് പരിഹരിക്കാൻ മണ്ണിൽ ചേർത്തു നൽകുന്ന ഏറ്റവും ചെലവു കുറഞ്ഞ വളങ്ങളിലൊന്നാണ് യൂറിയ; തരി രൂപത്തിലാണ് ഇത് കാണപ്പെടുന്നത്. എന്നാൽ കൈകാര്യം ചെയ്യാൻ സൗകര്യപ്രദം, കൊണ്ടു നടക്കാനും ഉപയോഗിക്കാനും എളുപ്പം തുടങ്ങിയ വിശേഷണങ്ങളോടെയാണ് നാനോ യൂറിയ ശ്രദ്ധ നേടുന്നത്.

ലോകത്ത് ആദ്യമായി യൂറിയയെ ദ്രാവകരൂപത്തിൽ ഉൽപാദിപ്പിച്ചത് ഇന്ത്യയിലെ ഗവേഷകരാണ് എന്നും അവകാശവാദമുണ്ട്. കാർഷിക സഹകരണ സൊസൈറ്റിയായ ഇഫ്കോ ആണ് ദ്രാവകരൂപത്തിലുള്ള നാനോ യൂറിയ ഉൽപാദിപ്പിച്ച് വിപണിയിലെത്തിക്കുന്നത്. 45 കിലോയുടെ തരി രൂപത്തിലുള്ള ഒരു ചാക്ക് യൂറിയയ്ക്ക് സമാനമാണ് 500 മില്ലിയുടെ ഒരു ബോട്ടിൽ നാനോ യൂറിയ, 3–4 മില്ലി ലീറ്റർ നാനോ യൂറിയ ഒരു ലീറ്റർ വെള്ളത്തിൽ കലക്കി വിളകളിൽ സ്പ്രേ ചെയ്തു കൊടുക്കുകയാണു വേണ്ടത്. 500 മില്ലിയുടെ ഒരു ബോട്ടിൽ കൊണ്ട് ഒരേക്കർ സ്ഥലത്ത് ഉപയോഗിക്കാനാകും.

നേരിട്ടുള്ള യൂറിയ ഉപയോഗവും നാനോയുടെ ഉപയോഗവും പരിഗണിക്കുമ്പോൾ നാനോയാണ് കൂടുതൽ ഫലപ്രദം എന്ന് പറയപ്പെടുന്നു, മണ്ണിൽ തരി രൂപത്തിലുള്ള യൂറിയ ഉപയോഗിക്കുന്നതിൽ 30 മുതൽ 50 ശതമാനം വരെ ചെടികൾക്ക് ഉപകാരപ്രദമാകാതെ പോകുന്നു.

സസ്യങ്ങളുടെ ആരോഗ്യപൂർവകമായ വളർച്ച, പൂവിടൽ, കായ്ക്കൽ തുടങ്ങിവയ്ക്കെല്ലാം ഉപയോഗിക്കാവുന്ന ചെലവു കുറഞ്ഞ വളമാണ് യൂറിയ. കർഷകർക്ക് കൈകാര്യം ചെയ്യാൻ എളുപ്പം എന്ന രീതിയിലും പ്രതികൂല കാലാവസ്ഥയിലും ഉപയോഗിക്കാം എന്നതിനാലും നാനോ യൂറിയ ഉപകാരപ്രദമാണ്. എന്നാൽ ഇതിന്റെ ഉപയോഗ രീതി, റിസൽറ്റ് എങ്ങനെ എന്ന കാര്യത്തിൽ പഠനങ്ങൾ നടന്നിട്ടില്ലെന്ന് കൃഷി വിദഗ്ധരിൽ ഒരു വിഭാഗം ചൂണ്ടിക്കാട്ടുന്നു. വലിയ കൃഷികളിൽ ഇത് ലാഭകരമാകില്ലെന്ന് വാദിക്കുന്നവരും ഉണ്ട്. എന്നാൽ ദ്രാവക രൂപത്തിലായതിനാൽ ഇലകളിൽ തളിച്ചു കൊടുക്കുന്ന പത്രപോഷണ രീതിയും വെള്ളത്തിൽ ലയിപ്പിച്ച് ഉപയോഗിക്കുന്നതിനാൽ ഡ്രിപ് ഇറിഗേഷൻ രീതിയും നാനോ യൂറിയയുടെ ഉപയോഗത്തിൽ സ്വീകരിക്കാം. ഇത് ചെടികൾക്ക് എളുപ്പത്തിൽ ആഗിരണം ചെയ്യാൻ സഹായിക്കുകയും മണ്ണിൽ ചേർത്ത് ഉപയോഗിക്കുന്നതു വഴിയുള്ള മൂലക നഷ്ടം നല്ല രീതിയിൽ കുറയ്ക്കാൻ സഹായിക്കുമെന്നും കൃഷി വിദഗ്ധരിൽ ഒരു വിഭാഗം ചൂണ്ടിക്കാട്ടുന്നു. ഉദാഹരണത്തിന് നെൽക്കൃഷിയിൽ വെള്ളം കെട്ടിക്കിടക്കുമ്പോൾ തരി രൂപത്തിലുള്ള യൂറിയ ഉപയോഗിക്കുന്നത് പ്രയാസകരമാകും. അപ്പോൾ ദ്രാവക രൂപത്തിലുള്ള ഉൽപന്നം ഇലകളിൽ തളിച്ചു കൊടുക്കാനാകും. ഇലയിൽ തളിച്ചു കൊടുക്കുമ്പോൾ പെട്ടെന്ന് ഫലം കിട്ടുന്നു.



100 കിലോഗ്രാം യൂറിയയിൽ 46 കിലോഗ്രാം നൈട്രജൻ മാത്രമാണുള്ളത്. ബാക്കി 54 കിലോഗ്രാമും ഫില്ലറുകളാണ്. ഇത്രയും നൈട്രജന് അരലീറ്ററിന്റെ ഒരു കുപ്പി നാനോ യൂറിയ മതി. വലിയ ഫാമുകളിൽ ഡ്രോൺ ഉപയോഗിച്ചു തളിക്കാം. പാടങ്ങളിൽ വെള്ളം നിറഞ്ഞുനിൽക്കുമ്പോഴും ഇലകളിൽ തളിക്കാൻ ബുദ്ധിമുട്ടില്ല. ഇലകളിൽ വീഴുന്നതിനാൽ മണ്ണിന്റെ അമ്ലത കൂടില്ല. കേരളത്തിലെ മണ്ണിൽ അമ്ലത കൂടുതലാണ്. യൂറിയ വളത്തിലുള്ള ഫില്ലറുകൾ കൃഷിയിടത്തിൽ വീണുണ്ടാകുന്ന ദോഷവും ഒഴിവാകും. കുപ്പിയിലാവുമ്പോൾ സൂക്ഷിക്കാനും കൊണ്ടുപോകാനും എളുപ്പം. കേരളത്തിലെ വലിയ വള വിൽപനശാലകളിൽ നാനോ ദ്രാവക യൂറിയ എത്തിത്തുടങ്ങിയിട്ടുണ്ട്. 240 രൂപയാണ് ഒരു ബോട്ടിലിന്റെ വില. പ്രധാന വിൽപനശാലകളിലും ആമസോൺ പോലുള്ള ഏജൻസികൾ വഴിയും നാനോ യൂറിയ ലഭിക്കും.

## ക്വിസ് കോർണർ 2022



### 2022 ജൂലൈ – ആഗസ്റ്റ് ലക്കം ചോദ്യങ്ങൾ

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. കുടിയേറ്റ കർഷകരെ സ്നേഹത്തിന്റെ വഴിയിലൂടെ നയിച്ചത് ആരായിരുന്നു?
2. ഏതു തരത്തിലുള്ള മനസിനാണ് സത്യം കണ്ടെത്താനുള്ള കഴിവും മറ്റുള്ളവരെ പരിഗണിക്കാനുള്ള ശേഷിയും നഷ്ടപ്പെടുന്നത്?
3. മലബാറിലെ ആദ്യത്തെ 400 മീറ്റർ അത്‌ലറ്റിക്സ് ട്രാക്ക് എവിടെയാണ്?
4. 2003ൽ പുല്ലൂരാംപാറ ആസ്ഥാനമായി ആരംഭിച്ച കായിക കേന്ദ്രം ഏത്?
5. കായിക താരങ്ങളുടെ പേടി സ്വപ്നം എന്താണ്?
6. ക്രൈസ്തവ വിശ്വാസവിഷയങ്ങൾ ആഴത്തിൽ പഠിക്കാൻ സുവർണ്ണാവസരമൊരുക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഏത്?
7. കൃത്യമായ പരിശീലനത്തിലൂടെ പ്രതിഭകൾക്ക് ദിശാബോധം നൽകി ദേശീയ ടീമിലേക്കുള്ള പ്രവേശനത്തിന് പ്രാപ്തരാക്കുന്ന സ്ഥാപനം ഏത്?
8. സാധുവായ വിവാഹശേഷം ദമ്പതികളിൽ ഒരാൾക്ക് കഠിനമായ മാനസിക രോഗമുണ്ടായാൽ ആ വിവാഹം അസാധുവാകുമോ?
9. നൈട്രജന്റെ കുറവ് പരിഹരിക്കാൻ മണ്ണിൽ ചേർക്കുന്ന ഏറ്റവും ചെലവുകുറഞ്ഞ വളം ഏത്?
10. ഇറ്റലിക്കാരനായ ജാക്കപ്പോ നിരൂദ കയാക്കിങിന് അനുയോജ്യമായി കണ്ടെത്തിയ കോഴിക്കോട് ജില്ലയിലെ പുഴയേത്?

തയ്യാറാക്കിയത്: **ഫാ. സായി പാറൻകുളങ്ങര**

**ഉത്തരങ്ങൾ 2022 ആഗസ്റ്റ് 20ന് മുമ്പ് ലഭിക്കണം**

*മേയ് – ജൂൺ ലക്കം വിജയികളായവർ:*

● ഒന്നാം സമ്മാനം, 1000 രൂപ
**അലീന സജി**
മഴുവഞ്ചേരി, കൂടരഞ്ഞി

● രണ്ടാം സമ്മാനം, 500 രൂപ
**എലിസബത്ത് ജോസഫ്**
എലയാനിത്തോട്ടത്തിൽ, ചന്ദനക്കാംപാറ

● മൂന്നാം സമ്മാനം, 250 രൂപ
**ടിന്റുമോൾ ജോസ്**
കൈതമറ്റത്തിൽ, മുതുകാട്

ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ് നമ്പർ

**9744 99 5553**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

### മേയ് – ജൂൺ ലക്കം ഉത്തരങ്ങൾ

1. ഡെബോറ സാമുവൽ 2. ഓൺലൈൻ പഠന നാളുകൾ 3. CUET 4. ദിവ്യകാരുണ്യത്തിന്റെ വാനമ്പാടി 5. മാർ ജോസഫ് പാംപ്ലാനി 6. ചെമ്പൻ ചെല്ലി 7. മഴ കുറഞ്ഞത് 8. സമന്ദർ സിംഗ് 9. ആടുമേയിക്കൽ 10. പുഷ്പം

### പൊതുനിർദ്ദേശങ്ങൾ

● പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്.
● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല.
● പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
● വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പിഒ, കോഴിക്കോട് 673012. ● സംശയങ്ങൾക്ക് വിളിക്കുക: 97 44 99 5553

ഇവിടെ മുറിക്കുക

**ഉത്തരങ്ങൾ ഇവിടെ എഴുതുക**

1
2
3
4
5
6
7
8
9
10

പേര്: ..........

വീട്ടുപേര്: ..........

ഇടവക: ..........

ഫോൺ: ..........

# വെളിച്ചത്തിന്റെ ആയുധങ്ങൾ ധരിച്ച നാം ഇരുട്ടിൽ കഴിയേണ്ടവരല്ല

**ജാതീയമായ അവഗണനയിൽ നിന്നും അടിച്ചമർത്തലിൽ നിന്നും രക്ഷനേടാൻ ദളിത്, ആദിവാസി ജനതകൾ സാക്ഷരത കൈവരിക്കണമെന്ന ലക്ഷ്യം എങ്ങനെയാണ് മതപരിവർത്തനമാവുക. ദുർബല ജനവിഭാഗങ്ങളെ ചൂഷണം ചെയ്യാനുള്ള രാഷ്ട്രീയ മേലാള വിഭാഗങ്ങളുടെ ശ്രമങ്ങൾക്കെതിരെ ആ പട്ടിണിപ്പാവങ്ങൾ അറിവിന്റെ ആയുധം ധരിക്കുന്നതിനെ 'മതപരിവർത്തനം' എന്ന ലേബൽ ചാർത്തിയതാരാണ്?**



**ചിന്തയും ചർച്ചയും**

ആന്റണി ചടയംമുറി

കുരുന്നു തലമുറകളിലേക്ക് വർഗീയ വിഷത്തിന്റെ തുള്ളികൾ ഇറ്റുവീഴ്ത്തുന്ന വാർത്താ കോലാഹലങ്ങളും ചർച്ചകളും നാം മാധ്യമങ്ങളിലൂടെ അറിഞ്ഞുകൊണ്ടിരിക്കുന്നു. ഒരു മുദ്രാവാക്യത്തിന്റെ മുനകളിൽ പോലും കൊടുംവിഷം തേച്ചുപിടിപ്പിച്ച് സമൂഹത്തിലേക്ക് ചുഴറ്റിയെറിയുമ്പോൾ എവിടെയൊക്കെയോ പടർന്നു കയറുന്ന വർഗ്ഗീയതയുടെ കരിനിഴലുകൾക്കു പിന്നിൽ എന്താണെന്നും ആരാണെന്നും നാം ചിന്തിക്കുകയും പഠിക്കുകയും വേണം. വെറും രാഷ്ട്രീയ പ്രേരിതവും നിഷ്ഫലവുമായ അന്തിചർച്ചകളുടെ വിഷയം മാത്രമായി ഇത്തരം സംഭവങ്ങൾ തമസ്ക്കരിക്കപ്പെടുന്നത് ആശാവഹമല്ല. ഇത്തരം നിലപാടുകൾക്കെതിരെ വ്യക്തമായ കാഴ്ചപ്പാടുകളോടെ മുന്നേറാൻ നമുക്ക് സാധിക്കണം. അല്ലെങ്കിൽ ക്രൈസ്തവരായ നാം കാലികമായ യാഥാർത്ഥ്യങ്ങളോട് ക്രിസ്തീയമായി പ്രത്യുത്തരിക്കാത്തവരെന്ന് ചരിത്രം നമ്മെ കുറ്റപ്പെടുത്തും.

## കൂട്ടായ്മയുടെ ചൈതന്യമാണ് വിശ്വാസത്തിന്റെ കാതൽ

ഏറെ പരിചിതമായ ബൈബിളിലെ ഒരു രംഗം ഓർമിപ്പിക്കാം. സീസറിന് നികുതി കൊടുക്കണമോ വേണ്ടയോ എന്ന് യേശുവിനോട് ചോദിക്കുമ്പോൾ (മത്താ.22:15–22, മർക്കോ 12: 13–17, ലൂക്കാ. 20:20–26) യേശു അവരോട് നികുതിയായി നൽകുന്ന നാണയം (ദനാറ) തന്നെ കാണിക്കാൻ ആവശ്യപ്പെടുകയാണ്. പ്രധാന പുരോഹിതരും സദുക്കായരും ഫരിസേയരും നിയമജ്ഞരും ഹേറോദേസ് പക്ഷക്കാരുമടങ്ങിയ സംഘമാണ് യേശുവിനോട് ഈ ചോദ്യമുന്നയിക്കുന്നത്. ഈ നാണയം ദേവാലയ ഭണ്ഡാരങ്ങളിൽ നിക്ഷേപിക്കാൻ യഹൂദജനത്തെ പുരോഹിത പ്രമുഖർ അനുവദിച്ചിരുന്നില്ല. റോമൻ നാണയങ്ങൾക്കു പകരം പാലസ്തീനയിൽ ഉപയോഗിച്ചിരുന്ന നാണയങ്ങൾ ഭക്തർക്ക് മാറ്റികൊടുക്കുന്നതുപോലും വലിയ കച്ചവടമായിരുന്നു അന്ന് ജറുസലേമിൽ.

മതങ്ങളോ രാഷ്ട്രങ്ങളോ പ്രത്യക്ഷമായി പങ്കെടുക്കാത്ത ഒരു വിവാദത്തിന്റെ നടുവിൽ ഏതെങ്കിലും ഒരു പക്ഷത്തേക്ക് ചായുമെന്ന് കരുതിയവരോടുള്ള യേശുവിന്റെ മറുപടി നമുക്ക് പരിചിതമാണ്. സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും എന്ന ഈ മറുപടി രാഷ്ട്രീയ പശ്ചാത്തലത്തിലല്ല വിശകലനം ചെയ്യപ്പെടേണ്ടത്. ദനാറയിലുള്ള രൂപം തിബേരിയൂസ് സീസറിന്റേതായിരുന്നു. അതിനു ചുറ്റുമുള്ള ലിഖിതം ദേവനായ അഗസ്റ്റസിന്റെ പുത്രൻ തിബേരിയൂസ് സീസർ എന്നും. ഏകദൈവ വിശ്വാസികളായ യഹൂദർക്ക് ഈ റോമൻ നാണയം അപമാനത്തിന്റെയും ദൈവനിഷേധത്തിന്റെയും പ്രതീകങ്ങളായിരുന്നു. (നിയമാ– 5.8). ഓരോ മതങ്ങളിലും അവരുടെ യഥാർത്ഥ വിശ്വാസത്തിന്റെ ചൈതന്യം നഷ്ടപ്പെട്ടവർ സംഘം ചേർന്ന് ഇത്തരം കാപട്യത്തിന്റെ നടനകസർത്തുകൾ എല്ലാ കാലത്തും നാം പ്രതീക്ഷിക്കണം. മതത്തിന്റെ ആന്തരീക സത്തയെ പിഴിഞ്ഞ് കളഞ്ഞുകൊണ്ട് ഓരോ മതങ്ങളുടെയും അണിയറയിൽ രൂപപ്പെടുന്ന നിഗൂഢ കൂടിവരവുകളെ ചെറുക്കാൻ അതേ മതങ്ങളുടെ ചൈതന്യം ഹൃദയത്തിൽ സംഗ്രഹിച്ചിട്ടുള്ളവർക്കു മാത്രമേ കഴിയൂ. അതുകൊണ്ട് മതങ്ങൾ തമ്മിലുള്ള സംഘർഷമെന്ന പദപ്രയോഗം പോലും ഒരു കെണിയാണെന്ന് തിരിച്ചറിയണം.

## കടമകൾ നിറവേറ്റാതെ ഭരണകൂടങ്ങൾ

അധികാരത്തിന്റെയും ജനസ്വാധീനത്തിന്റെയും പന്തലുകൾക്ക് കീഴിൽ സസുഖം വാണിരുന്ന പുരോഹിത പ്രമാണികളും ഫരിസേയരും സദൂക്കായരും നിയമജ്ഞരും യേശുനാഥന്റെ ചുറ്റും ഇരമ്പിയെത്തുന്ന ജനങ്ങളെ കണ്ട് അമ്പരന്നു നിൽക്കുമ്പോൾ അവർ അതുവരെ യേശുവിനെ ഒരു പ്രതിയോഗിയായി കാണാതിരുന്ന റോമൻ ഭരണകൂടത്തെ ഈ കുറ്റവിചാരണയിലേക്ക് മനപൂർവ്വം വലിച്ചിഴയ്ക്കുന്നു. സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും നീതിപൂർവ്വകമായ ക്രമീകരണം രാഷ്ട്രീയത്തിന്റെ ധർമ്മമാണ്. ഈ ധർമ്മം കൃത്യമായി നിറവേറ്റപ്പെടാതെ പോകുമ്പോഴാണ് യഥാർത്ഥത്തിൽ മതങ്ങൾ നെയ്തുണ്ടാക്കിയ മൂല്യങ്ങളുടെ ഉടയാടകൾ വലിച്ചു കീറപ്പെടുന്നത്.

ഇന്ത്യയിൽ രാഷ്ട്രീയ നേതാക്കളും അധികാരികളും യഥായോഗ്യം നിറവേറ്റേണ്ട ഭരണഘടനാപരമായ കടമകളും കർത്തവ്യങ്ങളും അറിഞ്ഞുകൊണ്ടു തന്നെ മറന്നുപോകുന്നുണ്ടോ? ക്രൈസ്തവരായ നാം കാലത്തിന്റെ അടയാളങ്ങൾ മനസിലാക്കണം. സീസറിനോടോ, മതങ്ങളെ ദുരുപയോഗം ചെയ്യുന്നവരോടോ സന്ധി ചെയ്യാതെയുള്ള യേശുവിന്റെ ചിന്തകളിലേക്ക് നമ്മുടെ ഹൃദയവും നയനങ്ങളും പറന്നുചെല്ലണം. രാഷ്ട്രീയത്തിനും അധികാരവിനിയോഗങ്ങൾക്കുമപ്പുറം ചില ലക്ഷ്യങ്ങളുണ്ടാകണമെന്ന് അവരെ ബോധ്യപ്പെടുത്താവുന്ന വിധം ക്രൈസ്തവർ വെളിച്ചത്തിന്റെ ആയുധങ്ങൾ ധരിക്കണം. വെറുപ്പിന്റെ മൊത്തക്കച്ചവടം ചില രാഷ്ട്രീയ പ്രസ്ഥാനങ്ങളും മതചിഹ്നങ്ങൾ ഉപയോഗിച്ചുകൊണ്ട് ചില മനുഷ്യത്വ രഹിത കൂട്ടായ്മകളും നടത്തുമ്പോൾ അതിനെ ചെറുക്കാവുന്ന സ്നേഹത്തിന്റെയും കരുണയുടെയും സത്യത്തിന്റെയും ധാർമികതയുടെയുമെല്ലാം ജീവിത സാക്ഷ്യങ്ങൾ രൂപപ്പെടുത്താൻ നമുക്ക് കഴിയണം. ഓരോ മതങ്ങളുടെയും ക്രിയാത്മകത ദൈവത്തിനും മനുഷ്യർക്കും പ്രിയങ്കരമായി കിരീടമണിയുന്ന സന്ദർഭങ്ങളാണത്.

## കാണ്ടമാലിൽ സംഭവിച്ചതും, ഇപ്പോൾ സംഭവിക്കുന്നതും

1984 ൽ ഡൽഹിയിൽ നടന്ന സിഖ് കൂട്ടക്കൊലയ്ക്കും 2002 ൽ നടന്ന മുസ്ലീം കൂട്ടക്കൊലയ്ക്കും സമാനമാണ് ഒറീസയിലെ കാണ്ടമാലിൽ നടന്ന ക്രൈസ്തവരുടെ കൂട്ടക്കൊലയെന്ന് ചില മാധ്യമങ്ങൾ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിലെ സിഖ്, മുസ്ലീം, ക്രൈസ്തവ വിഭാഗങ്ങൾ ഭരണകൂടങ്ങളുടെ ഉപേക്ഷയാൽ വഞ്ചിക്കപ്പെടുകയും തകർക്കപ്പെടുകയും ചെയ്തു. ഇന്നും ഉത്തരേന്ത്യയിലും മറ്റും നമ്മുടെ മിഷണറിമാർ സുരക്ഷിതരല്ല. ഈ ന്യൂനപക്ഷ ആക്രമണങ്ങൾക്കു പിന്നിൽ രാഷ്ട്രീയ പാർട്ടികൾ വാത്സല്യത്തോടെ തലോടി വളർത്തുന്ന കലാപ സംഘങ്ങളുണ്ടെന്നത് സത്യമാണ്. അവരെ നീതിയോടെ വിധിക്കേണ്ടതിനു പകരം അവരുടെ അക്രമപാതകളിൽ യഥേഷ്ടം വിഹരിക്കാൻ അവരെ അനുവദിക്കുന്നത് ഭരണകൂടങ്ങളുടെ പിഴവാണ്.

ജനാധിപത്യവും മതേതരത്വവും നാനാത്വവും ഒരുപോലെ ചവിട്ടി അരയ്ക്കപ്പെട്ടപ്പോൾ, രാഷ്ട്രീയക്കാർ അതൊരു ഭൂരിപക്ഷ പ്രീണനത്തിന്റെ മധുരക്കരിമ്പായി ചവച്ച് ഊറ്റി രസിക്കുകയായിരുന്നു. നീതി നിഷേധിക്കപ്പെട്ടവരുടെ നിലവിളികൾ അവർക്ക് ഇമ്പകരമായ പശ്ചാത്തലസംഗീതമെന്ന മട്ടിലായി മാറിയോ? ഇന്ത്യയെന്ന മഹാഭവനത്തിനു തീപിടിച്ചാലും എന്റെ മുറി അഗ്നിയിൽ പെടാതെ കാത്തുസൂക്ഷിക്കാമെന്നും അവിടെ എന്റെ അധികാര കസേര തീപിടിക്കാതെ സൂക്ഷിച്ചുവയ്ക്കാമെന്നും കരുതുന്ന ചില രാഷ്ട്രീയ നേതാക്കളുമുണ്ട്.

> **മനുഷ്യരായ നമുക്ക് എല്ലാവർക്കും ഒരേയൊരു പ്രഭവസ്ഥാനമാണുള്ളത്; ഒരേയൊരു ലക്ഷ്യവും. അതുകൊണ്ട് നാം സഹയാത്രികരാണ്.**
>
> **–വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ**

## വെറുപ്പിന്റെ മുൾച്ചെടികൾക്ക് വളമിട്ടതാര്?

മൂന്ന് ദശകത്തിലേറെയായി കാണ്ടമാലിൽ ഹിന്ദുത്വതീവ്രവാദ ഗ്രൂപ്പുകൾ ദുർബലരായ മനുഷ്യരുടെ ചോര വളമായി വീഴ്ത്തി വെറുപ്പിന്റെ മുൾച്ചെടികൾ വളർത്തിയത് ജനങ്ങളോട് ഉത്തരവാദിത്വമുള്ള ഭരണകൂടം കാണാതപോയത് എന്തുകൊണ്ട്? രണ്ട് ജനവിഭാഗങ്ങൾ (പാണാസും, കാണ്ടാസും) തമ്മിലുള്ള അകൽച്ചയാണ് തീവ്രവാദ ഗ്രൂപ്പുകൾ കാണ്ടമാലിൽ മുതലെടുത്തത്. ഒറീസയിലെ ഒരു ജില്ല തന്നെ സംഘർഷത്താൽ തവിടുപൊടിയായിട്ടും ഇന്ത്യൻ മാധ്യമങ്ങൾ ആ സംഭവം റിപ്പോർട്ട് ചെയ്യാൻ കാണിച്ച വൈമുഖ്യം എത്രയോ ലജ്ജാകരമാണ്.

ഒറീസയിൽ 140 ൽപരം ദേവാലയങ്ങൾ നശിപ്പിക്കപ്പെട്ടിട്ടും ദളിത്, ആദിവാസി മേഖലകളിലെ നിരവധി സ്കൂളുകൾ നശിപ്പിക്കപ്പെട്ടിട്ടും എന്തേ ഒറീസയിലെ ഭരണകൂടം മൗനം പാലിച്ചു?

ഉടുതുണിയല്ലാതെ മറ്റൊന്നും ശേഷിക്കാതിരുന്ന കലാപ ബാധിത പ്രദേശങ്ങളിലേക്കുള്ള ദുരിതാശ്വാസം പോലും തടയപ്പെട്ടതും, കാണ്ടമാലിൽ ഇരകളാക്കപ്പെട്ട അരലക്ഷത്തോളം യുവജനങ്ങൾ സ്വന്തം നാട്ടിൽ തന്നെ തങ്ങളെ അഭയാർത്ഥികളായി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടതും (02–10–2008 ലെ പത്രവാർത്ത) എങ്ങനെയാണ് ജനാധിപത്യ പക്ഷത്തുള്ളവർക്ക് മറക്കാനാവുക? ജാതീയമായ അവഗണനയിൽ നിന്നും അടിച്ചമർത്തലിൽ നിന്നും രക്ഷനേടാൻ ദളിത്, ആദിവാസി ജനതകൾ സാക്ഷരത കൈവരിക്കണമെന്ന ലക്ഷ്യം എങ്ങനെയാണ് മതപരിവർത്തനമാവുക. ദുർബല ജനവിഭാഗങ്ങളെ ചൂഷണം ചെയ്യാനുള്ള രാഷ്ട്രീയ മേലാള വിഭാഗങ്ങളുടെ ശ്രമങ്ങൾക്കെതിരെ ആ പട്ടിണി പ്പാവങ്ങൾ അറിവിന്റെ ആയുധം ധരിക്കുന്നതിനെ 'മതപരിവർത്തനം' എന്ന ലേബൽ നൽകിയതാരാണ്?

## മതങ്ങളിലെ ഗ്രൂപ്പുകൾ സർവ്വനാശം വിതയ്ക്കുമ്പോൾ

കേരളത്തിൽ എല്ലാ മതവിശ്വാസികളും സമാധാനത്തിലും സ്നേഹത്തിലും ജീവിക്കുന്നുണ്ട്; അപൂർവ്വമായി ചില തീപ്പൊരികൾ പൊട്ടിവീഴാറുമുണ്ട്. എന്നാൽ മനുഷ്യൻ സമൂഹജീവിയാകയാൽ, അവന്റെ ദൈനംദിന ജീവിതം പരസ്പരം ബന്ധപ്പെട്ടതാണ്. അതിനാൽ മറ്റൊരു മതമല്ല, മറ്റൊരു മതവിശ്വാസിയുടെ ചെയ്തികളാകാം പരസ്പരവിദ്വേഷത്തിന് തിരികൊളുത്തുക. ഒരാളുടെ യഥാർത്ഥ മതവിശ്വാസങ്ങളിൽ നിന്നുള്ള പാളം തെറ്റിയോട്ടം സമൂഹത്തിന്റെ സ്വസ്ഥത തകർക്കുന്നു. ഇതിന് പരിഹാരമെന്ന നിലയിൽ ക്രിസ്തീയ മിഷ്ണറിമാർ ചില മതങ്ങളിൽ നിലനിന്നിരുന്ന അന്ധവിശ്വാസപരമായ അനാചാരങ്ങളെ എതിർത്തത് ചരിത്രം. 1924ൽ ആലുവായിൽ ശ്രീനാരായണഗുരു വിളിച്ചു കൂട്ടിയ സർവ്വമത സമ്മേളനത്തിന്റെ ലക്ഷ്യം 'വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനും' എന്നതായിരുന്നു.

സാഹിത്യകാരനായ ആനന്ദ് എഴുതിവച്ചിരിക്കുന്ന ഒരു കാര്യമുണ്ട്. മറ്റ് മതങ്ങളുമായി സംവദിക്കാനും സൗഹാർദം സ്ഥാപിക്കാനും ശ്രമിക്കുന്ന ഓരോ മതവും ആദ്യം ആന്തരികമായ നവീകരണത്തിനും ജനകീയവത്കരണത്തിനും വിധേയമാകണം. മതങ്ങൾ അവയുടെ ഉള്ളിൽ കാലത്തിന്റെ ഊട് നെയ്ത് ചേർക്കണം. കാലത്തിനൊത്തു നെയ്തു നീങ്ങുന്ന വസ്ത്രങ്ങളാകണം മതങ്ങൾ (വേട്ടക്കാരനും വിരുന്നുകാരനും പേജ് 334).

1986 ൽ അസീസിയിൽ നടന്ന സർവ്വമത സമ്മേളനത്തിൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറഞ്ഞു, "പരമസത്തയിലേക്ക് ഉള്ളുയർത്താനുള്ള മനുഷ്യരുടെ ആത്മദാനത്തിന്റെ ബഹിർസ്ഫുരണമാണ് ലോകമതങ്ങൾ. മതവൈവിധ്യം ഒരു വരമാണ്, മനുഷ്യരായ നമുക്ക് എല്ലാവർക്കും ഒരേയൊരു പ്രഭവസ്ഥാനമാണുള്ളത്; ഒരേയൊരു ലക്ഷ്യവും. അതുകൊണ്ട് നാം സഹയാത്രികരാണ്. ദൈവം ക്ഷണിക്കുന്ന പരമസായൂജ്യത്തിലേക്ക് പരസ്പരം വഴികാട്ടികളായി നീങ്ങുന്ന സഹതീർത്ഥാടകർ!"

### താമരശ്ശേരി രൂപതയിലെ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ ബഫർ സോൺ വിധിക്കെതിരെ കോഴിക്കോട്, മലപ്പുറം കലക്ടറേറ്റുകളിലേക്ക് കർഷക മാർച്ച്

# കർഷക രോഷമിരമ്പിയ ദിനം

**കോഴിക്കോട്:** ബഫർ സോൺ വിഷയത്തിൽ താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ കോഴിക്കോട്, മലപ്പുറം കലക്ടറേറ്റുകളിലേക്ക് നടത്തിയ മാർച്ചിലും ധർണയിലും കർഷകരോഷമിരമ്പി. അതിജീവനത്തിനായി നടത്തുന്ന ജീവൻമരണ പോരാട്ടത്തിൽ മലയോര ജനത ഒറ്റക്കെട്ടായി സമരവീര്യമറിയിച്ചു.

ഏതുസമയത്തും വീടുകളിൽ നിന്ന് ഇറക്കിവിട്ടേക്കുമെന്ന ഭീതിയിൽ അന്തിയുറങ്ങുന്ന കർഷക ജനതയുടെ വിഷയത്തിൽ മുഖ്യമന്ത്രി പിണറായി വിജയനും ഇടതുമുന്നണിയും അടിയന്തരമായി ഇടപെടണമെന്ന് കോഴിക്കോട് കലക്ടറേറ്റ് മാർച്ച് ഉദ്ഘാടനം ചെയ്തുകൊണ്ട് ബിഷപ് ഡോ. വർഗീസ് ചക്കാലക്കൽ ആവശ്യപ്പെട്ടു. “ഇവിടുത്തെ എംഎൽഎമാർ കൈകാര്യം ചെയ്യേണ്ട വിഷയമാണിത്. നിയമസഭയിൽ ചർച്ച നടക്കണം. ഭരണപക്ഷവും പ്രതിപക്ഷവും ഒറ്റക്കെട്ടായി ഈ പ്രശ്നം ഏറ്റെടുക്കണം”– ബിഷപ് കൂട്ടിച്ചേർത്തു.

എരഞ്ഞിപ്പാലത്തു നിന്ന് ആരംഭിച്ച കോഴിക്കോട് കലക്ടറേറ്റ് മാർച്ച് ജനസാഗരമായി മാറി. പശ്ചിമഘട്ട ജനസംരക്ഷണ സമിതി ജനറൽ കൺവീനർ ഡോ. ചാക്കോ കാളാംപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. പശ്ചിമഘട്ട ജനസംരക്ഷണ സമിതി കൺവീനർ ഫാ. ബെന്നി മുണ്ടനാട്ട് സ്വാഗതവും ഇൻഫാം രൂപത പ്രസിഡന്റ് അഗസ്റ്റിൻ പുളിക്കക്കണ്ടത്തിൽ നന്ദിയും പറഞ്ഞു. ഫാ. ഷിബു കളരിക്കൽ, ഫാ. മനോജ് കൊല്ലംപറമ്പിൽ, ഫാ. സായി പാറൻകുളങ്ങര, ഫാ. സബിൻ തൂമുള്ളിൽ, ഫാ. ജോസ് പെണ്ണാപറമ്പിൽ, ഫാ. പ്രിയേഷ് തേവടിയിൽ, ഫാ. വിൻസെന്റ് കണ്ടത്തിൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ബെന്നി ലൂക്കോസ്, ജോർജ് വട്ടുകുളം, ജോയി കണ്ണംചിറ, ജില്ലാ പഞ്ചായത്ത് അംഗം ബോസ് ജേക്കബ്, ബേബി പെരുമാലിൽ, അഭിലാഷ് കുടിപ്പാറ, റിച്ചാർഡ് ജോൺ, തോമസ് വലിയപറമ്പിൽ, ബേബി കിഴക്കുംഭാഗം എന്നിവർ നേതൃത്വം നൽകി.

മലപ്പുറത്ത് നടത്തിയ കലക്ടറേറ്റ് മാർച്ചിലും പ്രതിഷേധം അലയടിച്ചു. പാസ്പോർട്ട് ഓഫീസ് പരിസരത്തുനിന്നാണ് മാർച്ച് ആരംഭിച്ചത്. സ്ത്രീകളും കുട്ടികളുമടക്കം ആയിരക്കണക്കിന് മലയോര കർഷകർ പ്ലക്കാർഡുകളുമേന്തി നാടത്തിയ മാർച്ച് കളക്ടറേറ്റു പടിക്കൽ സംഗമിച്ചു. പശ്ചിമഘട്ട സംരക്ഷണ സമിതി മലപ്പുറം ജില്ല ജനറൽ കൺവീനർ മോൺ. തോമസ് മണക്കുന്നേൽ ഉദ്ഘാടനം ചെയ്തു. താമരശ്ശേരി രൂപത വികാരി ജനറൽ മോൺ ജോൺ ഒറവുങ്കര അധ്യക്ഷത വഹിച്ചു.

വനമേഖലയിൽ വനാതിർത്തിക്ക് ഉള്ളിലേക്ക് ഒരു കിലോമീറ്റർ ബഫർ സോണായി പ്രഖ്യാപിക്കണം – മോൺ. ജോൺ ഒറവുങ്കര ആവശ്യപ്പെട്ടു. ജോസ് പള്ളത്ത് മുഖ്യ പ്രഭാഷണം നടത്തി. അഡ്വ. ബീന ജോസഫ്, ഫാ. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിൽ, ജോസ് കാര്യാങ്കൽ എന്നിവർ പ്രസംഗിച്ചു. ഫൊറോന വികാരിമാരായ ഫാ. തോമസ് പൊരിയത്ത്, ഫാ. ബിജു തുരുത്തേൽ, ഫാ. ആന്റോ മൂലയിൽ, ഫാ. ജിൽസ് കാരിക്കുന്നേൽ എന്നിവർ നേതൃത്വം നൽകി.



ബഫർ സോൺ വിഷയത്തിൽ താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ കോഴിക്കോട് കലക്ടറേറ്റിലേക്ക് നടത്തിയ പ്രതിഷേധ മാർച്ച്



മലപ്പുറം കലക്ടറേറ്റിലേക്ക് നടത്തിയ പ്രതിഷേധ മാർച്ച്



അനുഗൃഹീത വിവാഹങ്ങൾ
m4marry.com the perfect matrimonial site.
Trusted by millions

m4marry.com
Where *families* find each other

Looking for a Life Partner? Call us: 9142161488 | 7012767453
Accessible across devices
www.m4marry.com | Register for free

SUCCESS Garten®
Freedom Through Language

# Garten OET

## Great OET results of 2022 (upto May only)

### Garten OET – MEDICINE



DR KARTHIKA R. ALAPPUZHA L-B, R-B, W-B, S-B
DR HABEEB REHMAN VADAKARA L-B, R-B, W-B, S-B
DR ALEX PAUL KARUVARAKUNDU L-B, R-B, W-B, S-B
DR NAVEEN PRAKASH P. K. CALICUT L-B, R-B, W-B, S-B

### Garten OET – PHARMACY



LIJO JOSEPH NILAMBUR L-B, R-B, W-B, S-B
MIDHUN MATHEW JACOB NILAMBUR L-B, R-B, W-B, S-B
ANUMOL THOMAS KOODARANJI L-B,R-B, W-B, S-B
RAMZEENA M. PALAKKAD L-B,R-B,W-B,S-B

### Garten OET – NURSING

#### Perfect B Club:



AMRUTHA M.BIJU KAKKADAMPOYIL L-B, R-B, W-B, S-B
RALDIN GEORGE VENAPPARA L-B, R-B, W-B, S-B
ANCHU T. THANKACHAN THIRUVAMBADY L-B, R-B, W-B, S-B
SOPHIA JANET MAVOOR L-B, R-B, W-B, S-B



ANCILIN MARIYA JOY VALILLAPUZHA L-B, R-B, W-B, S-B
SREELAYA PARAMESWARAN KADALUNDI L-B,R-B, W-B, S-B
ANSILA C.C PUDUPPADI L-B, R-B, W-B, S-B
ASHA ANNA ISSAC THIRUVAMBADY L-B, R-B, W-B, S-B



BIBISHA BABY ERNAKULAM L-A, R-A, W-B,S-B
STEFFY SAJU THIRUVAMBADY L-B, R-B, W-B, S-B
BINCY THOMAS KODENCHERY L-B,L-B,W-B,S-B
BLESSY ELIZABETH GEORGE THIRUVAMBADY L-B, R-B, W-B, S-B



SUSMITHA FRANCIS KOOMBARA L-B, R-B, W-B, S-B
DAYANA ANTONY CHERUKATTOR L-B, R-B, W-B, S-B
DONA SAMSON NILAMBUR L-B, R-B, W-B, S-B
LINTO CLARIS SAVIO THIRUVAMBADY L-B, R-B, W-B, S-B

#### UK Club



AKSHARA JOHN KALPETTA L-B,R-B, W-C+, S-B
AMALA JOHNEY VYTHIRI L-B, R-B,W-C+, S-B
ANJU ELIZABETH MANANTHAVADY L-B, R-B, W-C+, S-B
JEENA V. J. KAITHAPOYIL L-B, R-B, W-C+,S-B



JIBIN CLEMENT MANANTHAVADY L-B, R-B, W-C+, S-B
JINSHA SEBASTIAN VAZHIKADAV L-B, R-B, W-C+, S-B
SMITHU MARIA DOMINIC KANNUR L-B, R-B, W-C+, S-B
VIJIN T.V. VADAKARA L-B, R-B, W-C+, S-B

#### Ireland Club



AMRUTHA JOSHY ALAKODE L-B,R-C+,W-B,S-B
CHINJU BABY KOODERANJI L-B, R-C+, W-B, S-B
EISWARYA JOY KOOMBARA L-B, R-C+,W-B, S-B
STEPHY JOHNSON NILAMBUR L-B, R-C+, W-B, S-B

## Welcome to the perfect campus for OET learning!

**Come and feel it!**



*Official partner of*
idp | IELTS
BRITISH COUNCIL
CAMBRIDGE UNIVERSITY PRESS

# Success Garten®

12 Years of Linguistic Journey

Mathichiparambil Edifice, Thiruvambady. Mob : 9447814774, 8590038240



Director : **Chintu M. Raju**
[MFSc(CIFT), MBA(UGC-NET), MA English, PGDTRM]

Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, Calicut-12. Editor: Fr. Manoj Kollamparambil